3519

# അലോസരങ്ങളേ, അകലെ!

(Malayalam)

Alosarangale, Akale!

Everyday Psychology

By KALAVAMKODAM BALAKRISHNAN

First Published August 1972

PRINTED AT INDIA PRESS, KOTTAYAM

Price Rs. 2·50

Copyright:
Kalavamkodam Balakrishnan

Publishers:

Sahitya Pravarthaka Co-operative
Society Ltd., Kottayam, Kerala State, India

Sales Department:

NATIONAL BOOK STALL

KOTTAYAM - TRIVANDRUM - ERNAKULAM - TRICHUR
PALGHAT - CANNANORE - QUILON - KOZHIKODE

# അപലോസരങ്ങളേ, അകലെ!

(അനുദിനമനശ്ശാസ്ത്രം)

G. V. SMARAKA GRANDHASALA
Reg: No: 983
THENNOORKONAM
VIZHINJAM P.O.

കളവങ്കോടം ബാലകൃഷ്ണൻ

പ്രസാധകന്മാർ

സാഹിത്യപ്രവർത്തക സഹകരണസംഘം

നാഷനൽ ബുക്ക്സ്റ്റാൾ

കോട്ടയം

വില ക. 2·50

## കളവങ്കോടം ബാലകൃഷ്ണൻെറ കൃതികൾ

അലോരസങ്ങളേ, അകലെ!
ഓർമ്മകൾ
ചന്ദ്രനിലേക്കു്
അന്തിമിനുക്കം (തർജ്ജമ)

S2706 B1747 10/72–73 1–2000 MY 116

G. V. SMARAKA GRANDHASALA
Regd. No. ...
THENNOOR...
VIZHINJAM...

# പ്രസ്താവന

സാധാരണക്കാരെ മുമ്പിൽ കണ്ടുകൊണ്ട് ലളിതമായി എഴുതിയിട്ടുള്ള പുസ്തകമാണിതു്—അനുദിന മനശ്ശാസ്ത്രവിഭാഗത്തിൽപ്പെടുന്ന ഒന്നു്. അതിനാൽ സാങ്കേതികപദങ്ങൾ കഴിയുന്നിടത്തോളം ഒഴിവാക്കിയിട്ടുണ്ടു്.

ഇവിടെ ക്രോഡീകരിച്ചിട്ടുള്ള മിക്ക ഇനങ്ങളും തന്നെ 1962 കാലത്തു് എഴുതിയിട്ടുള്ളവയത്രേ. 'നിങ്ങളുടെ മാനസികപ്രശ്നങ്ങൾ' എന്ന ശീഷ്കത്തിൽ ഒരു മലയാളവാരികയിൽ പ്രസിദ്ധീകരിക്കപ്പെട്ടവയാണു് അവ. 'നീഷേ' എന്ന തൂലികാനാമത്തിലാണെന്നുമാത്രം. സത്യത്തിൽ, അതൊരു തൂലികാനാമമല്ല; എൻെറ സീമന്തപുത്രൻെറ പേരാണു്.

വ്യക്തിപരമായി മനശ്ശല്യമുണ്ടാക്കുന്ന പ്രശ്നങ്ങൾ വിവരിച്ചുകൊണ്ടു് ചിലർ അന്നു് എഴുതി അയയ്ക്കുമായിരുന്നു. അതിനു പോംവഴി നിർദ്ദേശിക്കുന്ന തരത്തിൽ ഉത്തരം നല്കുന്നതാണു് ഇതിൻെറ പ്രതിപാദനരീതി. അന്നെഴുതിയ ചെറുലേഖനങ്ങൾ അല്പസ്വല്പം ഭേദഗതികളോടും മിനുക്കുപണികളോടുംകൂടി പകർത്തുകയാണു് ഇവിടെ ചെയ്തിട്ടുള്ളതു്. മൂന്നുനാലു് ഇനങ്ങൾ കൂട്ടിച്ചേർത്തിട്ടുമുണ്ടു്.

ഇതിൽ നിർദ്ദേശിച്ചിട്ടുള്ള പോംവഴികൾ തങ്ങളുടെ ജീവിതത്തിൽ പ്രയോജനപ്രദമായി അനുഭവപ്പെട്ടിട്ടുണ്ടെന്നു പലരും അന്നു് അഭിനന്ദനപൂർവ്വം എഴുതി അറിയിച്ചിരുന്ന കാര്യം ഈ വാക്കുകൾ കുറിക്കുമ്പോൾ ഓർമ്മയിൽ തെളിഞ്ഞുവരുന്നുണ്ടു്.

വയലാർ ഈസ്റ്റ്,
ചേർത്തല, 7–12–1971

കളവങ്കോടം ബാലകൃഷ്ണൻ

G. V. SMARAKA GRANDHASALA
Reg: No:
THENNOORKONAM
VIZHINJAM (P.O)

## ഉള്ളടക്കം

| | | |
|---|---|---|
| 1 | മാറാത്ത മഹാരോഗം? | 9 |
| 2 | സഹതാപമധുരമായ സമീപനം | 16 |
| 3 | പ്രത്യേകമായ പ്രതിപത്തി | 20 |
| 4 | ഈർഷ്യാകാലുഷ്യം | 24 |
| 5 | ദ്വിമുഖശൃംഖല | 29 |
| 6 | പാപത്തിൻെറ പൈശാചികസന്തതികൾ! | 34 |
| 7 | ചെറിയവയിൽനിന്നു് വലിയവയിലേക്കു് | 40 |
| 8 | സ്വയമേവാഗതാ വരാ | 45 |
| 9 | ചിരിയും മറുചിരിയും | 49 |
| 10 | പലഹാരവും സ്നേഹവും | 53 |
| 11 | ഇടസ്സിടെയുള്ള നാരങ്ങാക്കറി | 59 |
| 12 | ബുദ്ധിപൂർവ്വമായ വിതരണം | 64 |
| 13 | കൊലപാതകങ്ങളും കൊലപാതകകഥകളും | 67 |
| 14 | ശിക്ഷയുടെ ധർമ്മം | 73 |
| 15 | ഒരു ശൈശവദുശ്ശീലം | 78 |
| 16 | നിദ്രാഭംഗം | 81 |
| 17 | ഓർമ്മക്കുറവു് | 87 |
| 18 | രമണൻെറ രമണീയത | 92 |
| 19 | മദിരാദാസ്യം | 96 |

G. V. BHASKA...
Res...
THENMOC...
VIZHI...

# 1. മാറാത്ത മഹാരോഗം?

## പ്രശ്നം

എന്റെ മൂത്തമകന്നു് ഇപ്പോൾ പതിനാറു വയസ്സു കഴിഞ്ഞു. അവന്നു് ഒരു മഹാരോഗം പിടിപെട്ടിട്ടു് കുറേക്കാലമായി. രാത്രിതോറും രണ്ടുനേരംവീതം ഉറക്കത്തിൽ അറിയാതെ മൂത്രമൊഴിക്കും. അനേകം വിദഗ്ദ്ധഡോക്ടറന്മാർ ചികിത്സിച്ചു. ധാരാളം പണവും ആ വഴിക്കു് ചെലവായി. ഒരു വിശേഷവുമില്ല. കാലംചെല്ലുന്തോറും അവൻ ക്ഷീണിച്ചുക്ഷീണിച്ചുവരുന്നു. ഉത്സാഹമെല്ലാം പൊയ്പ്പോയി. ക്രമേണ അവന്റെ ബുദ്ധിശക്തിയും കുറഞ്ഞുവരുന്നു. ഭാവിയെക്കുറിച്ചുള്ള എന്റെ എല്ലാ സങ്കല്പങ്ങളുടെയും അടിത്തറയാണു് അവൻ. അവനെ വിഴുങ്ങിക്കൊണ്ടിരിക്കുന്ന ഈ രോഗം എന്നെ വല്ലാതെ പരിഭ്രാന്തനാക്കുന്നു. ദയചെയ്തു്, എന്തെങ്കിലും ഒരു പോംവഴി പറഞ്ഞുതരുമോ?

## പോംവഴി

മൂത്രവിസർജ്ജനം ചെയ്യുന്നതു് ഒരു രോഗമാണെന്നു് ആരു പറഞ്ഞു? അതൊരു മഹാരോഗമാണെന്ന ധാരണ നിങ്ങൾക്കെങ്ങനെയുണ്ടായി? അത്ഭുതമെന്നേ പറയേണ്ടു! അത്ഭുതകരമായ ആ അബദ്ധധാരണയും

പേറിക്കൊണ്ടു് വിദഗ്ദ്ധന്മാരായ ഏതാനും ഡോക്ടറന്മാരെ നിങ്ങൾ അഭയംപ്രാപിച്ചും കഴിഞ്ഞു. നിങ്ങൾക്കു് അഭയംതരാൻ അവരിലാർക്കും കഴിഞ്ഞില്ല. മറിച്ചു്, നിങ്ങളുടെ ഭയത്തിനു് ഈട്ടംകൂട്ടുകയേ ഉണ്ടായുള്ളൂ. ഒടുവിൽ, ഇതു് ഒരു മാറാരോഗമാണെന്ന നിസ്സഹായതാബോധം നിങ്ങളിൽ വേരുറയ്ക്കുകയും ചെയ്തു. ഇനിയും നിങ്ങൾ ഇക്കാര്യത്തിനായി ഡോക്ടറന്മാരെ സമീപിക്കരുതു്. അവർ ഈ ധാരണയെ കുറേക്കൂടി ബലപ്പെടുത്തുകയേ ഉള്ളൂ. അവരെ കുററംപറഞ്ഞിട്ടു കാര്യമില്ല. ഈ പതിവു് നിറുത്തിത്തരാനാണു് നിങ്ങൾ അവരോടു് അപേക്ഷിച്ചതു്. അപേക്ഷിക്കുന്നവരെ ഉപേക്ഷിക്കാമോ? രോഗമാണെന്ന സങ്കല്പത്തിലല്ലാതെ അവർക്കു് അക്കാര്യത്തിൽ ശ്രമിക്കാൻ പററില്ല. ആ സങ്കല്പത്തിലാണല്ലോ നിങ്ങൾ അവരെ തേടിയെത്തിയതും? ഡോക്ടറിൽനിന്നു പ്രതീക്ഷിക്കുന്നതും, അദ്ദേഹത്തിനു നല്കാൻ കഴിയുന്നതും ചികിത്സയല്ലാതെ മറെറന്താണു്?

നിങ്ങളുടെ മകനെയും, മകനെക്കുറിച്ചുള്ള ഉൽക്കണ്ഠകളെയും, ഇക്കാര്യത്തിലുണ്ടായിട്ടുള്ള മനഃപ്രയാസങ്ങളെയും മാററിനിറുത്തിക്കൊണ്ടു്, ഒരുനിമിഷം നിങ്ങൾ മൂത്രവിസർജ്ജനത്തെക്കുറിച്ചു് ഒന്നു ചിന്തിക്കൂ. ഒരിക്കലും, ഒരു കാരണവശാലും, അതു് രോഗമേയല്ലെന്നു് ഉടനേ നിങ്ങൾക്കു കാണാൻ കഴിയും. അതു് കേവലം ഒരു ശാരീരികാവശ്യമാണു്. തടഞ്ഞുനിറുത്തരുതെന്നു് വൈദ്യശാസ്ത്രം അനുശാസിക്കുന്ന പതിന്നാലു ശാരീരികവേഗങ്ങളിലൊന്നു്. മൂത്രമൊഴിക്കാൻ സാധിക്കുന്നില്ലെന്നിരിക്കട്ടെ. അതാണു തകരാറു്. മലമൂത്രാദികൾ ശരീരത്തിലെ വിസർജ്ജനവസ്തുക്കളല്ലേ? അവയെ പുറത്തേക്കു തള്ളിക്കളയുകതന്നെ വേണം. എന്നാൽ മാത്രമേ, ശരീര

ത്തിനുള്ളിലെ പല പ്രവൎത്തനങ്ങളും മുറയ്ക്കു നടക്കും. അല്ലെങ്കിൽ, പലവിധത്തിലുമുള്ള അസുഖങ്ങൾ ഉളവാകും.

നിങ്ങളുടെ മൂത്തമകൻ ഉറക്കത്തിൽ രണ്ടുതവണ പതിവായി മൂത്രവിസൎജ്ജനം നടത്തുന്നു. ഉറക്കത്തിൽ നിന്നു് എണീററു് അതു നിൎവ്വഹിച്ചിരുന്നെങ്കിൽ, അതൊരു ക്രമവിരോധമാകുമായിരുന്നോ? അപ്പോൾ, ഉറക്കത്തിൽ അറിയാതെ മൂത്രമൊഴിച്ചുപോകുന്നു എന്ന വസ്തുതയാണു് തെററിദ്ധാരണകൾക്കെല്ലാം കാരണം. ഒന്നോൎത്തുനോക്കു, കുട്ടികളും മുതിൎന്നവരുമൊക്കെ ഉറക്കത്തിൽക്കിടന്നുകൊണ്ടു് എന്തെല്ലാം ചെയ്യുന്നുണ്ടു്? അതൊക്കെ അവരവർ അറിയുന്നുണ്ടോ? ഉറങ്ങിക്കിടന്നുകൊണ്ടു് നമ്മിൽ എല്ലാവരുംതന്നെ കൊതുകിനെ അടിക്കുന്നു; ദേഹം ചൊറിയുന്നു; തല മാന്തുന്നു; പായിൽ ചുരുളുന്നു; തിരിഞ്ഞും മറിഞ്ഞും കിടക്കുന്നു; മൂക്കു തിരുമ്മുന്നു—അങ്ങനെ എന്തെന്തെല്ലാം! അതൊക്കെ എല്ലാ രാത്രികളിലുംതന്നെ നാം ആവൎത്തിക്കുന്നുണ്ടാവാം. മഹാരോഗങ്ങളാണോ ആ വകയൊക്കെ? ഉറക്കത്തിനിടയിൽ നമ്മുടെ ചേഷ്ടകൾ പലതും നാം അറിയുന്നില്ലെന്നേയുള്ളു. അതു് സ്വാഭാവികം മാത്രമാണു്. അതിൽ സംശയിക്കാനും ഭയപ്പെടാനും ഒന്നുമില്ല. അക്കൂട്ടത്തിലൊന്നാണു്, ഈ കുട്ടിയുടെ മൂത്രവിസൎജ്ജനപരിപാടിയും.

ഏററവും കഷ്ടമായിപ്പോയതു്, നിങ്ങളുടെ പ്രബലമായ ഈ അബദ്ധധാരണ ആ ബാലനിലേക്കുകൂടി പകൎന്നതാണു്. അതിഭയങ്കരമായ ഏതോ അസാദ്ധ്യരോഗത്തിനു് താൻ അടിപെട്ടുപോയെന്നു് അവൻ നിരാശപ്പെട്ടുന്നുണ്ടായിരിക്കണം. അസാധാരണവും അത്യ

പൂർവ്വവുമാണ് ഈ രോഗമെന്നും അവൻ ധരിച്ചുവശാ യിട്ടുണ്ടാവും. ലജ്ജാവഹവും ജുഗുപ്സാജനകവും അപ ഹാസ്യവുമായ ഇത്തരമൊരു മഹാരോഗം മററാക്കെങ്കി ലും ഉണ്ടായതായി അവന്ന് കേട്ടുകേൾവിപോലുമില്ല. വല്ലാത്ത മനോവേദനയാണ് അവൻ അനുഭവിക്കുന്ന തു്! നീറിനീറിപ്പിടിക്കുന്ന നിരാശ! പ്രത്യേകിച്ച്, അ ഭിമാനബോധവും ഒരളവിൽ ദുരഭിമാനബോധവും തോ ന്നുന്ന പ്രായവുമാണിതു്. ആ വിശ്വാസം അവൻ്റെ മന സ്സിനെ മുച്ചൂട്ടും തളർത്തിക്കളഞ്ഞു. വിദഗ്ദ്ധഡോക്ടറന്മാ രുടെ തുടരെത്തുടരെയുള്ള പരാജയം അവൻെറ വിശ്വാ സത്തെ അധികമധികം ദൃഢമൂലമാക്കുകയും മനസ്സിനെ അടിക്കടി ക്ഷീണിപ്പിക്കുകയും ചെയ്തു. തന്നെ മററുള്ള വർ പരിഹാസത്തോടെയാണ് വിമർശിക്കുകയും വീക്ഷി ക്കുകയും ചെയ്യുന്നതെന്ന് അവൻ ശങ്കിച്ചു. മനസ്സിൻെറ ക്ഷീണമാണ്, വഴിക്കുവഴി ശരീരത്തിലേക്കും സംക്രമി ച്ചതു്. ഉത്സാഹത്തെ തല്ലിക്കെടുത്തിയതും ഈ വിചാര വികാരങ്ങൾതന്നെ. ഇത്തരം വിചാരവികാരങ്ങൾ അ തിൻ്റെ ആയിരമായിരം മുൾച്ചക്രങ്ങളോട്ടുകൂടി മനസ്സിൽ ക്കിടന്നു് സദാപി കെട്ടിമറിഞ്ഞുകൊണ്ടിരുന്നാൽ, മററു കാര്യങ്ങളിൽ ശ്രദ്ധചെലുത്താൻ കഴിയുമോ? ആ കഴിവില്ലായ്മയാണ് ബുദ്ധിമാന്ദ്യമായി നിങ്ങൾ വ്യാ ഖ്യാനിക്കുന്നതു്.

ഒന്നാമതു്, ഇതൊരു മഹാരോഗമാണെന്ന വി ശ്വാസം നിങ്ങൾ പാടേ പരിത്യജിക്കുകയാണാവശ്യം. മകൻെറ മനസ്സിൽ തലങ്ങും വിലങ്ങും വേരുവീശി നി ല്ക്കുന്ന ആ വിശ്വാസം കഴിയുംവേഗം പറിച്ചുനീക്കുകയും വേണം. വീട്ടുകാരും നാട്ടുകാരും ഇക്കാലമത്രയും സ്പഷ്ടമാ യി പ്രദർശിപ്പിച്ചുപോന്ന സഹതാപവും അനുകമ്പയും

ഇനിമേൽ പ്രകാശിപ്പിച്ചുകൂടാ. ഇക്കാര്യം ഓക്കുകയോ ഓർമ്മിപ്പിക്കുകയോ ചെയ്യാത്തരീതിയിൽ വേണം പെരുമാററങ്ങൾ. ഇക്കാര്യംകൊണ്ടാണു് താൻ ശ്രദ്ധേയനും സഹതാപാഹ്നും ആയിത്തീരുന്നതെന്ന നില അവസാനിപ്പിച്ചേ തീരൂ. മററു കുട്ടികളോടെന്നപോലെ സാധാരണരീതിയിൽത്തന്നെ ഈ കുട്ടിയോടും പെരുമാറണം. ഗുരുജനങ്ങളുടെ സഹതാപത്തിൽ മാത്രം സുരക്ഷിതത്വം തേടുന്ന ഒരു ദുബ്ബലനായി മാററരുതു് അവൻ.

ഒരു രാത്രി നിങ്ങൾ, കുട്ടിയറിയാതെതന്നെ, ഉറക്കമിളച്ചു കാത്തിരിക്കുക. മൂത്രവിസജ്ജനം നടത്തുന്ന സമയങ്ങൾ ഏറിയകൂറും ഒന്നുതന്നെയായിരിക്കും. ആ സമയം നിങ്ങൾ നിജപ്പെടുത്തണം. ഉദാഹരണത്തിനു്, രാത്രി പന്ത്രണ്ടുമണിക്കും മൂന്നു മണിക്കും ആണു് ഈ പതിവെന്നിരിക്കട്ടെ. പിറേറന്നു രാത്രി, നിങ്ങൾ പതിനൊന്നേമുക്കാൽ മണിക്കുതന്നെ എഴുന്നേററു് കുട്ടിയെ ഉറക്കമുണത്തുക. കുട്ടിയുമായി സംസാരിച്ചോ, ഏതെങ്കിലും പ്രവൃത്തിയിൽ ഏപ്പെട്ടോ കാൽമണിക്കൂറോളം കഴിച്ചുകൂട്ടണം. അതിനിടയിൽ, പതിവുപോലെ പന്ത്രണ്ടു മണിക്കു് കുട്ടി മൂത്രം വിസജ്ജിക്കുമല്ലോ. ഉണച്ചയിൽ, അറിഞ്ഞുകൊണ്ടാണെന്ന വ്യത്യാസം മാത്രം. ഉണന്നിരിക്കുമ്പോൾ, അറിഞ്ഞുകൊണ്ടല്ലേ മൂത്രമൊഴിക്കാൻ സാധിക്കൂ? വീണ്ടും രണ്ടേമുക്കാൽ മണിക്കു് എണീററു്, മൂന്നുമണിക്കു് കുട്ടി ബോധത്തോടുകൂടി മൂത്രമൊഴിക്കുന്നതുവരെ ഇതേ പരിപാടി നടപ്പാക്കുക. പത്തോപതിനഞ്ചോ രാത്രികളിൽ ഇതുപോലെ ചെയ്യുന്നപക്ഷം, പിന്നീടു നിങ്ങളുടെ സഹായംകൂടാതെതന്നെ കുട്ടി പന്ത്രണ്ടുമണിക്കും മൂന്നുമണിക്കും എണീററു് അറി

വോടെ മൂത്രമൊഴിക്കാൻ തുടങ്ങും. കാലക്രമേണ സമയത്തിനു വ്യത്യാസംവരുത്തുകയോ, രാത്രിയിൽ മൂത്രമൊഴിക്കുന്ന സ്വഭാവത്തിനുതന്നെ അറുതിവരുത്തുകയോ ചെയ്യാൻ കഴിയും. എത്ര വലിയൊരു തെററിദ്ധാരണയുടെ നീരാളിപ്പിടുത്തത്തിലാണ് താൻ തളന്നു മയങ്ങിക്കിടന്നിരുന്നതെന്നു നിങ്ങൾക്ക് അചിരേണ ബോദ്ധ്യപ്പെടാതിരിക്കയില്ല. കൂട്ടത്തിൽ, കുട്ടിക്ക് നല്ല വിശപ്പുണ്ടാകുന്നതിനു വേണ്ടി ഒന്നാംതരം ടോണിക്കുകളും പോഷകങ്ങളടങ്ങിയ ആഹാരവും കൊടുക്കാൻ ശ്രദ്ധിക്കണം. വളരെ വേഗം കുട്ടിയുടെ ശരീരത്തിനും മനസ്സിനും പ്രായത്തിനൊത്ത വളർച്ചയും ഓജസ്സും ലഭിക്കും.

ഇടയ്ക്കൊരു കാര്യംകൂടി ചോദിച്ചുകൊള്ളട്ടെ: കുട്ടിയുടെ അമ്മ എവിടെയാണ്? എൻെറ ഊഹം ശരിയാണെങ്കിൽ, അമ്മ കുട്ടിയുടെ അടുക്കലില്ല. ഒന്നുകിൽ മരിച്ചിരിക്കാം; അല്ലെങ്കിൽ വിവാഹമോചനം തേടിയിരിക്കാം; അതുമല്ലെങ്കിൽ തികച്ചും സാധാരണമായ കാരണത്താൽ കുട്ടിയിൽനിന്നു വേർപിരിഞ്ഞു കഴിയുകയാവാം—അടുത്ത പ്രസവത്തിനോ മാതൃഗൃഹത്തിൽ വിരുന്നു പോയിട്ടോ മറേറാ. കാരണം എന്തുതന്നെ ആയാലും, അമ്മയുടെ സ്നേഹവാത്സല്യപരിചരണപരിലാളനാദികൾ കുട്ടിക്കു കിട്ടുന്നുണ്ടാവില്ല. ആ വിടവു നികത്താൻ പിതാവെന്നനിലക്കു താങ്കൾ ശ്രദ്ധിക്കുന്നില്ലായിരിക്കാം; ശ്രമിച്ചിട്ടു ഫലിക്കുന്നില്ലെന്നുംവരാം. മാതാവിനു പകരമാവില്ലല്ലോ ഒരിക്കലും പിതാവ്! മാതാവിൻെറയല്ലെങ്കിൽ, മാതൃനിർവ്വിശേഷമെങ്കിലുമായ, സ്നേഹവാത്സല്യങ്ങളും ലാളനങ്ങളും ശുശ്രൂഷകളും നേടിയെടുക്കുന്നതിനു കുട്ടിയുടെ മനസ്സു നടത്തുന്ന സമരമാർഗ്ഗവുമാവാം ഇതു്.

അവശനോട്ട കാണിക്കുന്ന അനുകമ്പയ്ക്കു പകരം, നിങ്ങൾ നിങ്ങളുടെ സീമന്തപുത്രന് നൈസർഗ്ഗികവും ഊർജ്ജസ്വലവുമായ സ്നേഹവാത്സല്യങ്ങൾ നിർല്ലോപമായി നല്കുക. അവൻെറ ദേഹത്തിനും ദേഹിക്കും അതു് അത്യന്തം ഉജ്ജീവകവും പോഷകവുമായിരിക്കും; തീർച്ച.

## 2. സഹതാപമധുരമായ സമീപനം

### പ്രശ്നം

എൻെറ ക്ലാസ്സിലെ ഒരു വാദ്യാത്ഥി, വായിക്കു മ്പോൾ വലിയ ഗോഷ്ഠികൾ കാണിക്കുക പതിവാണ്. ഇതു കാണുമ്പോൾ മററു കുട്ടികൾ ചിരിതുടങ്ങും. ചിരിയോടുകൂടി ഗോഷ്ഠി വദ്ധിക്കുകയായി! ഗോഷ്ഠി കാണിക്കുന്ന കുട്ടിയെ ശിക്ഷിച്ചുനോക്കി. കൂട്ടടങ്കം ചിരിക്കുന്ന വിദ്യാത്ഥികളെ ശകാരിച്ചും നോക്കി. എന്തു പ്രയോജനം? ഒരു തരത്തിലും ക്ലാസ്സു നിയന്ത്രിക്കാൻ സാധിക്കുന്നില്ല. എന്താണു ചെയ്യുക?

### പോംവഴി

വായിക്കുന്ന അവസരങ്ങളിലെല്ലാം ഈ കുട്ടി ഇത്തരം ഗോഷ്ഠികൾ കാണിക്കാറുണ്ടോ? എങ്കിൽ, അതൊരുതരം സിരാരോഗമായിരിക്കണം. ശിക്ഷകൊണ്ടും ശാസനകൾകൊണ്ടും അതു് വിട്ടുമാറുകയില്ല. ഹിസ്റ്റീരിയാരോഗത്തെപ്പററി കേട്ടിട്ടില്ലേ? ആ താവഴിയിലുള്ള ഒരു സുഖക്കേടായിരിക്കണം ഇതു്. അറിഞ്ഞുകൊണ്ടുണ്ടാക്കുന്നതല്ല ഈ ഗോഷ്ഠികൾ. താൻ ഗോഷ്ഠി കാണിക്കുന്നെന്നു കുട്ടി അല്പംപോലും ശങ്കിക്കുന്നുണ്ടാവില്ല. മനസ്സിന്റെ ഒരുതരം പ്രതികരണം ശരീരത്തിൻെറ ചേഷ്ടാവിശേഷമായി രൂപാന്തരപ്പെടുന്നതാണതു്.

ഈ വിദ്യാത്ഥിക്കു് ലോലവും ചപലവുമായ ഒരു മനസ്സാണുള്ളതു്. ആൾക്കൂട്ടത്തിൽ വച്ചു സാധാരണരീതിയിൽ പെരുമാറാൻ ഈ കുട്ടിക്കു കഴിയുകയില്ല. താൻ

സമൂഹമെന്ന ഭയങ്കരസത്വത്തെയാണു നേരിടുന്നതു്; എല്ലാവരും തന്നെത്തന്നെ നിരൂപണവ്യഗ്രതയോടെ ശ്രദ്ധിക്കുന്നു; എല്ലാവരുടെയും നോട്ടങ്ങൾ, ചുററും പരസ്സഹസ്രം കുന്തമുനകൾ നീട്ടിനില്ക്കുകയാണു്; കുററങ്ങളും കുറവുകളും എണ്ണിയെണ്ണി പരിഹസിക്കപ്പെട്ടും—ഈ യൊരു വിചാരഗതി ആ കുട്ടിയെ വല്ലാതെ ബാധിക്കുന്നു. ഏററവും നന്നായി പെരുമാറണമെന്നാണു് ആ കുട്ടിയുടെ ആഗ്രഹം. യാതൊരു പിഴയും പിണയരുതെന്ന കലശലായ കരുതലുമുണ്ടു്. പക്ഷേ, ആവക ശ്രദ്ധകളെല്ലാം സമൂഹമദ്ധ്യത്തിലെത്തുമ്പോൾ നിശ്ശേഷം നീരാവിയായിപ്പോകും. 'ഒന്നുകിൽ, ആശാൻെറ നെഞ്ചത്തു്; അല്ലെങ്കിൽ, കളരിക്കു പുറത്തു്' എന്നൊരു പഴഞ്ചൊല്ലുണ്ടല്ലോ. അതു് ഈ കുട്ടിയെസ്സംബന്ധിച്ചിടത്തോളം അക്ഷരംപ്രതി അന്വർത്ഥമായിത്തീരും. ഒന്നുകിൽ, അത്യാകാംക്ഷ കാരണം ആജ്ഞകൾ ധിക്കരിക്കപ്പെട്ടും. അല്ലെങ്കിൽ, ഗോഷ്ഠി ശതഗുണീഭവിക്കും!

ഏതായാലും കുറേ നാളത്തേക്കു് ഈ കുട്ടിയെക്കൊണ്ടു് ക്ലാസ്സിൽ വായിപ്പിക്കുകയും മററും ചെയ്യാതിരിക്കുന്നതാണു നല്ലതു്. വായിപ്പിക്കുകയാണെങ്കിൽ, ഗോഷ്ഠി കാരണം കൂട്ടത്തൽതവണ അപഹസിക്കപ്പെടുകയാവും ഫലം. ആ കൂട്ടച്ചിരിയുടെ പ്രവാഹത്തിൽ അദ്ധ്യാപകനായ നിങ്ങളും അകപ്പെട്ടുപോയേക്കാൻ മതി. രോഗം മൂർച്ഛിക്കുകയേയുള്ളൂ. പരിഹാസത്തിൻെറ ആക്രമണത്തിൽനിന്നു് ആ കുട്ടിയെ രക്ഷപ്പെടുത്തുവാൻ ബാദ്ധ്യസ്ഥനായ നിങ്ങൾകൂടി, പരിഹാസത്തിൽ പങ്കുചേരുന്നതായിക്കണ്ടാലോ? ഒരുതരം അരക്ഷിതബോധം ആ കുട്ടിയെ വലയംചെയ്യും. സ്ഥിതിഗതികൾ ആകെ ഗുരുതരവും വഷളുമായിത്തീരാം.

ഒഴിവാകുന്നുവെന്നു് തോന്നാത്തവിധം പ്രസ്തുത ബാലനെ, വായന മുതലായ വ്യക്തിപ്രകടനങ്ങളിൽ നിന്നു് ഒഴിച്ചുനിറുത്തുക. അതേസമയം, ആ കുട്ടിയുമായി നിങ്ങൾ ക്രമേണ വ്യക്തിപരമായ ഉററബന്ധം സ്ഥാപിക്കണം. ആ ബന്ധം തികച്ചും സ്വാഭാവികമായി ആരംഭിച്ചു്, സാവധാനത്തിൽ സുദൃഢമായിത്തീരട്ടെ. ഒരേ സമയംതന്നെ അദ്ധ്യാപകനും രക്ഷാകർത്താവും അഭ്യുദയകാംക്ഷിയും സുഹൃത്തുമായി നിങ്ങൾ ആ കുട്ടിയുടെ മുൻപിൽ പ്രത്യക്ഷപ്പെടുക.

നിങ്ങൾ ഏതു കുററവും ക്ഷമിക്കും; ദൗർബ്ബല്യങ്ങളെ വിമർശിക്കുകയോ പരിഹസിക്കുകയോ ഇല്ല—എന്നൊരു വിശ്വാസം അയാളിൽ ഉളവാക്കണം. രക്ഷാകർത്താവിനെ കണ്ടു സംസാരിക്കുന്നതും നന്നു്. വിമർശനത്തിനും പരിഹാസത്തിനും ഇടയാക്കുന്ന സാഹചര്യങ്ങളിൽനിന്നു കുറേക്കാലത്തേക്കു് ഒഴിച്ചുനിറുത്താൻ അദ്ദേഹത്തോടും ഉപദേശിക്കണം. കുട്ടിയോടു കൂടുതൽ സ്നേഹം പ്രകടിപ്പിക്കാനും, കുട്ടിയിൽ കൂടുതൽ സുരക്ഷിതബോധം ഉദ്ദീപിപ്പിക്കാനും, സത്യത്തിൽ രക്ഷാകർത്താക്കളാണു് കൂടുതൽ ശ്രദ്ധിക്കേണ്ടതു്. എന്തുകൊണ്ടെന്നാൽ ഇത്തരം വൈകൃതങ്ങൾ ജനിക്കുന്നതു്, കുട്ടി കൂടുതൽ ശ്രദ്ധയ്ക്കും സ്നേഹത്തിനുംവേണ്ടി ദാഹംകൊള്ളുമ്പോഴത്രേ. ഉദാഹരണത്തിനു പുതിയൊരു കുട്ടി പിറന്നപ്പോൾ, സ്നേഹവും ശ്രദ്ധയും ആ വഴിക്കു് ഒഴുകുന്നതായി ആശങ്കിക്കുന്ന ഒരു കുട്ടിക്കു് ഈമാതിരി വൈകൃതം വന്നുചേരാം. അശ്രദ്ധയിൽ മുക്കററം മുങ്ങിപ്പോകുന്ന ഒരുവനു്, വൈകൃതത്തിലൂടെ ശ്രദ്ധ പിടിച്ചുപററാമല്ലോ. ഇക്കാര്യങ്ങൾ വിശദമായി രക്ഷാകർത്താക്കളെ ധരിപ്പിക്കണം.

എന്നിട്ടു് അചിരേണ കാര്യത്തോടു് അടുക്കാം.

കുട്ടിക്കു താൽപര്യംതോന്നുന്ന ഏതാനും വിഷയങ്ങൾ സ്വച്ഛന്ദസംഭാഷണത്തിലൂടെ കണ്ടുപിടിക്കണം. ആ വിഷയത്തെക്കുറിച്ചുള്ള ലേഖനങ്ങളോ കഥകളോ നിങ്ങൾ ആ കുട്ടിയെ വായിച്ചുകേൾപ്പിക്കുക. ആ സമയത്തു നിങ്ങളും കുട്ടിയും മാത്രമേ ഉണ്ടായിരിക്കാവൂ. കുട്ടി നിങ്ങളുടെ മുഖത്തുതന്നെ നോക്കിയിരുന്നു വായന ശ്രദ്ധിക്കട്ടെ. സ്വാഭാവികമായ വായനയുടെ മാതൃക കുട്ടിയുടെ മനസ്സിൽ തെളിവോടെ പതിയുന്നതിനു് ഈ വായന ഉതകുകതന്നെ ചെയ്യും.

അനായാസമായി എഴുതാൻകഴിയുന്ന ഏതെങ്കിലും വിഷയത്തെക്കുറിച്ചു് ഒരു വിവരണമോ ഉപന്യാസമോ കുട്ടിയെക്കൊണ്ടു തയ്യാറാക്കിക്കണം. നിങ്ങളും കുട്ടിയും മാത്രമുള്ള സമയത്തു് അതു വായിപ്പിക്കുക. വായനയെയും രചനയെയും നിങ്ങൾ അഭിനന്ദിക്കണം. മറ്റൊരവസരത്തിൽ, നിങ്ങൾ കുട്ടിയുടെ വായന ശ്രദ്ധിച്ചുകൊണ്ടിരിക്കവേ, മറ്റാരെങ്കിലും രണ്ടുമൂന്നുപേർ അങ്ങോട്ടു കടന്നുവരാൻ ഏർപ്പാടുചെയ്യുക.

ഈ രീതിയിൽ കുട്ടിയുടെ ഗോഷ്ഠി മാറ്റിത്തീർക്കാൻ കഴിയും. കുറേക്കാലത്തേക്കു കുട്ടിയെക്കൊണ്ടു ക്ലാസ്സിൽ വച്ചു പരസ്യമായി വായിപ്പിക്കേണ്ട. കുറേ കഴിയുമ്പോൾ, ക്ലാസ്സിനു മുൻപോ പിൻപോ ക്ലാസ്സുമുറിയിൽ വച്ചുതന്നെ കുട്ടിയെക്കൊണ്ടു വായിപ്പിക്കാം. പിന്നീടു്, ക്ലാസ്സുസമയങ്ങളിൽ നിസ്സാരങ്ങളായ ചെറുചോദ്യങ്ങൾ കുട്ടിയോടു ചോദിച്ചുനോക്കുക. കുട്ടിയുടെ ഗോഷ്ഠിയെക്കുറിച്ചു് മററു വിദ്യാർത്ഥികൾ മറക്കുകയും കുട്ടിയുടെ ഗോഷ്ഠി മാറുകയും ചെയ്തുവെന്നു് ബോദ്ധ്യംവരുന്നഘട്ടത്തിൽ, അല്പാല്പം വായിപ്പിച്ചുതുടങ്ങാം.

## 3. പ്രത്യേകമായ പ്രതിപത്തി

പ്രശ്നം

മാതാവിനും പിതാവിനും, മക്കളിൽ ചിലരോടു പ്രത്യേകമായ മമത ഉള്ളതായിത്തോന്നുന്നുണ്ട്. ആ തോന്നൽ ശരിയാണോ? എങ്കിൽ, കാരണമെന്ത്?

ഉത്തരം

മാതാപിതാക്കന്മാർക്ക് സ്വസന്താനങ്ങളോടു സമമായ സ്നേഹവാത്സല്യങ്ങളാണുള്ളത്. അതങ്ങനെയാവാനല്ലേ വഴിയുള്ളു? ഓരോ കുട്ടിയും അവരവരുടെ വക ആഹ്ലാദവും കൗതുകവും കൊണ്ടാണു വരിക. എല്ലാവരും മാതാപിതാക്കന്മാരുടെ ഒരേതരം ക്ലേശങ്ങളിലൂടെയും ത്യാഗങ്ങളിലൂടെയും ചുമതലകളിലൂടെയുമാണ് വളരുന്നതും. ആ നിലയ്ക്ക് തുല്യമായ സ്നേഹത്തിനു പാത്രമാണ് അവരേവരും. സാരമായ ഏററക്കുറവൊന്നും അക്കാര്യത്തിൽ കാണാനിടയില്ല.

എന്നാൽത്തന്നെ, ഏതെങ്കിലും സന്താനത്തോടു പ്രത്യേകം പ്രിയം തോന്നാൻവയ്യാതില്ലയില്ല. പിതാവിനു സാധാരണഗതിയിൽ ഏററവും മൂത്ത സന്താനത്തോടു കൂടുതൽ പ്രതിപത്തി ഉണ്ടാവാം. തന്റെ പിതൃത്വശക്തിയുടെ ആദ്യവിളംബരമാണല്ലോ ആ സന്താനം. അതിൻെറ ജനനത്തോടുകൂടിയാണല്ലോ, കേവലം ഒരു സൃഷ്ടി മാത്രമായിരുന്ന താൻ ഒരു സ്രഷ്ടാവായി ഉയർന്നതു്. ആ കുഞ്ഞിനെ ഗർഭംധരിച്ചുവെന്ന മന്ദ്രമധുരമായ മന്ത്രണം ചെവിയിലൂടെ അന്തരംഗത്തിൻെറ അന്തരാളത്തോളം

അനുരണനങ്ങൾ ഉണർത്തിവിടുകയുണ്ടായില്ലേ? ആദ്യമായി അതിനെ കണ്ടപ്പോഴും, ലാളിച്ചപ്പോഴും, കഷ്ടപ്പെട്ടു വളർത്തിക്കൊണ്ടുവന്നപ്പോഴും തൻെറ മനസ്സിൽ ഉയൎന്നു വന്ന അഭിമാനസമന്വിതമായ ആനന്ദാതിരേകം ഒരു പിതാവിനും വിസ്മരിക്കുക ശക്യമല്ല.

മാതാവിനാകട്ടെ ഏററിയകൂറും തൻെറ ഏററവും ഇളയ സന്താനത്തോടായിരിക്കും സവിശേഷപ്രതിപത്തി. പ്രസവവേദനകൊണ്ടുതന്നെ പുതിയ പുതിയ സന്താനങ്ങൾ അമ്മയ്ക്കു് അധികമധികം ശ്രദ്ധേയരായിത്തീരുമല്ലോ. ആദ്യത്തെ സന്താനംമുതൽ കീഴോട്ടിറങ്ങിയിറങ്ങിപ്പോന്ന വാത്സല്യപ്രവാഹം അന്ത്യസന്താനത്തിൽവന്നു തടഞ്ഞുനിന്നുപോകുകയായിരിക്കുമോ?— അണക്കെട്ടിൽ വന്നുമുട്ടി, തളംകെട്ടിക്കിടക്കുന്ന അരുവിപോലെ?

പിതാവിനു്, തൻെറ ഏററവും മൂത്ത ആൺസന്താനത്തോടു് കൂടുതൽ താൽപര്യം ജനിച്ചെന്നുവരാം. ഭാവിയിൽ അയാൾ തൻെറ ഉത്തരവാദിത്വത്തിൽ ഭാഗഭാക്കാകുകയും, ക്രമേണ അതു മുഴുവൻ ഏറെറടുക്കുകയും ചെയ്യുമല്ലോ. അതേസമയം, തന്നോടൊപ്പം അടുക്കളപ്പണിയിലേപ്പെട്ടു തൻെറ പ്രയത്നഭാരത്തെ സാരമായി ലഘൂകരിക്കുന്ന മൂത്ത മകളോടായിരിക്കാം മാതാവിനു സ്നേഹക്കൂടുതൽ. ആദ്യത്തെ പ്രസവത്തിനു് മുമ്പു് മാതാപിതാക്കന്മാരുടെ പ്രതീക്ഷ ഈ വഴിക്കാണു സഞ്ചരിക്കുന്നതെന്നു മിക്കവാറും പറയാം.

പിറന്നുകഴിഞ്ഞാൽപ്പിന്നെ, മാതാവിനു് ആൺമക്കളോടും, പിതാവിനു പെൺമക്കളോടുമാണു കൂടുതൽ ഇഷ്ടമെന്നു് ചില മനശ്ശാസ്ത്രജ്ഞന്മാർ വാദിക്കുന്നു. ലൈംഗികപ്രതിയോഗികൾക്കു് തമ്മിലുള്ള ആകർഷണ

മാണത്രേ നിദാനം. ഒരു ആശാരിക്ക് ആശാരിപ്പണിയിൽ അധികം വിരുതുള്ള മകനെ പ്രത്യേകിച്ചും ഇഷ്ടമായിരിക്കും. ഒരു വിദ്യാവ്യസനിക്ക്, വിദ്യാഭ്യാസത്തിൽ അധികം അഭിരുചിയുള്ള സന്താനത്തോട്ട് സവിശേഷമായ സന്തോഷം തോന്നാം. ഒരു പിശുക്കനായ പിതാവിനു്, ധൂർത്തനായ പുത്രനോട്ട വൈരാഗ്യമുണ്ടാകയില്ലേ? സൗന്ദര്യമാനികൾക്കു കൂടുതൽ സൗന്ദര്യമുള്ള സന്താനങ്ങൾ അധികം അഭിമതരായിരിക്കും.

കഷ്ടിച്ചു് കാലക്ഷേപംകഴിക്കുന്ന കുടുംബങ്ങളിൽ, വരുമാനമുള്ള സന്താനങ്ങൾക്കു പ്രത്യേകം ബഹുമതി കല്പിക്കപ്പെട്ടും. ശാരീരികമായ എന്തെങ്കിലും ദൗർബ്ബല്യമുള്ള സന്താനത്തോട്ട സഹാനുഭൂതി ഏറെത്തോന്നുക സ്വാഭാവികമാണല്ലോ. എന്തുകൊണ്ടെന്നാൽ, സ്നേഹത്തിൻെറ ശക്തിയാണു് ആവക ദൗർബ്ബല്യങ്ങൾക്കു പരിഹാരം. പിന്തുണ കുറവുള്ള പുത്രൻെറ പക്ഷംപിടിക്കാനുള്ള പ്രവണത മിക്ക മാതാപിതാക്കന്മാരും പ്രദർശിപ്പിക്കാറുണ്ട്. മാതാപിതാക്കന്മാരുടെ സ്നേഹം ഇവിടെ സുരക്ഷിതത്വം വാഗ്ദാനംചെയ്യുന്ന ഒന്നാന്തരം ഒരു പരിചയത്രേ.

മനുഷ്യരിൽ പ്രായേണ രണ്ടു വകക്കാരുണ്ട്. തന്നെത്തന്നെ ഏററവും കൂടുതൽ സ്നേഹിക്കുന്നവരാണു് ഒരു കൂട്ടർ. ആത്മരതിയുള്ളവരെന്നു് അവരെ വിശേഷിപ്പിക്കാം—നാഴ്സിസിസ്റ്റുകൾ! അത്തരം മാതാവോ പിതാവോ തൻെറ വടിവിലുള്ള സന്താനങ്ങളെ അധികം ഇഷ്ടപ്പെട്ടും. തന്നെക്കാൾ തൻെറ ഇണയെ സ്നേഹിക്കുന്നവരുമുണ്ട്. അവരെ 'ഇണപ്രിയന്മാർ' എന്നു വിളിക്കാം. ആ വിഭാഗത്തിൽപ്പെടുന്ന മാതാവിനു ഭർത്താവിന്റെ പ്രതിരൂപമായ സന്താനത്തോടും, പിതാവിനു്

പ്രേയസിയുടെ പ്രതിരൂപമായ സന്താനത്തോടും പ്രത്യേകമായ പ്രിയം ഉണ്ടാകും. ആററുനോററുണ്ടാകുന്ന സന്താനത്തെ ആർക്കാണു കൂടുതൽ ഇഷ്ടപ്പെടാതിരിക്കാൻ കഴിയുക? നിതാന്തതാന്തമായ ഏകാന്തതാബോധത്തെ ഭഞ്ജിച്ച് സ്വർഗ്ഗത്തിൻെറ കവാടം തുറന്നുതന്ന സ്വർണ്ണത്താക്കോലല്ലേ അവർ? പുത്രന്മാരുടെ കൂട്ടത്തിലെ ഏകപുത്രിയോടും, പുത്രിമാരുടെ കൂട്ടത്തിലെ ഏകപുത്രനോടും അധികം ഇഷ്ടം തോന്നാത്ത മാതാപിതാക്കന്മാരുണ്ടോ? സഹോദരിമാരില്ലാത്ത പിതാവിന് പെൺമക്കളോടും, സഹോദരന്മാരില്ലാത്ത മാതാവിന് ആൺമക്കളോടും വിശേഷാൽ വാത്സല്യം കാണും. ഇതുപോലെയുള്ള മറ്റു സാഹചര്യങ്ങൾ ഭാവനയിൽ ദർശിക്കാവുന്നതേയുള്ളൂ.

# 4. ഈർഷ്യാകാലുഷ്യം

## പ്രശ്നം

അതിസുന്ദരിയാണ് എന്റെ ഭാര്യ. ഞാൻ സ്നേഹിക്കുന്നത്ര അവൾ എന്നെ സ്നേഹിക്കുന്നില്ലെന്ന തോന്നലാണ് എപ്പോഴും എനിക്ക്. സദാ അണിഞ്ഞൊരുങ്ങിയാണ് അവൾ നടക്കുക. ആരെയോ കാണാനെന്നപോലെ അവൾ കൂടെക്കൂടെ പുറത്തേക്കു നോക്കാറുണ്ട്. മററാരെയോ അവൾ പ്രേമിക്കുന്നില്ലേ? എന്നാൽ, എത്ര ശ്രമിച്ചിട്ടും ആളാരെന്നു പിടികിട്ടുന്നില്ല...

## പോംവഴി

അതിസുന്ദരിയായ ഒരു ഭാര്യയെ ലഭിച്ചതിൽ താങ്കൾ അഭിനന്ദനാർഹനാണ്. അവളുടെ മുമ്പിൽ നില്ക്കുമ്പോൾ താൻ അത്ര സുന്ദരനൊന്നുമല്ലെന്നു താങ്കൾക്കു തോന്നാറുണ്ടോ? എങ്കിൽ, ആ തോന്നൽ മിഥ്യമാത്രമാണ്. പുരുഷന്റെ സൌന്ദര്യത്തിനു വിലയിരുത്തേണ്ടതു് സ്ത്രീനയനങ്ങളത്രേ. തീരെ വിരൂപന്മാരെ പ്രാണനിർവ്വിശേഷം സ്നേഹിക്കുന്ന സുന്ദരിമാരില്ലേ? പുരുഷന്റെ കണ്ണിലെ വൈരൂപ്യം, സ്ത്രീയുടെ കണ്ണിൽ സൌന്ദര്യമായി മാറാം. ഒരു പുരുഷൻ സുരൂപനാണെന്നു നിങ്ങൾ വിധികല്പിക്കുന്നു. അതിന്നർത്ഥം, നിങ്ങൾ ആ പുരുഷനിൽ സ്ത്രൈണലാവണ്യം ദർശിക്കുന്നുവെന്നു മാത്രമാണ്. ഒരു സ്ത്രീ അയാളിൽ സൌന്ദര്യം കണ്ടില്ലെന്നുവരാം. പുരുഷസൌന്ദര്യമുണ്ടോ എന്നാണ് അവൾ ആരായുന്നതു്. സ്ത്രീയുടെ ശരീരം മൃദുലമായിരിക്കാനാണ നിങ്ങൾ

ആശിക്കുന്നതു്. പക്ഷേ, പുരുഷൻേറതു് ദൃഢമായിരിക്കണമെന്നാണു സ്ത്രീ അഭിലഷിക്കുക. സ്ത്രീയുടേതു മിനുസമായിരിക്കും. പുരുഷൻേറതു് പരുക്കനായിരിക്കണം. സ്ത്രീയുടെ മൃദുലതയെ പുരുഷൻ ഇഷ്ടപ്പെടുന്നു. മൃദുലശരീരിണിയായ സ്ത്രീ, പൗരുഷത്തിന്റെ പാരുഷ്യത്തിനു വേണ്ടിയാണു ദാഹിക്കുന്നതു്. താൻ സുന്ദരനാണെന്നു തന്നെ താങ്കൾ ആത്മാർത്ഥമായി വിശ്വസിക്കണം. എന്നാൽ മാത്രമേ താങ്കളെ ഇന്നു വലയംചെയ്തിട്ടുള്ള അധമബോധത്തെ കുടഞ്ഞെറിയാൻ സാധിക്കൂ.

ഭാര്യയുടെ സൗന്ദര്യത്തിൽ മതിമയങ്ങി ഇരുന്നുപോയിട്ടുണ്ടോ നിങ്ങൾ? അത്ഭുതത്തോടും ആരാധനയോടുംകൂടി അവളുടെ സൗന്ദര്യത്തിനു മുൻപിൽ നിങ്ങൾ നിന്നിമേഷനായി നിന്നുപോയിട്ടുണ്ടോ? ഇത്ര സൗന്ദര്യമുള്ള ഒരുവളെ ജീവിതത്തിലൊരിക്കലും കണ്ടിട്ടില്ലെന്നു നിങ്ങൾ ശപഥംചെയ്തിട്ടുണ്ടോ? ഇതിലെല്ലാംതന്നെയോ, ചിലതെങ്കിലുമോ, നിങ്ങളുടെ പക്കൽനിന്നു് ഉണ്ടായിട്ടുണ്ടെന്നു തോന്നുന്നു. എങ്കിൽ, നിങ്ങളുടെ പൗരുഷത്തിനും പിടിപ്പിനും അല്പം വിലയിടിവു് സംഭവിച്ചിട്ടുണ്ടാവണം. ആ മതിപ്പുകേടിൻെറ ബഹിർപ്രകടനത്തെയാണു നിങ്ങൾ സ്നേഹക്കുറവായി തെററിദ്ധരിക്കുന്നതു്. ചിലപ്പോൾ സ്നേഹക്കുറവു് ഉണ്ടായിരിക്കുകതന്നെയില്ല. ചിലർ സ്നേഹം ഉള്ളിൽ ഒതുക്കിവയ്ക്കുകയേ ഉള്ളൂ. ചിലരുടെ സ്നേഹം വാക്കുകളിലൂടെയല്ല, പ്രവൃത്തികളിലൂടെയാണു്, പ്രകാശിക്കുക. അതു് ഓരോരുത്തരുടെ രീതിയാണു്. പൊതുവായ ഒരു നിലവാരമോ നിയമമോ അതിനായി ഏപ്പെടുത്തുകവയ്യ. ഒരു ഭാര്യ ഭർത്താവിനോടു കിന്നാരംപറയാൻ നില്ക്കുന്നില്ലെന്നു കരുതുക. സ്നേഹക്കുറവുകൊണ്ടാണോ അങ്ങനെ? ആ സമയംകൂടി

ഭർത്താവിന്റെ സുഖത്തിനും നന്മയ്ക്കുംവേണ്ടി അവൾ പട്ട പെട്ടുകയായിരിക്കും. ഒഴിഞ്ഞപാത്രമേ ശബ്ദമുണ്ടാക്കു എന്ന വിശ്വാസക്കാരിയായിക്കൂടേ അവൾ? അതുകൊണ്ടു്, ഭാര്യയുടെ സ്നേഹക്കുറവിനെക്കുറിച്ചുള്ള ശങ്കകളൊക്കെ നിങ്ങൾ പരിത്യജിക്കുകയാണു വേണ്ടതു്.

ഭാര്യ അണിഞ്ഞൊരുങ്ങി നടക്കുന്നതിൽ നിങ്ങൾക്കെന്താണു് ഇത്ര ഈർഷ്യ? അവൾ വൃത്തിയായും ഭംഗിയായും നടക്കുന്നതിൽ, നിങ്ങൾ സന്തോഷിക്കുകയും അഭിമാനിക്കുകയുമല്ലേ വേണ്ടതു്? നിങ്ങളുടെ കണ്ണിൽ എന്നും സുന്ദരിയായിരിക്കാൻ അവൾ ആഗ്രഹിക്കുന്നതു തെററാണോ? നിങ്ങളുടെ കണ്ണിനും കരളിനും ആനന്ദം പകരാനല്ലേ അങ്ങനെ ഒരുങ്ങുന്നതു്? എന്നിട്ടും അതു മററാരെയോ ആകർഷിക്കാനാണെന്നു നിങ്ങൾ സംശയിക്കുന്നു. നിങ്ങളുടെ അയൽക്കാരന്റെയോ ചങ്ങാതിയുടെയോ ഭാര്യ അണിഞ്ഞൊരുങ്ങുന്നതു്, നിങ്ങളെ വലവീശാനെന്നാണോ നിങ്ങളുടെ ഊററം? നിങ്ങൾക്കു ഭാര്യയുടെ പേരിലുള്ള സംശയം, ഞാൻ മുൻപേ സൂചിപ്പിച്ച അധമബോധത്തിന്റെ സന്തതിയത്രേ. ആ സംശയംവച്ചു കൊണ്ടു നോക്കുമ്പോൾ, നിങ്ങളുടെ ഭാര്യ പുറത്തേക്കു കൂടെക്കൂടെ നോക്കുന്നതു് ഒരു ദുർവ്വാസനയായി തോന്നിപ്പോകും. ഭാര്യയായിപ്പോയെന്നുവെച്ചു്, അവൾക്കു പുറത്തേക്കു നോക്കുകയേ പാടില്ലേ? അന്യനൊരുത്തൻ അവളുടെ ദൃഷ്ടിയിൽപ്പെട്ടുകയോ, അവൾ അന്യനൊരുത്തന്റെ ദൃഷ്ടിയിൽപ്പെട്ടുകയോ ചെയ്തുപോയാൽ, പാതിവ്രത്യം തകർന്നു നിലംപൊത്തി തരിപ്പണമാകുമോ? തന്റെ സൗന്ദര്യത്തെ ആരെല്ലാം അഭിനന്ദിക്കുന്നുവെന്നു് കണ്ടറിയാനും അഭിമാനംകൊള്ളാനും അവൾക്കു് അവകാശ

മില്ലേ? അതോ, സ്വന്തം ഭാര്യയൊഴികെയുള്ള മററു സ്ത്രീകൾക്കു മാത്രമേയുള്ളോ ഈ അവകാശം? ഇക്കണക്കിനു കണ്ണുതന്നെ ഭാര്യയ്ക്കു വേണ്ടെന്നു പറഞ്ഞുകളയുമല്ലോ നിങ്ങൾ! അഥവാ, കണ്ണുവേണമെന്നു നിർബ്ബന്ധമാണെങ്കിൽ, തലയ്ക്കു പുറകിലായാൽ മതിയെന്നും?

നിങ്ങളുടെ അധമബോധമാണ് നിങ്ങളെ അസൂയാലുവാക്കിയതു്. നിങ്ങളുടെ മനസ്സിൽ ഏടാകൂടങ്ങൾ വലിച്ചിട്ടതും അതുതന്നെ. ആദ്യമേ സംശയിച്ചിട്ട്, നിങ്ങൾ കാരണങ്ങളും തെളിവുകളും തേടി ബുദ്ധിമുട്ടുകയാണ്. വിരണ്ടവൻകണ്ണിൽ ഇരുണ്ടതെല്ലാം പേയായിത്തോന്നും. ദൂരെയൊരിടത്തു പോകുന്നെന്നും പറഞ്ഞു യാത്രയായിട്ട്, രാത്രി തിരികെ കള്ളനെപ്പോലെ പതുങ്ങിവന്നു തോട്ടത്തിൽ പാത്തിരുന്നതും, ഉറക്കമിളച്ചു കൊതുകിന്റെയും മഞ്ഞിന്റെയും കടിയേററു കാത്തിരുന്നതുംകൊണ്ടു് എന്തുവിശേഷമുണ്ടായി? സുന്ദരിയായ ഭാര്യയുടെയും ആ സൗന്ദര്യത്തിന്റെ കുത്തകാവകാശിയായ നിങ്ങളുടെയും അനുഭൂതിമധുരമായ ഒരു രാത്രി വ്യർത്ഥമായി; അത്രതന്നെ. ഇങ്ങനെ കുറേ രാത്രികൾ നഷ്ടപ്പെടുത്താനാണോ ഇനിയും നിങ്ങളുടെ ഒരുക്കം? ബുദ്ധിഹീനനായ മനുഷ്യാ, പൊയ്പ്പോയ രാത്രികൾ ഇനിയൊരിക്കലും മടങ്ങിവരില്ല. ദിനരാത്രങ്ങളിലൂടെ അടിവെച്ചടിവെച്ചു വാർദ്ധക്യം ഇങ്ങോടിവരികയുമാണ്! അടിസ്ഥാനരഹിതമായ സംശയത്തിനു തെളിവന്വേഷിക്കുന്ന നിങ്ങൾ വല്ലാത്തൊരു പാഴ്‌വേലയിലല്ലേ ഏർപ്പെട്ടിരിക്കുന്നതു്? ഇത്രയുംനാൾ ഭാര്യയെ തൊണ്ടിയോടുകൂടി പിടിച്ചെടുക്കാൻ നിങ്ങൾ ശ്രദ്ധാപൂർവ്വം ശ്രമിച്ചില്ലേ? ഇനിയും തോൽവി സമ്മതിച്ചു് തെററിദ്ധാരണ നീക്കാനല്ല ഭാവം; സ്ഥാപിച്ചെടുത്തു്, വിധിക്കപ്പെടാത്ത വിജ

യത്തിൽ അഹങ്കരിക്കാനാണ്! ഭർത്താവായതുകൊണ്ടു യാതൊരു നീതീകരണവുമില്ലാതെ ഭാര്യയെ സംശയിക്കാൻ നിങ്ങൾക്കു് അധികാരമുണ്ടെന്നോ?

ഭർത്താവെന്ന നിലയിൽ, നിങ്ങൾക്കു് അവളെ ലൈംഗികമായി തികച്ചും തൃപ്തിപ്പെടുത്താൻ കഴിയുന്നുണ്ടോ? ഇല്ലെന്നു നിങ്ങൾക്കു സ്വയം തോന്നുന്നുണ്ടാവാം. ആ തോന്നലും ഈ ഈർഷ്യയ്ക്കു പിറകിൽ പതിയിരിപ്പുണ്ടു്. ധാതുബലം നേടാൻ ശ്രമിക്കുകയാണു് ഇതിനു പോംവഴി. സംശയത്തിന്റെ രോഗാണുക്കളെക്കൊണ്ടു മനസ്സിന്റെ ബലംകൂടി നഷ്ടപ്പെടുത്തുകയല്ല. നാലുനാലര കൊല്ലമായില്ലേ വിവാഹിതരായിട്ടു്? ഇതേവരെ സന്താനങ്ങളൊന്നുമുണ്ടായില്ലല്ലോ. നിങ്ങൾക്കു് അവളെക്കുറിച്ചും, ഒരുപക്ഷേ, അവൾക്കു് നിങ്ങളെക്കുറിച്ചും, മതിപ്പുകേടുണ്ടാകാൻ ഇതും കാരണമാവാം. ഒരു കുട്ടിയെ തരാൻ തരപ്പെടാത്ത ഭാര്യയെന്തിനെന്നു ഭർത്താവു്; ഭർത്താവെന്തിനെന്നു് ഭാര്യ! ഒരു ഡോക്ടരെ സമീപിച്ചു് ഉടനെ അതിനും പരിഹാരം കാണണം.

ഭാര്യയെ നിങ്ങൾ സൂക്ഷിക്കുകയൊന്നും വേണ്ട. ഭാര്യ നിങ്ങളെയും സൂക്ഷിക്കേണ്ടതില്ല. നാമോരോരുത്തരും നല്ലവരാകുന്നതു് അങ്ങനെ ചിലരുടെ സൂക്ഷിപ്പുകൊണ്ടൊന്നുമല്ല. നമ്മുടെതന്നെ നന്മയും സൂക്ഷിപ്പുംകൊണ്ടാണു്. രക്ഷാകർത്തൃത്വത്തിൻെറ സ്റ്റീംറോളർ, ദാമ്പത്യസൗഖ്യത്തിൻെറ പനിനീരലരുകളെ ചതച്ചരച്ചുകളയുകതന്നെ ചെയ്യും!

## 5. ദ്വിമുഖശൃംഖല

### പ്രശ്നം

ഞാൻ വൃദ്ധനും രോഗിയുമായി. എനിക്കു് മൂന്നാൺ മക്കളുണ്ടു്. അവരാരും എന്നെ തിരിഞ്ഞുനോക്കുന്നുകൂടി യില്ല. ഞാൻ എത്ര വാത്സല്യത്തോടുകൂടി വളർത്തിയ മക്കളാണു്! അവരെക്കൊണ്ടു് ഒരു പ്രയോജനവും എനിക്കു് ഇന്നില്ല. അവർക്കു് അവരുടെ ഭാര്യമാരും കുഞ്ഞുങ്ങളും മതി. തന്തയെ തീരെ വേണ്ട! നന്ദികെട്ട കൂട്ടം! ഒരുപക്ഷേ, എൻെറ തലയിലെഴുത്താകാം...

### ഉത്തരം

ഇതു തലയിലെഴുത്തല്ല. മക്കളോടോ അവരുടെ ഭാര്യമാരോടോ പരിഭവിച്ചിട്ടെന്താണു പ്രയോജനം? അവരെ ശകാരിക്കുകയും ശപിക്കുകയുംചെയ്തു് അശ്രീകരം ഉണ്ടാക്കിയിട്ടും മോക്ഷമില്ല. ദുർവ്വിധിയാണെന്നു പറഞ്ഞു പരിദേവനംചെയ്തിട്ടും കാര്യമെന്തു്? ഇതു ലോകഗതിയാണു്. വാർദ്ധക്യം പ്രാപിച്ച മാതാപിതാക്കന്മാരെ രക്ഷിക്കുകയും പരിചരിക്കുകയും ചെയ്യേണ്ടതു സന്താനങ്ങളുടെ കർത്തവ്യംതന്നെ! ആ കടമ നിർവ്വഹിക്കാത്തവർ മഹാപാപികളത്രേ. ആത്മാവിൽ കുഷ്ഠരോഗംപിടിച്ച ദുഷ്ടന്മാരാണവർ. ഉപകാരസ്മരണയില്ലാത്ത വിഷസർപ്പങ്ങളാണവററ. പക്ഷേ, അവരെ കുററംപറയാനും ശപിക്കാനും മാതാപിതാക്കന്മാർ ഒരുങ്ങരുതു്.

ഈ അവസരത്തിൽ, ഒരു ചോദ്യം ഞാൻ ചോദിക്കുന്നതു ക്ഷമിക്കുക. വൃദ്ധരായ സ്വന്തം മാതാപിതാക്ക

ന്മാരെ വേണ്ടരീതിയിൽ താങ്കൾ സംരക്ഷിക്കുകയും ശുശ്രൂഷിക്കുകയും ചെയ്തിരുന്നോ? താങ്കളെക്കുറിച്ച് ഒരു പരാതിയും അവക്കുണ്ടായിരുന്നില്ലേ? അവരെ സംബന്ധിക്കുന്ന കടമകളൊക്കെ യഥാവിധി അനുഷ്ഠിച്ചുവെന്ന കൃതകൃത്യതയ്ക്കു താങ്കൾ അവകാശിയാണോ? ലേശവും അക്കായ്യത്തിൽ താൻ അപരാധിയല്ലെന്ന ദൃഢബോധം താങ്കൾക്കുണ്ടോ? ഞാൻ ഊഹിക്കുന്നതു മറിച്ചാണ്. താങ്കൾക്ക് ഇന്നു സ്വന്തം മക്കളെക്കുറിച്ചുള്ള പരാതി തന്നെ അവക്കു താങ്കളെക്കുറിച്ചും തോന്നിയിരിക്കാം. അതാണു സത്യത്തിൽ നിങ്ങളുടെ ഇന്നത്തെ അവസ്ഥയ്ക്കു ഹേതു. ഇക്കണക്കിനു്, നിങ്ങളുടെ അവസ്ഥതന്നെയാണു മക്കൾക്കും വാദ്ധക്യകാലത്തു വന്നുചേരാനിരിക്കുന്നതു്. കർമ്മങ്ങൾക്കു ഫലമുണ്ടെങ്കിൽ, ഇങ്ങനെയൊക്കെയേ വരാൻ നിവൃത്തിയുള്ളു. വരാനുള്ളതു വഴിയിൽ തങ്ങുകയില്ലല്ലോ.

ഒരു പിതാവു മക്കളെക്കുറിച്ചു നന്ദികെട്ടവർ എന്നു ദൃഷ്യംപറയുന്നതു് എന്തു് അടിസ്ഥാനത്തിലാണു്? മക്കളിൽനിന്നു മാതാപിതാക്കന്മാർ നന്ദി പ്രതീക്ഷിക്കുന്നുണ്ടോ? ലക്ഷത്തിപ്പതിനായിരം താങ്ക്സ് പറഞ്ഞു്, കണക്കുതീക്കാൻ പററുമോ? പത്തുമാസം ചുമന്നിട്ടു്, ജീവിതമരണങ്ങളുടെ നേരിയ അതിർവരമ്പിലെ ശരശയ്യയിൽക്കിടന്നു മാതാവു പ്രസവിക്കുന്നു. മാതാപിതാക്കന്മാർ യാതനകളും വേദനകളും അനുഭവിച്ചു് മക്കളെ വളത്തിയെടുക്കുന്നു. 'സ്വന്തം ജീവരക്തംതന്നെയാണു് മാതാവു് മുലപ്പാലിൻെറ രൂപത്തിൽ കുഞ്ഞിനെ ഊട്ടുന്നതു്. മക്കൾക്കുവേണ്ടി തന്തയും തള്ളയും എന്തെന്തെല്ലാം കഷ്ടപ്പാടും ബദ്ധപ്പാടും ത്യാഗവും അനുഭവിക്കുന്നു! സ്നേഹത്തിൻെറ മധുവും വാത്സല്യത്തിൻെറ സുധയും

കൊണ്ട് അവർ സ്വസന്താനങ്ങളെ അഭിഷേചനം ചെയ്യുന്നു! ഇതൊക്കെ പ്രതിഫലേച്ഛയോടുകൂടിയായിരുന്നോ? അതോ, മക്കളുടെ 'അവാർഡു' ലഭിക്കുന്നതിനു വേണ്ടിയോ? ഇൻഷ്വറൻസിൽ ചേരുന്നതുപോലെയാണോ മക്കൾക്കു കൊടുക്കുന്ന സ്നേഹവാത്സല്യപരിലാളനപരിരക്ഷാദികൾ? തവണകളായി നല്കുന്നതു് ഒടുവിൽ മൊത്തമായി തിരികെ വാങ്ങുകയായിരുന്നോ അവരുടെ ഉദ്ദേശ്യം?

മാതൃത്വത്തെയും പിതൃത്വത്തെയും, കൂലിപ്പണിയായോ ചിട്ടിയായോ മാതാപിതാക്കന്മാർതന്നെ തരംതാഴ്ത്തിക്കാണുന്നതു പന്തിയല്ല. നിസ്സ്വാർത്ഥവും ത്യാഗോത്സുകവുമായ സ്നേഹത്തിന്റെ സജീവപ്രതീകങ്ങളാണു് അമ്മയച്ഛന്മാർ. തന്നെ പത്തുമാസം ചുമന്ന അമ്മയെ, മക്കൾ പലിശയുംകൂടി കൂട്ടി പതിനഞ്ചുമാസം ചുമക്കണമോ? മുലപ്പാൽ ചുരന്നാൽ, ഒരു കന്നിമാതാവു തന്റെ ചോരക്കുഞ്ഞിനെ മാറ്റിക്കിടത്തിയിട്ടു് പല്ലില്ലാത്ത വൃദ്ധമാതാവിനെ മുലയൂട്ടാൻ പുറപ്പെടണമോ? പ്രതിഫലമോ വേതനമോ നല്കി കണക്കുതീർക്കാൻ വയ്യാത്ത വലിയ കടപ്പാടുകളായി അവ അലൗകികമായ ഉയരത്തിൽത്തന്നെ വിരാജിച്ചുകൊള്ളട്ടെ. കിട്ടിയതോരോന്നിനും പകരം കൊടുക്കണമെന്നു വന്നാൽ, ജീവിതത്തിൽ അതിനേ സമയം കിട്ടൂ; അതിനുതന്നെ ആയുസ്സു തികയാതെയും വരും!

വാസ്തവത്തിൽ, മാതാപിതാക്കന്മാർ ഒരു കടമ നിർവ്വഹിക്കുക മാത്രമാണു്; ഒരു കടപ്പാടു് വീട്ടുകമാത്രം! സ്വാർത്ഥികളെ നിസ്സ്വാർത്ഥരും ത്യാഗശീലരും ആക്കിത്തീർക്കാൻവേണ്ടിക്കൂടിയാണു്, പ്രകൃതി തിര്യക്കുകൾക്കു സന്താനങ്ങളെ പ്രദാനംചെയ്യുക. സന്താനപരിപാലന

ത്തിലൂടെ നാം നേടിയെടുക്കേണ്ടതു് ഈ നിസ്സ്വാത്ഥ ത്യാഗമത്രേ. അതു നേടാത്ത മാതാപിതാക്കന്മാർ, ചന്ദനച്ചുമടുകളുമായി മണൽക്കാടുകൾ നീന്തുന്ന കോവർ കഴുതകളത്രേ!

സ്നേഹവാത്സല്യസംരക്ഷണാദികൾ നിങ്ങൾക്കു് നിങ്ങളുടെ മാതാപിതാക്കന്മാരിൽനിന്നു നിർല്ലോപമായി ലഭിച്ചിട്ടുണ്ടു്. ആ സ്നേഹവാത്സല്യസംരക്ഷണാദികൾ അതേ തൂക്കത്തിലും അളവിലും മാതാപിതാക്കൾക്കു നല്കാൻ നിങ്ങൾക്കാവുകയില്ല. ആ വഴിക്കു തീരുകയുമില്ല പൈതൃകമായ നിങ്ങളുടെ ഋണം. മുറപ്രകാരം നിങ്ങൾ അവ നല്കേണ്ടതു നിങ്ങളുടെ സന്താനങ്ങൾക്കത്രേ. അവർ തങ്ങളുടെ അനന്തരതലമുറയ്ക്കും. അതാണു ജീവിതത്തിൻെറ നിയമവും തത്വവും. മലകളിൽനിന്നു ലഭിക്കുന്ന ജലസ്രോതസ്സുകളെ സമതലഭൂമി തിരിച്ചു മലകൾക്കു നല്കുന്നില്ല; സമുദ്രത്തിനു നല്കി ചരിതാത്ഥതപൂകുകയാണു്. സമുദ്രമാകട്ടെ സമതലത്തിനല്ല നല്കുക; മേഘങ്ങൾക്കാണു്. മേഘങ്ങൾ സമുദ്രത്തിനല്ല; മലകൾക്കു്. മലകൾ മേഘങ്ങൾക്കല്ല; സമതലത്തിനു്. ഇതാണു ഗതിക്രമം. ഇതാണു പ്രകൃതിയുടെ നിയമം. ഇതുതന്നെയാണു ജീവിതത്തിൻെറയും നിയമം. എന്തുകൊണ്ടെന്നാൽ, പ്രകൃതിയിലെ മുഖ്യപ്രതിഭാസമാണല്ലോ ജീവിതം.

പക്ഷേ, ഒന്നുണ്ടു്: പ്രകൃതിയുടെയോ ജീവിതത്തിൻെറയോ നിയമം ഇതാണെന്നു സമത്ഥിച്ചു്, മാതാപിതാക്കന്മാരെ വാദ്ധക്യത്തിൻെറ നിസ്സഹായതയിലേക്കു വലിച്ചെറിഞ്ഞിട്ടു്, സ്വന്തം കാര്യങ്ങളെയും സ്വകളത്രപുത്രാദികളുടെ കാര്യങ്ങളെയും മാത്രം വേട്ടയാടി നടക്കുന്ന മക്കൾ നികൃഷ്ടമതികളായ കൃതഘ്നരത്രേ. അവ

രുടെ മക്കൾ അവരെയും വാർദ്ധക്യത്തിൽ അവഗണി ക്കും. അവരുടെ മാതാപിതാക്കൾ തിന്ന തീൎക്കു് അ താണു പ്രായശ്ചിത്തവും പരിഹാരവും. പിതാക്കളോടു കാണിച്ച അവഗണനയോൎത്തു മക്കൾ വാർദ്ധക്യത്തിൽ പശ്ചാത്തപിക്കും. പശ്ചാത്തപിച്ചാൽ പുണ്യമുണ്ടായി രിക്കാം; എന്നാൽ പരിഹാരമോ ഫലമോ ഇല്ല.

ചുരുക്കിപ്പറഞ്ഞാൽ, ഇന്നലെ നമുക്കു മാതാപിതാ ക്കന്മാരിൽനിന്നു കിട്ടിയതു്, ഇന്നു നാം നമ്മുടെ സന്താ നങ്ങൾക്കു കൊടുക്കണം. അതേസമയം, നാളെ മക്ക ളിൽനിന്നു കിട്ടണമെന്നു നിങ്ങൾ പ്രതീക്ഷിക്കുന്നവ ഇന്നു നിങ്ങളുടെ മാതാപിതാക്കൾക്കു നല്കുകയും വേണം. ആദാനപ്രദാനങ്ങളുടെ ദ്വിമുഖമായ ശൃംഖലയാണതു്. അതാണു ജീവിതത്തിന്റെ അന്തർദ്ധാരയും.

## 6. പാപത്തിൻെറ പൈശാചികസന്തതികൾ!

### പ്രശ്നം

അനവധി സ്ത്രീകളുമായി ഞാൻ രഹസ്യബന്ധത്തിൽ ഏർപ്പെട്ടിട്ടുണ്ട്. അന്നു ഞാൻ അവിവാഹിതനായിരുന്നു. ഇന്നെനിക്ക് രൂപവതിയായ ഒരു ഭാര്യയുണ്ട്. എത്രമാത്രം നിയന്ത്രിച്ചിട്ടും പരസ്ത്രീവേഴ്ചയിൽനിന്നു് ഒഴിഞ്ഞുനില്ക്കാൻ എനിക്കു കഴിയുന്നില്ല. തെററാണെന്നറിയാം. എന്നാലും...

### പോംവഴി

അവിവാഹിതനായിരുന്നകാലത്ത് പല സ്ത്രീകളുമായി നിങ്ങൾ രഹസ്യബന്ധം പുലർത്തിയിരുന്നല്ലോ. കണ്ട കണ്ട പൂക്കളുടെയെല്ലാം സൗരഭ്യവും സൗന്ദര്യവും മധുവും സ്വച്ഛന്ദമായി നുകർന്നു പാറിപ്പറന്ന ഒരു ചിത്രശലഭമായിരുന്നു നിങ്ങൾ അന്നു്. അക്കൂട്ടത്തിൽ കന്യകമാരുണ്ടായിരുന്നിരിക്കാം. ഭാര്യമാരും ഉണ്ടായിരുന്നെന്നുവരും. കന്യകമാരുടെ കന്യകാത്വവും ഭാര്യമാരുടെ പാതിവ്രത്യവും നിങ്ങൾ നശിപ്പിച്ചു. കല്യാണം കഴിക്കാത്ത നിങ്ങളുടെ വികാരങ്ങൾ ശമിപ്പിക്കാൻ അതേ അന്നു മാർഗ്ഗമുണ്ടായിരുന്നുള്ളു. എന്നുവെച്ച്, ആ കന്യകമാരോടും പത്നിമാരോടും കാണിച്ച തെററിനു ന്യായീകരണമൊന്നുമില്ല. ഇന്നാകട്ടെ, ഭാര്യയെ വഞ്ചിച്ചിട്ടാണു് നിങ്ങൾ പരസ്ത്രീകളോട്ട് അനീതികാട്ടുന്നതു്. അന്നു് നിങ്ങൾക്കു് ഭാര്യയില്ലാതിരുന്നതുകൊണ്ടു്, അവളോട്ട് തെററുകാണിക്കുക എന്ന പ്രശ്നമേ ഉദിച്ചിരുന്നില്ലല്ലോ.

നിങ്ങൾ കല്യാണം കഴിച്ചിരുന്നില്ലെന്നതുകൊണ്ടാണല്ലോ മററുള്ളവരുടെ സഹോദരിമാരെയും ഭാര്യമാരെയും നിങ്ങൾ പ്രാപിച്ചതു്. നിങ്ങൾ കല്യാണം കഴിക്കാഞ്ഞതിൽ പിഴച്ചതു് അവരാണോ? പ്രായമായാൽ, അല്ലെങ്കിൽ ഒരു സ്ത്രീയുടെ ആവശ്യം തോന്നിക്കഴിഞ്ഞാൽ, നിങ്ങൾക്കു് ഒരു സ്ത്രീയെ തിരഞ്ഞെടുത്തുതരേണ്ടതു് നിങ്ങളുടെ രക്ഷാകർത്താക്കളത്രേ. അല്ലെങ്കിൽ നിങ്ങൾക്കുതന്നെ നിങ്ങളുടെ സഹധർമ്മിണിയെ കണ്ടുപിടിക്കാം.

ഏതെങ്കിലും കന്യകയുമായി നിങ്ങൾ ലൈംഗികബന്ധത്തിൽ ഏർപ്പെട്ടിട്ടുണ്ടെങ്കിൽ, സ്വാഭാവികമായും സ്വന്തം ഭാര്യ അവളുടെ കന്യകാത്വം നിങ്ങൾക്കുവേണ്ടി അവികലമായി കാത്തുസൂക്ഷിച്ചിരുന്നോ എന്നു നിങ്ങൾ സംശയിച്ചുപോകും. നിങ്ങളെപ്പോലെയുള്ള വിരുതന്മാരുടെ പ്രലോഭനങ്ങളിൽ ശുദ്ധഗതിക്കാരായ ചില യുവതികളെങ്കിലും വീണുപോകുമെന്നതാണല്ലോ അനുഭവം. പരഭാര്യയുമായി നിങ്ങൾ അവിഹിതബന്ധം പുലർത്തിയിട്ടുണ്ടെങ്കിൽ, നിങ്ങളുടെ ഭാര്യയും ഏകപത്നീവ്രതക്കാരിയാണോ എന്നു് നിങ്ങൾ ശങ്കിച്ചുപോകും. നിങ്ങൾക്കു് പരഭാര്യയെ കീഴ്പ്പെടുത്താമെങ്കിൽ, നിങ്ങളുടെ ഭാര്യയേ വശത്താക്കാൻ മററുള്ളവർക്കും കഴിയുമല്ലോ. ഈ ശങ്കകൾ ദാമ്പത്യജീവിതത്തിൽ എന്തെല്ലാം കരിനിഴലുകൾ വീഴ്ത്തുകയില്ല! നിങ്ങളുടെതന്നെ പാപത്തിൻെറ നിഴലുകളാണവ. നാം ചെയ്യുന്ന ദുഷ്കർമ്മങ്ങളുടെ ഫലങ്ങൾ നമ്മെത്തന്നെ തിരിഞ്ഞുകുത്തുന്നതു നോക്കൂ. നമ്മുടെ പാപകർമ്മങ്ങൾ, സ്ഥൈര്യവും സമാധാനവും അനുഭവിക്കാൻ നമ്മുടെ മനസ്സിനെ അനുവദിക്കുകയില്ല.

കന്യക അവളുടെ നവയൗവനം നിങ്ങൾക്കു് കാഴ്ച

വച്ചതു് നിങ്ങളുടെ മധുരവാക്കുകളിൽ മതിമയങ്ങിയിട്ടാവും. അവളെ നിങ്ങൾ വഞ്ചിച്ചു. അവൾ ബോധപൂർവ്വം കണ്ണും തുറന്നു് പാപത്തിൻെറ അമേധ്യക്കുണ്ടിലേക്കു് സ്വയം പാഞ്ഞുവന്നതല്ല. അന്നു് മനസ്സാക്ഷി നിങ്ങളെ വിലക്കിയിട്ടുണ്ടാവാം. മനസ്സാക്ഷിയെ നിങ്ങൾ നിഷ്കരുണം കിഴക്കിയിരുത്തി. പല പ്രാവശ്യം അങ്ങനെ കിഴക്കിയിരുത്തിക്കഴിഞ്ഞാൽ പിന്നെ മനസ്സാക്ഷി തലപൊക്കാൻ മടിക്കും. അന്യഭാര്യമാരുമായിട്ടുള്ള സമാഗമത്തിലും മനസ്സാക്ഷിയുടെ നിയന്ത്രണങ്ങളെ നിങ്ങൾ തൃണവൽഗ്ഗണിക്കുകയുണ്ടായി. ആ അകൃത്യത്തിൻെറ പ്രതിക്രിയയാണു് നിങ്ങൾ ഇന്നു് അനുഭവിക്കുന്ന മാനസികശല്യം.

അന്നൊക്കെ മനസ്സാക്ഷിയുടെ നിയന്ത്രണത്തിൽ നിന്നിരുന്നെങ്കിൽ, ഇത്തരം ഒരു ദുശ്ശീലത്തിനു് നിങ്ങൾ ഒരിക്കലും ഇരയാകുമായിരുന്നില്ല. എങ്കിൽ, ഇന്നു നിങ്ങളുടെ മനസ്സിനെയും നിങ്ങളെത്തന്നെയും നിയന്ത്രിക്കുവാൻ നിങ്ങൾക്കു നിഷ്പ്രയാസം കഴിയുമായിരുന്നു. ആത്മനിയന്ത്രണത്തിൽ നമ്മെ സഹായിക്കാൻ കഴിയുന്നതു് മനസ്സാക്ഷിക്കു മാത്രമാണു്. തൽക്കാലത്തെ നൈമിഷിക സുഖങ്ങൾക്കുവേണ്ടി മനസ്സാക്ഷിയെ തള്ളിത്തളത്തിയാൽ, ഭാവിയിൽ നമ്മുടെ ജീവിതം ചുക്കാനില്ലാതെ കടലിലെ തിരമാലകളിൽ അടിയാനിടയാകും.

അതെന്തുമാകട്ടെ, കഴിഞ്ഞ കാര്യങ്ങളെക്കുറിച്ചു വിചാരിച്ചിട്ടു് എന്തു പ്രയോജനമാണിനി?

ഭാര്യാഭർത്തൃജീവിതത്തിൻെറ അടിസ്ഥാനശില ഏകപത്നീവ്രതവും ഏകപതീവ്രതവുമാണല്ലോ. കുടുംബത്തിൻെറ ഭദ്രതയും സന്താനങ്ങളുടെ ക്ഷേമവും അവയെത്തന്നെയാണു് ആശ്രയിച്ചിരിക്കുന്നതു്. വൈചിത്ര്യ

ത്തിൽ നമുക്കു കൊതി തോന്നാം. അതു മനുഷ്യസ്വഭാവവുമാണു്. എന്നും പാല്പായസം കഴിക്കുന്നവനാണെങ്കിൽക്കൂടി. ആ പതിവു ലംഘിച്ചു് ഒരു ദിവസം അല്പം മരച്ചീനി പുഴുങ്ങിത്തിന്നാൻ ആർത്തി തോന്നാം. സുന്ദരിയായ ഭാര്യയെ കവച്ചു കടന്നു്, സൗന്ദര്യവും വെടിപ്പും കുറഞ്ഞ ഒരുവളെ ചിലർ പ്രാപിക്കുന്നതിൻെറ പിന്നിലെ മനശ്ശാസ്ത്രം ഇതത്രേ.

പക്ഷേ, ഭാര്യയും പരസ്ത്രീകളും കേവലം ഭക്ഷണപദാർത്ഥങ്ങളെപ്പോലെയല്ല. ഭക്ഷണപദാർത്ഥങ്ങളാണെങ്കിൽ, അന്യൻെറ എച്ചിൽ നാം ഭുജിക്കാറുണ്ടോ? നമ്മുടെ ഭക്ഷണത്തിൽ മറെറാരുത്തൻ കൈയിട്ടുവാരുന്നതു് നിങ്ങൾ ഇഷ്ടപ്പെട്ടുമോ? ഈ പതിവു് നിങ്ങളുടെ ഭാര്യ അറിഞ്ഞാലുള്ള അവസ്ഥയെന്തായിരിക്കും? അവളെയും അവളുടെ സൗന്ദര്യത്തെയും മാദകത്വത്തെയും നിങ്ങൾ അവഗ[illegible]ിക്കുന്നതായി തോന്നുകയില്ലേ? നിങ്ങളല്ലാതെ മറെറാ[illegible] തൻെറ സൗന്ദര്യത്തെ അംഗീകരിക്കുന്നതായിക്കണ്ട[illegible] അവൾക്കു് അയാളിൽ കൂടുതൽ പ്രതിപത്തി തോന്നരുതോ? ഈ ഏടാകൂടങ്ങൾക്കും മാർഗ്ഗഭ്രംശങ്ങൾക്കും നിങ്ങളല്ലേ, നിങ്ങൾ മാത്രമല്ലേ, ഉത്തരവാദി? നിങ്ങൾ സ്വയം വഴിപിഴയ്ക്കുന്നു; ഒപ്പം ഭാര്യയെ പിഴച്ച വഴിയിലേക്കു തള്ളിവിടുകയും ചെയ്യുന്നു. ഇത്തരം ഒരനുകൂലസാഹചര്യം നല്കിയ പ്രലോഭനംമൂലമാകാം, നിങ്ങളുമായി മറെറാരുത്തൻെറ ഭാര്യ അനാശാസ്യബന്ധത്തിൽ ഏർപ്പെടാൻ ഒരുമ്പെട്ടതുതന്നെ. ആ വഴിക്കു് നിങ്ങൾ നിങ്ങളുടെ ഭാര്യയെയും സഞ്ചരിക്കാൻ പരോക്ഷമായി പ്രേരിപ്പിക്കണമോ?

G. V. SMARAKA GRANTHASALA
Reg. No.
THENNOORKONAM
VIZHINJAM

നിങ്ങൾ പരസ്ത്രീയെ പ്രാപിക്കാൻ പോകുമ്പോൾ, നിങ്ങളുടെ ഭാര്യ തനിച്ചാണു കിടക്കുന്നതെന്നോക്കണം. അവളെ അറിയിക്കാതെ, നിങ്ങൾ കൗശലപൂർവ്വം എഴു. ന്നേററു് വാതിൽ തുറന്നു പോന്നതാണു്. അതു് യാദൃച്ഛികമായി കാണാനിടയായ ഒരു രാത്രിഞ്ചരനു്, ആ തുറന്ന വാതിലിലൂടെ അകത്തു കടക്കരുതോ? നിങ്ങളുടെ അസാന്നിദ്ധ്യത്തിൽ, അയാളുടെ സംരംഭങ്ങൾ നിങ്ങളുടേതാണെന്നു ഭ്രമിക്കുന്ന ഭാര്യ അയാൾക്കു വിധേയയായിക്കൊടുത്തെന്നു വരരുതോ? ഈ അനിഷ്ടസംഭവവികാസത്തിൽ നിങ്ങളല്ലേ, അവളല്ലല്ലോ, ഉത്തരവാദി? ഇതു മനസ്സറിയാതെയുള്ള സംഭവം. മനസ്സറിഞ്ഞും ഇങ്ങനെ സംഭവിക്കാമല്ലോ, പെണ്ണൊരുങ്ങിയാൽ? നിങ്ങൾ പോകുന്ന സമയം കണക്കാക്കി അവൾക്കു് ശങ്കയെന്യേ തന്റെ ജാരനെ ക്ഷണിക്കാം. നിങ്ങൾ രഹസ്യക്കാരിയുമായി രമിക്കുമ്പോൾ, നിങ്ങളുടെ ഭാര്യ അവളുടെ രഹസ്യക്കാരനുമായി രമിക്കുന്ന ചിത്രം നിങ്ങൾ സങ്കല്പിച്ചു നോക്കു. നിങ്ങൾക്കു് ആകാമെങ്കിൽ, അവൾ[illegible] എന്തുകൊണ്ടായിക്കൂടാ എന്ന യുക്തിയും നിങ്ങ[illegible]ന്തിക്കണം. ഒരു വശത്തേക്കു മാത്രം സഞ്ചരിക്[illegible]വുന്ന വല്ല പാലവുമുണ്ടോ ലോകത്തിൽ?

അന്യസ്ത്രീകളിൽ അഭിലാഷം അങ്കുരിക്കുമ്പോഴോ, ഒരു അന്യസ്ത്രീയുടെ സങ്കേതത്തിലേക്കു പുറപ്പെട്ടുമ്പോഴോ, ഒരു അന്യസ്ത്രീയെ വശഗയാക്കാനുള്ള വഴികളാലോചിക്കുമ്പോഴോ മുൻപറഞ്ഞരീതിയിൽ ചിന്തിക്കാൻ നിങ്ങൾ ബോധപൂർവ്വം ശീലിക്കുക. ആ ചിന്തകളുടെ കടന്നൽക്കൂട്ടം നിങ്ങളുടെ ഹൃദയത്തിൻെറ എല്ലാ ഭാഗങ്ങളും കുത്തിനോവിപ്പിക്കും. ആത്മപീഡനകുതുകിയെ

പ്പോലെ, ആ പ്രതിഭാസം കുറേനേരത്തേക്കു തുടരാൻ അനുവദിക്കുക. നിങ്ങൾ അകപ്പെട്ടുപോയ അഴുക്കുചാലിൽനിന്നു് അതിവേഗം നിങ്ങൾക്കു് കരകയറാൻ കഴിയും. സുഖാനുഭവങ്ങളാണു് ഒരു പ്രവൃത്തി ആവർത്തിക്കാൻ നമ്മെ പ്രചോദിപ്പിക്കുക. അസുഖാനുഭവങ്ങളാകട്ടെ പിന്തിരിപ്പിക്കുകയേ ചെയ്യൂ.

G. V. SMARAKA GRANDHASALA
Reg: No: 398
THENNOORKONAM
VIZHINJAM

## 7. ചെറിയവയിൽനിന്നു് വലിയവയിലേക്കു്

### പ്രശ്നം

വല്ലാത്ത അലസത എന്നെ പിടികൂടി ഗ്രസിച്ചു കഴിഞ്ഞിരിക്കുന്നു. മടിയുടെ മായികമായ മടിത്തട്ടിൽ നിന്നു് വിടുതൽനേടണമെന്നു ഞാൻ പലപ്രാവശ്യം ശപഥംചെയ്തിട്ടുണ്ടു്. ഉപഗുപ്തനോടു പ്രണയം തോന്നിയതിനുശേഷം ചെട്ടിയാരെ ഉപചരിച്ച വാസവദത്തയെപ്പോലെ, എന്റെ മനസ്സു വീണ്ടും മടിയെത്തന്നെ അഭയം പ്രാപിക്കുന്നു. ഈ വിഷമവൃത്തത്തിൽനിന്നു വിമോചനം നേടാൻ ഞാൻ എന്തുചെയ്യണം?

### പോംവഴി

തന്നെ ബാധിച്ചിരിക്കുന്ന അലസതയെക്കുറിച്ചു താങ്കൾ ബോധവാനാണു്. അത്രയും നന്നു്. അതു് ഒഴിവാക്കണമെന്ന കാര്യത്തിൽ താങ്കൾക്കു് അതിയായ താൽപര്യമുണ്ടുതാനും. അതു് അതിലേറെ നന്നു്. മടിയിൽ നിന്നു കരകയറാനുള്ള പരിശ്രമത്തിന്റെ പകുതിഭാരം അങ്ങനെ ലഘൂകരിക്കപ്പെട്ടിരിക്കുന്നു. ഇനിയുള്ള പരിശ്രമങ്ങൾ താരതമ്യേന എളുപ്പമാണെന്നു നിങ്ങൾ വിശ്വസിക്കണം. അല്ലെങ്കിൽ, അങ്ങനെ മനസ്സിൽ ആവർത്തിച്ചു മന്ത്രിച്ചു സ്വയം വിശ്വസിപ്പിക്കണം. ഒന്നോ രണ്ടോ ദിവസംകൊണ്ടു നിങ്ങളുടെ അലസത ദൂരീകരിക്കാൻ സാദ്ധ്യമായെന്നുവരില്ല. ബോധപൂർവ്വവും സജീവവും ക്രമീകൃതവുമായ ശ്രമം കുറേക്കാലത്തേക്കു് അനു

സ്വതമായി നടത്തുകതന്നെവേണം. ഈ മടി നിങ്ങളുടെ ആത്മാവിൽ വേരൂന്നിത്തുടങ്ങിയിട്ടു് എത്രകാലമായി? ആ കാലത്തിൻെറ ദൈർഘ്യത്തെ ആസ്പദിച്ചിരിക്കും, അതു് ഉന്മൂലനംചെയ്യാനുള്ള വൈഷമ്യവും. എന്തുകൊണ്ടെന്നാൽ, കാലം പഴകുന്തോറും അലസതാവൃക്ഷത്തിൻെറ അധികമധികം വേർപടലം കൂടുതൽ കൂടുതൽ ആഴത്തിലേക്കു് ഇറങ്ങിച്ചെല്ലും.

ചെറിയ ചെറിയ സംഭവങ്ങളിലൂടെമാത്രമേ മടിയെ ഗളഹസ്തംചെയ്യാനാവൂ. തായ്വേരല്ലല്ലോ ആദ്യം മുറിക്കുക! വശങ്ങളിലേക്കു വീശിയിട്ടുള്ള ഉപവേരുകളല്ലേ? അതുമാതിരി, ചെറിയ ചെറിയ കാര്യങ്ങളിൽ തോന്നുന്ന മടിയെ വേണം ആദ്യമാദ്യം നശിപ്പിക്കുക. അങ്ങനെ അലസതാവിരുദ്ധസമരത്തിനു് അടിക്കടി തടിമിടുക്കു കൈവരട്ടെ. പിന്നെപ്പിന്നെ, വലിയ കാര്യങ്ങളിൽ തോന്നുന്ന മടിയെ പിടികൂടാം.

ഉദാഹരണത്തിനു്, ഒരു ചെറിയ കാര്യം പ്രമാണിച്ചു് ഒരു സുഹൃത്തിനെ നിങ്ങൾക്കു കാണണമെന്നിരിക്കട്ടെ. ആ കർത്തവ്യം മനസ്സിൻെറ ഉപരിതലത്തിൽ പൊന്തിവരുന്നയുടനെതന്നെ, പിന്നെയാകട്ടെന്നോ നാളെയാകട്ടെന്നോ നിങ്ങളുടെ അലസത തീരുമാനമെടുത്തുകളയുന്നു—രൂപംകൊള്ളുന്നതിനുമുൻപേ നിങ്ങളുടെ ഒരു പ്രിയജനം ഒരു തീരുമാനത്തെ ഛിദ്രിപ്പിക്കുന്നതുപോലെ! ആ തീരുമാനത്തിനു്, പ്രേയസിയുടെയോ സുഹൃത്തിന്റെയോ അഭിപ്രായപ്രകടനത്തിനെന്നതുപോലെ വഴങ്ങി, തൽക്കാലം പോകണ്ടെന്നു നിങ്ങൾ വയ്ക്കുന്നു. ഈ പ്രതിസന്ധിയിലാണു നിങ്ങളുടെ ബോധം ഉണർന്നു പ്രവർത്തിക്കേണ്ടതു്.

പിന്നെയാകട്ടെന്നോ നാളെയാകട്ടെന്നോ തീരുമാ

നിച്ചതു സത്യത്തിൽ നിങ്ങളാണോ? നിങ്ങൾക്കുവേണ്ടി നിങ്ങളുടെ അലസതയാണ് ദുസ്സ്വാതന്ത്ര്യപൂർവ്വം ആ തീരുമാനം രൂപപ്പെടുത്തിയതു്. നിങ്ങൾ അതു് കൈക്കൊള്ളുകയേ ചെയ്തുള്ളൂ. ഈ വസ്തുത തന്റേടത്തോടെ നിങ്ങൾ മനസ്സിലാക്കണം. ആ തീരുമാനത്തെ ചെറുത്തു തോല്പിക്കാനുള്ള ആത്മശക്തി നിങ്ങൾ വളർത്തിയെടുക്കേണ്ടതുമുണ്ടു്. ഉടനെ നിങ്ങളുടെ ബോധമണ്ഡലം വെല്ലുവിളിയോടെ മറെറാരു തീരുമാനം എടുക്കണം: 'എന്നാൽ, ഇപ്പോൾത്തന്നെ പോയിട്ടു കാര്യം!'

മനസ്സിൻെറ ഒരു കോണിൽനിന്നു് ഉടനേ മറെറാരു ന്യായം ഉന്നയിക്കപ്പെട്ടേക്കാം: 'ഇപ്പോൾ അത്ര അത്യാവശ്യമൊന്നുമില്ലല്ലോ. പിന്നയാകുന്നതുകൊണ്ടു് വലിയ കുഴപ്പമൊന്നും വരാനില്ല.' ആ കോണിലേക്കു് സൂക്ഷിച്ചുനോക്കൂ. ആരാണു് ആ ന്യായം അവതരിപ്പിക്കുന്നതു്? മടിയെന്ന പിശാചുതന്നെയല്ലേ? അവനെ രക്ഷപ്പെടാൻ അനുവദിക്കരുതു്. ജാഗ്രത! അതേതരത്തിൽ, അക്കാര്യം പിന്നീടത്തേക്കു മാററിവയ്ക്കാനുള്ള പല മുടന്തൻന്യായങ്ങളും മനസ്സിൻെറ പല ഭാഗങ്ങളിൽനിന്നു് ഉയർന്നുവരാം. അവയിൽച്ചിലതു് യുക്തിക്കു നിരക്കുന്നതുമായിരിക്കും. പക്ഷേ, ആരാണു് യുക്തിസഹമായ ആ ന്യായങ്ങളുമായി മുന്നേറുന്നതു്? മടിയെന്ന പിശാചുതന്നെ. അവൻതന്നെയാണു് മനസ്സിൻെറ പല കോണുകളിൽ മാറിനിന്നു് പുതിയപുതിയ തൊടുന്യായങ്ങൾക്കു് ശബ്ദംനല്കുക. ആ ന്യായാഭാസങ്ങൾക്കു വഴങ്ങി നിങ്ങളുടെ കർത്തവ്യം ഒട്ടും നീട്ടിവയ്ക്കരുതു്. നീട്ടിവച്ചാൽ, ആ പഴുതിലൂടെ അലസതാരാക്ഷസൻ നമ്മുടെ മേൽ ആധിപത്യം സ്ഥാപിച്ചുകളയും! ഒരു കാര്യം, തോന്നിക്കഴിഞ്ഞാൽ ഉടൻതന്നെ ചെയ്യുക. അലസതയ്ക്കു

ലഭിക്കുന്ന ഒരു തകപ്പൻ ആഞ്ഞടിയായിരിക്കും അതു്. അലസതയുടെ ഒരു ഇട്ടവേരു് അതോടെ മുറിഞ്ഞുപോകുന്നു. എല്ലാ കാര്യങ്ങളിലേക്കും വഴിക്കുവഴി ഈ വ്യാപാരം വ്യാപിപ്പിച്ചാൽ ഫലം ആശാവഹമായിരിക്കും; ശീഘ്രലഭ്യമായിരിക്കും.

അതുപോലെ നിങ്ങൾ ചെയ്യേണ്ട ജോലി മററാരെയെങ്കിലുംകൊണ്ടു ചെയ്യിക്കാനുള്ള പ്രേരണയും മടിയിൽനിന്നാണു് ഉയരുന്നതു്. മറെറാരു മുറിയിൽക്കിടക്കുന്ന പത്രം നിങ്ങളുടെ മകനെയോ അനുജനെയോ ഭൃത്യനെയോകൊണ്ടു് എടുപ്പിക്കുകയല്ല വേണ്ടതു്. നിങ്ങൾതന്നെ, ചാരുകസേരയിൽനിന്നോ കിടക്കയിൽനിന്നോ ചാടിയെഴുന്നേററു ചെന്നു് എടുത്തു കൊണ്ടുപോരുതോ? ഭാര്യയെക്കൊണ്ടു വെള്ളമെടുപ്പിച്ചു മുഖം കഴുകുന്നതിലും എത്രയോ എളുപ്പമാണു് നിങ്ങൾതന്നെ കിണററുകരയിൽച്ചെന്നു വെള്ളംകോരി കഴുകുക! ഉറക്കമുണരുന്ന ഇടവേളകളിൽ മൂത്രമൊഴിക്കണമെന്നോ വെള്ളം കുടിക്കണമെന്നോ തോന്നിയാൽ ഉടനെ കിടക്കയിൽനിന്നു് ചൊടിയോടെ എഴുന്നേല്ക്കുക. കുളക്കരയിൽച്ചെന്നാൽ, വെള്ളത്തിൽ പ്രതിഫലിക്കുന്ന പ്രകൃതിഭംഗി നിരീക്ഷിക്കാൻ നില്ക്കാതെ, ചെന്നപാടെ തുകത്തുടുത്തു കുളത്തിലിറങ്ങി മുങ്ങിക്കുളിക്കുക.

ഇതുപോലെ, നിങ്ങളുടെ ജീവിതവ്യാപാരങ്ങളെല്ലാംതന്നെ, സാരമായ അസൗകര്യങ്ങളും ദോഷങ്ങളും ഇല്ലെങ്കിൽ, പിന്നത്തേക്കു് മാററിവയ്ക്കാതെ് ഉടനുടൻ ചെയ്തുതീർക്കുക. അതെത്ര സാരമേറിയതാകട്ടെ, നിസ്സാരമാകട്ടെ—യാതൊരു വിവേചനവും കാണിക്കേണ്ടതില്ല. ഒരു തെങ്ങിന്റെ ഓലത്തുഞ്ചിൽനിന്നു് മറെറാരു തെങ്ങിന്റെ ഓലത്തുഞ്ചിലേക്കും തുടന്നു മററു തെങ്ങുകളി

ലേക്കം അണ്ണാൻ പാഞ്ഞുപോകുന്നതു കണ്ടിട്ടില്ലേ? അതു പോലെ, കത്തവ്യങ്ങൾ ഇടവേളക്കുടാതെ, ചങ്ങലപോലെ തുടച്ച്യയായി, നിങ്ങൾക്കു ചെയ്യാൻ കഴിയുമോ? നിശ്ചയദാർഢ്യത്തോടെ ഒന്നു പരീക്ഷിച്ചുനോക്കു. പരീക്ഷണം വിജയപയ്യവസിതമായിത്തീരാതിരിക്കുകയില്ല. പരീക്ഷണത്തിന്റെ ആ ജൈത്രയാത്രയിൽ, നിങ്ങളുടെ അലസത വളരെവേഗം നിലംപതിക്കുന്നതു് നിങ്ങൾക്കു കാണാൻ കഴിയും.

## 8. സ്വയമേവാഗതാ വരാ

### പ്രശ്നം

ഞാൻ ഒരു പെൺകുട്ടിയെ പ്രേമിക്കുന്നു. എൻെറ പ്രേമം .വളരെ ആത്മാർത്ഥവും സുദൃഢവുമാണ്. എന്നാൽ, അവൾക്കാകട്ടെ എന്നോട്ട് തരിമ്പും ഇഷ്ടമില്ല. ഞാൻ ഒരു കത്തു കൊടുത്തിട്ട് ഒരു മറുപടി തരാൻ ഇതേവരെ കൂട്ടാക്കിയിട്ടുമില്ല...

### പോംവഴി

നിങ്ങൾക്കു പ്രേമമുണ്ടെന്നു് കത്തുമുഖേന അവൾ അറിഞ്ഞുകഴിഞ്ഞു. എഴുത്തു നീട്ടുമ്പോൾത്തന്നെ ഉദ്ദേശ്യമെന്തെന്നു് ഗ്രഹിക്കാൻ സാധിക്കുമല്ലോ. അതിൽ സംശയിക്കേണ്ട. പക്ഷേ, പ്രേമത്തിൻെറ ആത്മാർത്ഥതയും ദാർഢ്യവും അവൾക്കു ബോദ്ധ്യമാകേണ്ടതു്, പാതിരാവിളക്കിൽ പാകപ്പെട്ടുത്തിയ സാഹിത്യഭംഗി കലന്ന കത്തിലൂടെയല്ല. പ്രത്യക്ഷാനുഭവത്തിലൂടെ അതവൾക്കു മനസ്സിലാകണം. നിങ്ങളുടെ നോട്ടവും ഭാവവും പെരുമാററവുംകൊണ്ടു് അവൾ അതു ഗ്രഹിച്ചുകൊള്ളും. ഒന്നു നോക്കിയാലുടനേ, കാന്തത്തെയെന്നപോലെ നിങ്ങളെ അവൾ ചാടിപ്പിടിക്കണമോ? ഒരു കത്തു കിട്ടിയാൽ, വായിച്ചുതീൎന്നയുടനേ മറുപടിയെഴുതി കൈയോടെ അയച്ചുതരണമോ? അങ്ങനെയൊരു നിർബ്ബന്ധിതനിയമമൊന്നും പ്രേമത്തിൻെറ ലോകത്തിലില്ല. മിന്നുന്നതെല്ലാം പൊന്നല്ലെന്നു് ഇക്കാലത്തെ പെൺകുട്ടികൾക്കു് അസ്സലായിട്ടറിയാം. തലമുറതലമുറയായി നടന്നുപോന്നി

ട്ടുള്ള ശാകുന്തളംനാടകങ്ങൾ, പുരുഷന്റെ ഉള്ളു ചുഴ്ന്നു നോക്കണമെന്നാണ് അവരെ പഠിപ്പിച്ചിട്ടുള്ളത്.

നിങ്ങളെ അവൾ ഇഷ്ടപ്പെട്ടുന്നില്ലെന്ന് എങ്ങനെ മനസ്സിലായി? മറുപടി കിട്ടാഞ്ഞിട്ടോ? മറുപടിയെഴുതാൻ സമയവും സൗകര്യവും ലഭിക്കാഞ്ഞിട്ടാവാം. താൻ വളരെ ഭയപ്പെട്ടുന്ന രക്ഷാകർത്താക്കൾ കാണാതെയും അറിയാതെയും വേണ്ടേ എഴുതാൻ? അതിന്ന് തക്കം പാർത്തിരിക്കേണ്ടിവരും. എങ്ങനെ എഴുതണം, എന്തെഴുതണം എന്നൊക്കെ രൂപം കിട്ടേണ്ടേ? പ്രേമാർത്ഥനയ്ക്കു പ്രത്യുത്തരം നല്കുന്നതിനു മുൻപ് ഒരു യുവതിക്ക് നൂറായിരം കാര്യങ്ങളെക്കുറിച്ച് മറിച്ചും തിരിച്ചും ചിന്തിക്കേണ്ടതുണ്ട്. ഭാവിയെക്കുറിച്ച് ആവിർഭവിക്കുന്ന പല ആശങ്കകൾക്കും പരിഹാരം കാണേണ്ടതുണ്ട്. അല്ലെങ്കിൽത്തന്നെ, ഒററയേറിനു വീണുകിട്ടുന്ന കനിയൊന്നുമല്ല പ്രേമം. ഇടയ്ക്കു ചോദിക്കട്ടെ; അവൾക്കു് എഴുത്തും വായനയും അറിയാമായിരിക്കുമല്ലോ. കത്തെഴുതുന്നതു് ബുദ്ധിപൂർവ്വമല്ലെന്നു് കരുതുന്ന പെൺകുട്ടികളുമുണ്ടു്. കൈമാറിപ്പോകുകയോ കൈമോശംവരികയോ ചെയ്താലോ?

നിങ്ങൾക്കു് അവളോടു് ഒന്നു സംസാരിച്ചുനോക്കരുതോ? നിങ്ങളുടെ ഇംഗിതങ്ങളും വികാരങ്ങളും സാവകാശമായി അവതരിപ്പിക്കുക. അവളുടെ മറുപടികളും മുഖഭാവങ്ങളും നിരീക്ഷിക്കണം. ഇങ്ങോട്ടും പ്രേമമുണ്ടെങ്കിൽ, മനസ്സിലാക്കാൻ വിഷമമുണ്ടാവില്ല. തിടുക്കം കൂട്ടി തകരാറുണ്ടാക്കാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം. അക്ഷമകാട്ടിയാൽ, ആ അക്ഷമയുടെ നിദാനമെന്തെന്നു് അവൾ ശങ്കിക്കും.

സംസാരിക്കാൻ അവസരം തരാതിരിക്കുകയോ, വ്യക്തമായ മറുപടി പറയാതെ ഒഴിഞ്ഞുമാറുകയോ ചെയ്താൽ, അവളോടുള്ള നിങ്ങളുടെ പ്രേമം തുടരാതിരിക്കയാണു് ഉത്തമം. ഏകപക്ഷീയമായ പ്രേമമാണെങ്കിലും, വേരൂന്നിക്കഴിഞ്ഞാൽ പിഴുതെറിയുക പ്രയാസകരവും വേദനാകരവുമായിരിക്കും. പ്രേമഭംഗം ഗർഭച്ഛിദ്രംപോലെ മനസ്സിനെയും ശരീരത്തെയും ക്ഷീണിപ്പിച്ചു തളർത്തിക്കളയും. ഒക്കെ ശരിയാണു്. തെററിദ്ധാരണകൾ എത്രയെത്ര ജീവിതങ്ങളെ തകർത്തിട്ടുണ്ടെന്നോ? അതിനാൽ, നിങ്ങളുടെ പ്രേമസൗധം ചളിക്കുണ്ടിലാണോ നിലയുറപ്പിച്ചിട്ടുള്ളതെന്നു പരിശോധിച്ചറിയാൻ വൈകിച്ചുകൂടാ.

നിങ്ങളോടു് അവൾക്കു പ്രേമമില്ലെന്നു കണ്ടാൽ ഒട്ടും നിരാശപ്പെടരുതു്. മറെറാരാളിൽ അവൾ അനുരക്തയാണെന്നു വരരുതോ? ഒരുപക്ഷേ, അവളുടെ കല്യാണം ഉറച്ചിരിക്കയൊവാം. ഒരു പ്രേമകഥയിലെ നായികയാവുന്നതിനു് അവൾ തയാറല്ലായിരിക്കാം—ഒന്നുകിൽ തൽക്കാലം; അല്ലെങ്കിൽ ഒരിക്കലും! ഒരുവേള അവളുടെ സങ്കല്പത്തിനും അഭിരുചിക്കും ഇണങ്ങുന്നവനല്ലായിരിക്കാം നിങ്ങൾ. നിങ്ങൾ പ്രേമിക്കുന്നുവെന്ന കാരണത്താൽ, അവൾ ഇങ്ങോട്ടും പ്രേമിച്ചുകൊള്ളണമെന്നില്ലല്ലോ.

ഒരിക്കലും, വെട്ടിപ്പിടിക്കേണ്ടതും ഞെക്കിപ്പഴുപ്പിക്കേണ്ടതുമല്ല പ്രേമം. അതു്, സ്വയമേവാഗതമായിരിക്കണം. എങ്കിലേ പ്രേമം പ്രേമമാകൂ. നിങ്ങളെ അവഗണിക്കുന്നവളുടെ പുറകേ, വീണ്ടും ഭിക്ഷാപാത്രവുമായി കെഞ്ചിനടക്കരുതു്. അവൾക്കു് ശല്യവും നിങ്ങൾക്കു് അവമാനവുമായിരിക്കും അതു്. നിങ്ങളെ പ്രേമിക്കാതി

രിക്കാനുള്ള സ്വാതന്ത്ര്യം അവൾക്കുണ്ടു്. ഇഷ്ടമില്ലാത്ത വളുടെ മേൽ പ്രേമം അടിച്ചേല്പിക്കാൻ നിങ്ങൾക്കു് അധികാരവുമില്ല. അവളെ അവളുടെ പാട്ടിനു് വിട്ടേക്കുക. സ്ത്രീവംശത്തിന്റെ കുററിയററുപോയിട്ടില്ലല്ലോ. മറെറാരു പെൺകുട്ടിയെ നിങ്ങൾ അന്വേഷിക്കു. സത്യമായും, ഏതോ ഒരു പെൺകുട്ടി നിങ്ങളുടെ പ്രണയമധുവിനുവേണ്ടി തപസ്സുചെയ്യുന്നുണ്ടാവും. ചെല്ലൂ, ഈ മണലാരണ്യം താണ്ടി അവളുടെ സവിധത്തിലെത്തൂ, വേഗം!

## 9. ചിരിയും മറുചിരിയും

### പ്രശ്നം

എന്നെക്കാണുമ്പോൾ ഒരു പെൺകുട്ടി നന്നായി ചിരിക്കാറുണ്ട്. വളരെനേരത്തേക്കു ഞങ്ങളുടെ കണ്ണുകൾ തമ്മിൽ ഇടയാറുണ്ടെന്നും പറയാം. എനിക്കു ചിരി വരാറില്ല. ചിരിച്ചാൽക്കൊള്ളാമെന്നാഗ്രഹമുണ്ട്. ചിരിക്കണമെന്നു പല തവണ തീരുമാനിച്ചുറയ്ക്കുകകൂടി ചെയ്തു. എന്നിട്ടും ചിരിക്കാനൊക്കുന്നില്ല.

### പോംവഴി

ആ പെൺകുട്ടി ചിരിക്കുന്നതു് പ്രേമംകൊണ്ടുതന്നെയാവണമെന്നില്ല. അങ്ങനെ നിങ്ങൾക്കു തമ്മിൽ പ്രേമംജനിക്കാവുന്ന സാഹചര്യങ്ങൾ ഉണ്ടായിട്ടില്ലല്ലോ. ഉണ്ടായിരുന്നെങ്കിൽ, നിങ്ങൾക്കു് അവളുടെ നേർക്കു് അനായാസമായും സ്വാഭാവികമായും പുഞ്ചിരിക്കാൻ കഴിയുമായിരുന്നു. മറേറതെങ്കിലും വഴിയിൽ നിങ്ങളെ അവൾക്കു പരിചയമുണ്ടെന്നുവരാം. നിങ്ങളെ കാണുന്ന മാത്രയിൽത്തന്നെ ചിരിച്ചുപോകുന്ന എന്തെങ്കിലും കാര്യം നിങ്ങളെക്കുറിച്ചു് അവൾ ഓർക്കുന്നുണ്ടാവുമോ? അതിനു് എന്തെങ്കിലും പഴുതുണ്ടോ എന്നന്വേഷിക്കണം. അവളുടെ ഗൃഹപരിസരങ്ങളെക്കുറിച്ചും ബന്ധങ്ങളെക്കുറിച്ചും തിരക്കിയറിയണം. നിങ്ങളുടെ വിദ്യാർത്ഥിജീവിതത്തിലെ എന്തെങ്കിലും അമളികളെക്കുറിച്ചു് ഒരു സഹപാഠിമുഖേന അവൾ അറിയരുതെന്നുണ്ടോ? നിങ്ങളുടെ ഒരു കോമാളിവേഷത്തെക്കുറിച്ചു് ഏതെങ്കിലും

മാർഗ്ഗത്തിലൂടെ അവൾക്കു ഗ്രഹിക്കാൻ കഴിഞ്ഞിട്ടുണ്ടാവു കയില്ലേ? നിങ്ങളുടെ തുറിക്കണ്ണോ, ഉണ്ടമൂക്കോ, താടിയെ ല്ലോ കണ്ടിട്ട് അവൾക്കു ചിരിയടക്കാൻ കഴിയാത്തതാ വുമോ? ആവോ, ആർക്കറിയാം! അതിനൊന്നിനും സാ ദ്ധ്യതയില്ലെങ്കിൽ, പ്രേമംകൊണ്ടാണു ചിരിക്കുന്നതെന്നൂ ഹിക്കാൻ വിരോധിമല്ല.

ചില പെൺകുട്ടികൾക്ക് ഒരു ദുശ്ശീലമുണ്ട്. കൂട്ട കാരികളോടു സംസാരിക്കുമ്പോൾ അവർ ചുമ്മാ ചിരി ച്ചുകൊണ്ടിരിക്കും. ചിരിക്കുന്നസമയം, കണ്ണ് പറന്നു ചെന്ന് സമീപത്തുള്ള ഒരാളുടെ മേൽ ചേക്കലേറിയെ ന്നും വരാം. മനസ്സും കണ്ണുംകൊണ്ട് പുരുഷവേട്ട നടത്തു ന്ന ചില പ്രകൃതക്കാരികളുമുണ്ട്. അല്ലെങ്കിൽ, ആ പെണ്ണ് പററിയ ഒരു ഇണയെ തെരഞ്ഞെടുക്കാൻ ഉഴറു ന്നുണ്ടാവാം. തൻെറ സ്ത്രീത്വത്തെയും യൗവനത്തെയും സൗന്ദര്യത്തെയും അംഗീകരിക്കുന്ന കണ്ണുകളേത്? സ്വാ ഗതംചെയ്യുന്ന കണ്ണുകളേത്?—ആ പെൺകുട്ടിയുടെ കണ്ണുകൾ അക്കാര്യം തേടുകയാവാം.

അതിരിക്കട്ടെ. തമ്മിൽ പ്രേമമാകത്തക്കവണ്ണം ഒന്നും സംഭവിച്ചിട്ടില്ലല്ലോ എന്നതാണു നിങ്ങളുടെ അ ത്ഭുതം; ഇല്ലേ? ആ രീതിയിലും ആകസ്മികമായി പ്രേമം നാമ്പിടാവുന്നതാണ്. സോപാധികമെന്നതുപോലെ, നി രുപാധികവുമാകാം പ്രേമം. ആദ്യമായി കാണുമ്പോൾ ത്തന്നെ, അനിർവ്വചനീയമായ ഒരു ആകർഷണം തോന്നി യെന്നുവരാം. ആ ആകർഷണത്തിൻെറ അടിസ്ഥാനമെ ന്തെന്നു നമുക്കു പിടികിട്ടിയെന്നിരിക്കില്ല. ആ കൗതുകം പില്ക്കാലത്തു പ്രേമമായി വികസിക്കാൻ പാടില്ലായ്ക യില്ലതാനും.

നിങ്ങൾക്കു ചിരിക്കാൻ കഴിയാത്തതിൽ അത്ഭുത

ത്തിന്ന് അവകാശമില്ല. എന്തു മുതൽമുടക്കിന്മേലാണു ചിരിക്കുക? സ്നേഹമുള്ളവർ തമ്മിലല്ലേ ചിരിക്കുക? അവൾക്കു നിങ്ങളോടു സ്നേഹമുണ്ടോ എന്നു നിങ്ങൾക്കു തീർച്ചയില്ല. അവൾക്കുതന്നെ തീർച്ചയുണ്ടോ ആവോ! നിങ്ങൾ അവളെ സ്നേഹിച്ചുതുടങ്ങിയിട്ടുമില്ല, സ്നേഹിക്കണോ വേണ്ടയോ എന്നു തന്നെ തീരുമാനിക്കേണ്ടതായിട്ടാണിരുപ്പ്. അഥവാ, പ്രേമമുണ്ടെങ്കിൽത്തന്നെ, അതു പരസ്പരം ആരായുകയും അംഗീകരിക്കുകയും വേണ്ടേ? നിങ്ങൾ തമ്മിൽ സംസാരിച്ചിട്ടില്ല. നിങ്ങൾ തമ്മിൽ അടുപ്പിക്കുകയോ കൂട്ടിക്കൊളുത്തുകയോ ചെയ്യുന്ന സംഭവങ്ങളൊന്നും ഉണ്ടായിട്ടുമില്ല. ഇതിനൊക്കെപ്പുറമേ, നിങ്ങൾക്കു തമ്മിൽ പരിചയംപോലുമില്ല. പിന്നെ എങ്ങനെ ചിരിക്കാനൊക്കും? തീരുമാനത്തിൻെറ വരുതിയിലൊന്നുമല്ല ചിരി. അതു സ്വമേധയാ വരണം. ആരുടെയും അനുവാദത്തിനായി അതു കാത്തുനില്ക്കാറുമില്ല.

എന്തുമാകട്ടെ, ചിരിക്കാൻ ഒരു നുണുങ്ങുവിദ്യ പറഞ്ഞുതരാം. ഒരു കൂട്ടുകാരൻെറകൂടി സഹായം വേണം. വെറും കൂട്ടുകാരനായിരുന്നാൽ പോരാ. വളരെ ഉററ സുഹൃത്തായിരിക്കണം. നിങ്ങളും കൂട്ടുകാരനും തമ്മിൽ ഉല്ലാസമായി സംസാരിച്ചുകൊണ്ടിരിക്കുക—ചിരിക്കാൻ ധാരാളം വകതരുന്ന സ്വച്ഛന്ദസംഭാഷണം. നിങ്ങൾ ചിരിക്കുന്നതെല്ലാം ആ പെൺകുട്ടിയെ നോക്കിയാവട്ടെ. ചിരിയുടെ ശാരീരികലക്ഷ്യം അവളാണ്; എന്നാൽ, മാനസികലക്ഷ്യം അവളൊട്ടല്ലതാനും. ആ ചിരി നൈസർഗ്ഗികവും സകാരണവുമായിരിക്കുമല്ലോ. ചിരിക്കാൻ പരുങ്ങൽ അനുഭവപ്പെടുകയുമില്ല. നിങ്ങളുടെ ചിരികൾക്ക് അവൾ ചിരിച്ചുകൊണ്ടു മറുപടി നല്കുന്നുണ്ടോ എന്നു ശ്രദ്ധിക്കുക. തരുന്നുണ്ടെങ്കിൽ, ഈ നടപടി

കുറേ ദിവസത്തേക്കു തുടരാം. അതിനിടയിൽ, പ്രേമമു ണ്ടെങ്കിൽ അതു് ഉറച്ചിരിക്കും; പ്രേമമില്ലെങ്കിൽ ഉണ്ടാ യിക്കഴിഞ്ഞിരിക്കും. തികച്ചും, ഒരു ഉഭയകക്ഷിവ്യാപാര മാണല്ലോ പ്രേമം. ഒട്ടവിൽ കൂട്ടുകാരന്റെ സഹാ യമില്ലാതെയും, കാരണം കൂടാതെയും അവളുടെനേക്കു നോക്കി നിങ്ങൾക്കു കുസൽകൂടാതെ ചിരിക്കാൻ കഴി യും. പ്രേമംതന്നെ മതിയായ കാരണമായിത്തീരും; അതു തന്നെ ഉതകുന്ന ഒരു സഹായിയുമായിത്തീരും.

ചിരിക്കാൻ തുടങ്ങിയ ഈ പ്രേമം ചിരിയിൽത്ത ന്നെ ഒതുങ്ങിയടങ്ങുമോ? അതോ, ചിരിയിൽത്തുടങ്ങി ചീറലിൽ അവസാനിക്കുമോ? ജീവിതാന്ത്യംവരെ നി ങ്ങൾക്കുതമ്മിൽ ഉള്ളുതുറന്നു ചിരിക്കാൻ കഴിയുമോ? ചിരിയുടെ കാമ്പു മുഴുവൻ എന്തെങ്കിലും ക്ഷുദ്രവികാര ങ്ങൾ കാൻതിന്നുകളയുമോ കാലാന്തരത്തിൽ? ഇക്കാര്യ ങ്ങളെല്ലാം നിങ്ങളെ രണ്ടുപേരേയും ആശ്രയിച്ചിരി ക്കുന്നു.

## 10. പലഹാരവും സ്നേഹവും

### പ്രശ്നം

എന്തെങ്കിലും പലഹാരവുമായിട്ടാണ് ഞാൻ എന്നും വൈകുന്നേരം വീട്ടിലെത്തുക. എല്ലാ കുട്ടികൾക്കും ഒപ്പം പങ്കിട്ടുകൊടുത്താലും വഴക്കും ബഹളവും പരാതിയും കരച്ചിലുമാണ്. അച്ഛൻ മക്കൾക്ക് പലഹാരം കൊണ്ടുവന്നതിന്റെറയാണ് ആ കേൾക്കുന്നത് എന്ന് അയൽക്കാർ പരിഹസിക്കാറുണ്ട്. ഒന്നും കൊണ്ടുവരാഞ്ഞാലോ...അക്കഥ പറയേണ്ട. ഒരു കൂട്ടക്കരച്ചിലാണ് പിന്നെ. അന്ന് എന്റെ അരികെ അവരാരും വരികതന്നെയില്ല.

### പോംവഴി

കുട്ടികളോടു നമുക്ക് അളവററ സ്നേഹവാത്സല്യങ്ങൾ തോന്നുക സഹജമാണ്. പക്ഷേ, അവ പ്രകടിപ്പിക്കേണ്ടതു് ആഹാരമോ പലഹാരമോ മുഖേനയല്ല. നല്ലനല്ല ആഹാരം തീർച്ചയായും കുട്ടികൾക്കു നല്കാൻ മാതാപിതാക്കന്മാർ ബാദ്ധ്യസ്ഥരാണ്. എന്നാൽ, ആഹാരം കുട്ടിയുടെ ശാരീരികാരോഗ്യത്തെ മാത്രമേ പുഷ്ടിപ്പെടുത്തുകയുള്ളു. അതുതന്നെ അമിതമോ ക്രമരഹിതമോ ആയാൽ ആരോഗ്യം തകരാറിലാകും. വാത്സല്യാതിരേകംകൊണ്ടു കുട്ടികൾക്കു ഗ്രഹണി പിടിപ്പിക്കുന്നവർ എത്രയെങ്കിലുമുണ്ടു്. അച്ഛൻ ഉണ്ണുമ്പോഴും, അമ്മ ഉണ്ണുമ്പോഴും, അങ്ങനെ ഓരോരുത്തരും ഉണ്ണുമ്പോഴും, പിന്നെ മററാരും ഉണ്ണാത്തപ്പോഴും, കുട്ടികൾക്കു വീണ്ടും വീണ്ടും

ആഹാരം നല്കുന്നതാണു കാരണം. അത്തരം ശീലങ്ങൾ കുട്ടികളിൽ ഉളവാക്കരുതു്; വളർത്തുകയുമരുതു്. കുട്ടികളുടെ ശാരീരികവളർച്ചയ്ക്കുതകുന്ന പോഷകാഹാരങ്ങൾ വേണ്ടത്ര നല്കണം. അതേ സമയംതന്നെ അതിനേക്കാൾ പ്രധാനം കുട്ടിയുടെ മാനസികാരോഗ്യമാണു്. സ്വഭാവം മോശമായാൽ, പില്ക്കാലജീവിതംതന്നെ പരാജയത്തിൽ കലാശിച്ചേക്കാം. പതിനഞ്ചു വയസ്സിനകം രൂപംപൂണ്ട വാസനകളും ശീലങ്ങളും പിന്നീടു പറിച്ചുമാററുക ദുഷ്കരമത്രേ.

പലഹാരം ഇടയ്ക്കിടെ കുട്ടികൾക്കു നല്കുന്നതു നന്നുതന്നെ. ആഹാരപദാർത്ഥങ്ങളിൽ പ്രതിപത്തി വർദ്ധിപ്പിക്കാനും മനസ്സിനു് ആഹ്ലാദം പകരാനും ജീവിതാശ ഉദ്ദീപിപ്പിക്കാനും അതു സഹായകമാകും. പക്ഷേ, പൊതുവേ പറഞ്ഞാൽ, പതിവായി പൈതങ്ങൾക്കു പലഹാരം നല്കുന്നതു് പന്തിയല്ല. ഒന്നാമതു്, നിത്യജീവിതത്തിലെ ആഹാരസമ്പ്രദായവുമായി ഇണങ്ങിച്ചേരുന്നതിൽനിന്നു കുട്ടികളെ അതു നിരുത്സാഹപ്പെടുത്തുന്നു. രണ്ടാമതു്, പതിവായ പലഹാരഭോജനം ദഹനേന്ദ്രിയത്തെ തകിടംമറിക്കും. മൂന്നാമതു്, നിങ്ങളെ പലഹാരത്തിലൂടെ മാത്രമേ കുട്ടികൾ സ്നേഹിക്കുകയുള്ളു.

നിരുപാധികമായ സ്നേഹമാണു് യഥാർത്ഥസ്നേഹം. അതിനേ ധാതുബലമുള്ളു. അതേ നിലനില്ക്കൂ. പലഹാരം നല്കുന്നതിലൂടെയാണു് നിങ്ങൾ കുട്ടികളോടു സ്നേഹം പ്രകാശിപ്പിക്കുന്നതെങ്കിൽ, പലഹാരം നല്കുന്നതുകൊണ്ടു മാത്രമായിരിക്കും അവർ നിങ്ങളെ സ്നേഹിക്കുന്നതും. നിങ്ങൾ അനുവർത്തിക്കുന്ന തെററായ സമീപനത്തിന്റെ സ്വാഭാവികവും അനിവാര്യവുമായ പ്രതികരണമാണതു്. കുട്ടികളെ കുററപ്പെടുത്തി, സ്വന്തം കുററ

C. V. SMARAKA GRANDHASALA
Reg: No: 988
THENNOORKONAM
VIZHINJAM (P.O)

ത്തിൽനിന്നു കുതറി രക്ഷപ്പെടാൻ നിങ്ങൾക്കു് അവകാശമില്ല. സ്നേഹവാത്സല്യങ്ങൾ, കടയിൽനിന്നു വിലയ്ക്കു വാങ്ങുന്ന പലഹാരങ്ങളിലാണെന്നു തെററിദ്ധരിക്കുന്ന നിങ്ങളുടെ വീക്ഷണം ഉപേക്ഷിച്ചേ പററൂ.

നിങ്ങൾ നല്കുന്ന പലഹാരത്തോടാണു കുട്ടികൾക്കു സ്നേഹം; വാസ്തവത്തിൽ നിങ്ങളോടല്ല. പലഹാരം കൊണ്ടുവരുമെന്ന ഒററക്കാരണത്താലാണു് അവർ നിങ്ങളെ വൈകിട്ടു കാത്തിരിക്കുന്നതു്. സത്യത്തിൽ അവയേക്കാളും സ്വാദിഷ്ഠവും പോഷകവുമായ പിതാവിൻെറ സ്നേഹവാത്സല്യലാളനാദികൾക്കുവേണ്ടിയല്ല. പലഹാരക്കൊതികൊണ്ടു മാത്രമാണു് നിങ്ങളെ കാണുമ്പോൾ അവർ ഉത്സാഹപൂർവ്വം തുള്ളിച്ചാടുന്നതു്.

പലഹാരം കൊണ്ടുവരാൻ ഒരുദിവസം സൗകര്യപ്പെട്ടില്ലെന്നിരിക്കട്ടെ; അല്ലെങ്കിൽ, മററു ബദ്ധപ്പാടുകൾക്കിടയിൽ അക്കാര്യം നിങ്ങൾ മറന്നുപോയെന്നുമിരിക്കും—അങ്ങനെയൊക്കെ ഈ ജീവിതത്തിൽ വന്നുകൂടെന്നില്ലല്ലോ? പലഹാരം കൊണ്ടുവരാത്ത നിങ്ങളെ, കുട്ടികലശലായി വെറുക്കുന്നു. പലഹാരം കൊണ്ടുവരാഞ്ഞതു് സ്നേഹമില്ലാഞ്ഞിട്ടല്ലേ? നിങ്ങളുടെ കാരണങ്ങളൊന്നും അവനു ബോദ്ധ്യമാകുകയില്ല. സ്നേഹമുണ്ടെങ്കിൽ, പലഹാരം കൊണ്ടുവരില്ലായിരുന്നോ? പലഹാരമില്ലാതെ അച്ഛനെന്തിനാണു വന്നതു്? പലഹാരത്തിൻെറ രൂപത്തിലായാലേ നിങ്ങളുടെ കുട്ടിക്കു് സ്നേഹത്തെക്കുറിച്ചു മനസ്സിലാക്കാൻ കഴിയൂ. നിങ്ങൾതന്നെയല്ലേ ആവിധം ഒരു ചിന്താഗതി കുട്ടിയിൽ നട്ടുമുളപ്പിച്ചതും നനച്ചു വളർത്തിയതും?

അതല്ല കഷ്ടം: പലഹാരം കൊണ്ടുവന്നാൽത്തന്നെ,

കുട്ടികളിൽ അതൃപ്തിയും പരാതിയും മാത്രമല്ലേ നിങ്ങൾക്ക് അവശേഷിപ്പിക്കാൻ കഴിയുന്നുള്ളു? എല്ലാവരും നോക്കിനില്ക്കേത്തന്നെ, തുല്യമായി ഭാഗിച്ചു വയ്ക്കുക. എന്നിട്ട്, ഓരോ പങ്കും ഓരോ കുട്ടിക്കു നല്കുക. ഓരോ കുട്ടിക്കും പ്രത്യേകം പ്രത്യേകമായി നല്കിയാൽ, തനിക്കു കുറഞ്ഞുപോയെന്നോ മററുള്ളവർക്കു കൂടുതൽ കിട്ടിയെന്നോ മറേറാ സംശയം തോന്നിയേക്കാം. എല്ലാവർക്കും അതേ സംശയംതന്നെ തോന്നിക്കൂടെന്നില്ല. പലഹാരക്കൊതിയിൽനിന്നു് ഉടലെടുക്കുന്നതാണു് ആ സംശയം. ഭേദഭാവന കൂടാതെ പെരുമാറുന്നതുകൊണ്ടു മാത്രമായില്ല. ആ പെരുമാററം കുട്ടികളെ ബോദ്ധ്യപ്പെടുത്തുകയും വേണം. പലഹാരം കുട്ടികളറിയാതെ കൊണ്ടുവന്നിട്ട്, പ്രത്യേകം പ്രത്യേകം പാത്രങ്ങളിൽ പങ്കിട്ടുവച്ചതിനു ശേഷം കുട്ടികൾക്കു നല്കുന്നതാണു് ഉത്തമം.

പലഹാരം കൊണ്ടുവന്നു കൊടുക്കുന്ന ഈ സമ്പ്രദായം ആവിഷ്കരിക്കാൻ ഇടയായതെങ്ങനെ എന്നോർമ്മയുണ്ടോ? ഒരുപക്ഷേ, രാവിലെ ജോലിസ്ഥലത്തേക്കോ മററു കാര്യസാദ്ധ്യത്തിനോ നിങ്ങൾ പുറപ്പെട്ടപ്പോൾ നിങ്ങളുടെ ആദ്യത്തെ കുട്ടി കരഞ്ഞുകാണണം. കുട്ടിയെ സാന്ത്വനിപ്പിക്കാൻവേണ്ടി, പലഹാരം വാഗ്ദാനം ചെയ്തിരിക്കാം. ഇന്നലെ ചെയ്ത ഒരു അബദ്ധം, പുതിയ പുതിയ സന്താനങ്ങൾ പിറന്നതിനുശേഷവും ഒരു ആചാരമായി നിങ്ങൾ പിന്തുടരുകയാവണം. കുട്ടി കരഞ്ഞതു് നിങ്ങളോടുള്ള സ്നേഹംമൂലമത്രേ. കരച്ചിൽ മാററാൻ നിങ്ങൾ കണ്ട പ്രതിവിധി, നിങ്ങളിൽനിന്നു പലഹാരത്തിലേക്കു കുട്ടിയുടെ താൽപര്യം പറിച്ചുനടുകയാണു്. എന്തു വിഡ്ഢിത്തമായിപ്പോയി അതു്! ഉദ്ദേശ്യത്തെ തോല്പിക്കുന്ന കുറുക്കുവഴി!

പലഹാരം കൊണ്ടുവന്നു കൊടുക്കുന്ന പതിവിനു്, ഇത്രകാലം വൈകിയാലുണ്ടെങ്കിലും വിരാമം ഇടുകയാണു് നല്ലതു്. ദൗർഭാഗ്യത്തിനു്, ദുശ്ശീലം മൂർച്ഛിച്ചപ്പോൾ മാത്രമേ പോംവഴിയേക്കുറിച്ചു നിങ്ങൾ ആലോചിച്ചുള്ളു. കഴിഞ്ഞതിനേപ്പററി ഓത്തു് ഇനി മനസ്സു പുണ്ണാക്കേണ്ടതില്ല. ഈ പതിവു് ഇനിയെങ്കിലും കഴിയുംവേഗം നിത്തണം. പലഹാരത്തിലൂടെയുള്ള സ്നേഹം വേണ്ടെന്നു തീരുമാനിക്കുക. പലഹാരം കൊണ്ടുചെന്നില്ലെങ്കിൽ, കുട്ടികൾക്കു നിങ്ങളെ കുറെ നേരത്തേക്കു വേണ്ടാതെവന്നേക്കും. അതിനെന്തു്? പലഹാരം കൊണ്ടുവന്നാലും, അതു് ആത്തിയോടെ തിന്നുതീരുംവരെ നിങ്ങളെ അവർ കൈവിട്ടുകളയുമല്ലോ! കുട്ടികൾക്കു പലഹാരമേ കൊടുക്കരുതെന്നല്ല. പലഹാരംനല്ലലും നിങ്ങളുടെ വരവും തമ്മിലുള്ള സംബന്ധം വിടത്തുകയേ വേണ്ടു.

പെട്ടെന്നു് അതു സാധ്യമല്ല. അങ്ങനെ ചെയ്യുന്നതു ബുദ്ധിപൂർവ്വവുമല്ല. പടിപ്പടിയായി അക്കാര്യം സാധിക്കാവുന്നതേയുള്ളു. ഒരു ഒഴിവുദിവസം വീട്ടിലിരുന്നു കൊണ്ടുതന്നെ മററാരെക്കൊണ്ടെങ്കിലും പലഹാരം വാങ്ങിപ്പിച്ചു കൊടുക്കാം. പിന്നെയൊരുദിവസം പലഹാരം കൂടാതെതന്നെ നിങ്ങൾ വരണം. എന്നിട്ടു്, നേരത്തേ വാങ്ങി സൂക്ഷിച്ചിട്ടുള്ള പലഹാരം സാവകാശമായി എടുത്തു കൊടുക്കുക. അവർ കാണാതെ വീട്ടിലെത്തിയിട്ടു യാതൊരു പ്രത്യേകതയും കൂടാതെ കുട്ടികളുടെ മുൻപിൽ പ്രത്യക്ഷപ്പെടുന്ന രീതിയും പരീക്ഷിച്ചുനോക്കാം. വേഷം മാറിയിട്ടാണു് അവരെ അഭിമുഖീകരിക്കുന്നതെങ്കിൽ, അന്നേരം വന്നതല്ല, നേരത്തേ വന്നതാണു്

എന്ന പ്രതീതി ജനിപ്പിക്കാൻ കഴിയും. പലഹാരം വാങ്ങാൻ അവരവരെത്തന്നെ ചുമതലപ്പെടുത്തുന്നതു നല്ലൊരു ഇടക്കാലാശ്വാസനടപടിയാവാം. അങ്ങനെയങ്ങനെ, ഈ ദുശ്ശീലത്തിനു് അറുതിവരുത്താൻ പ്രയാസമുണ്ടാവുകയില്ല. ഇന്നുതന്നെ അതിനായി ഉറച്ച തീരുമാനം കൈക്കൊള്ളുകയേ വേണ്ടൂ.

## 11. ഇടയ്ക്കിടെയുള്ള നാരങ്ങാക്കറി

### പ്രശ്നം

എന്റെ ഭാര്യ എപ്പോഴും എന്നോടു വഴക്കിടാറുണ്ടു്. അവൾക്കു് എന്നെ വെറുപ്പാണോ? ഞാനുമായുള്ള ജീവിതത്തിൽ അവൾക്കു തൃപ്തി തോന്നുന്നില്ലായിരിക്കുമോ? അതേസമയം, വഴക്കുകൂടാത്ത അവസരങ്ങളിൽ എത്ര തീവ്രമായ പ്രേമത്തോടെയാണു് അവൾ പെരുമാറുന്നതെന്നോ? വഴക്കുകൂടുമ്പോൾ, ആ സ്നേഹവായ്പൊക്കെ ഏതു പാതാളത്തിൽ ചെന്നൊളിക്കുന്നോ, ആവോ! ഒരു പിടിയും കിട്ടുന്നില്ല. പിടികിട്ടാത്ത ഒന്നാണോ സ്ത്രീഹൃദയം?...

### പോംവഴി

ഭാര്യയും ഭർത്താവും തമ്മിൽ ഇടയ്ക്കിടെ വഴക്കുണ്ടാവുക കേവലം സ്വാഭാവികവും സാധാരണവുമാണു്. ഒരിക്കലെങ്കിലും കലഹിക്കാത്ത ഭാര്യാഭർത്താക്കന്മാർ ഈ ലോകത്തുണ്ടാവുകയില്ല. ഉണ്ടെങ്കിൽ, അവരുടെ ദാമ്പത്യം, മറെറന്തെല്ലാം അനുകൂലസാഹചര്യങ്ങളുണ്ടായിരുന്നാലും, പഴങ്കഞ്ഞിപ്പരുവമായിരിക്കും. ഇടയ്ക്കിടയ്ക്കു വഴക്കിടുന്നതു്, പരമാർത്ഥത്തിൽ, നല്ലതാണു്. അത്തരം വഴക്കുകൾ പരസ്പരപ്രണയത്തെ ഉത്തരോത്തരം സംശുദ്ധവും സുശക്തവുമാക്കിത്തീർക്കും—ഉലയിലെ ജ്വാലകൾ സ്വർണ്ണത്തെയെന്നപോലെ!

വഴക്കുണ്ടാകുമ്പോൾ ഭാര്യാഭർത്താക്കന്മാർ തീപറക്കുന്നതും കുത്തുമൂർത്തതുമായ വാക്കുകൾകൊണ്ടു് അന്യോന്യം എറിയുമല്ലോ, ആ അഭിപ്രായങ്ങൾ, ഓരോരോ

സന്ദർഭങ്ങളിൽ അവക്കു തോന്നിയിട്ടുള്ളതാവാം. ഒരു അലോഹ്യമുണ്ടാക്കേണ്ട എന്നു വിചാരിച്ച്, വിട്ടുവീഴ്ചയുടെ പേരിൽ, ആ പ്രതികരണങ്ങൾ വിഴുങ്ങിയിരുന്നു. എന്നാലും ആ അതൃപ്തികളും വിമർശനങ്ങളും, ചാരത്തിനുള്ളിൽ തപസ്സുചെയ്യുന്ന തീക്കൊള്ളികൾപോലെ, മനസ്സിൻെറ നിഗൂഢതലങ്ങളിൽ നീറിനീറിക്കിടക്കുകയായിരുന്നു. വഴക്കുണ്ടാകുമ്പോൾ അതു ജ്വലിക്കുകയും പൊട്ടിച്ചീറുകയും ചെയ്യും. ആവക കാര്യങ്ങൾ മനസ്സിലെ മാലിന്യങ്ങളത്രേ. നാമറിയാതെതന്നെ അവ മനസ്സിൽ വ്രണങ്ങളുണ്ടാക്കുകയും ദൂഷിപ്പുണ്ടാക്കുകയും ചെയ്യും. വഴക്ക് ഈവക മാലിന്യങ്ങൾക്ക് ഒരു വിരേചനൗഷധമായി ഉപകരിക്കുന്നു. വയറിളക്കുന്ന മരുന്നു വയറിനെ ശുദ്ധമാക്കുന്നതുപോലെതന്നെയാണ് ഇതും.

വഴക്ക് ദാമ്പത്യത്തിൻെറ സ്വരത്തിനും താളത്തിനും രസത്തിനും ഒരു വൈചിത്ര്യം വരുത്തുന്നു. എന്നുമെപ്പോഴും ഏകതാനമായി സ്നേഹിച്ചുകൊണ്ടിരിക്കുന്നത്, നിയമേന ഒരേ സാധനങ്ങൾ കഴിക്കുന്നതുപോലെയാണ്. സ്നേഹം അമ്പലപ്പുഴപ്പാല്പായസമായിരിക്കാം. എന്നാലും ആ ഭോജ്യംതന്നെ കൂടുതൽ രുചികരമായിത്തോന്നും, ഇടയ്ക്കിടെ കയ്പും പുളിയുമുള്ള നാരങ്ങാക്കറി തൊട്ടുനക്കിക്കഴിഞ്ഞാൽ. പാല്പായസത്തിൽ ചെടിപ്പുതോന്നാതിരിക്കാൻ അതു വളരെ ഉപകരിക്കും. വഴക്കിൽ വിവിധവികാരങ്ങൾ അടങ്ങിയിരിക്കുന്നു. വീരം, രൗദ്രം, കരുണം, ഹാസ്യം, ബീഭത്സം, ഭയാനകം എന്നിങ്ങനെയുള്ള നാനാരസങ്ങളും കലഹത്തിൽ ഉൾച്ചേർന്നിരിക്കുന്നു. ഈ രസങ്ങൾ സാഹിത്യത്തിലെന്നതുപോലെ ജീവിതത്തിലും ശൃംഗാരത്തെ പോഷിപ്പിക്കാതിരിക്കില്ല. വിവിധരസസമ്മിളിതമായ പ്രേമകഥ

യെന്നപോലെ, പ്രേമവും അത്യന്തം ഉജ്ജീവകമായിത്തീരും. മേല്പറയപ്പെട്ട രസങ്ങളെല്ലാം കലഹങ്ങളിലൂടെ അനുഭവവേദ്യമായിത്തീരുന്നതിലുള്ള വൈചിത്ര്യവും ഹൃദയസമ്പൂത്തിയും അനവദ്യഹൃദ്യമത്രേ. മനസ്സിൻെറ പ്രത്യേകം പ്രത്യേകം ഭാഗങ്ങളിലാണ് വിവിധവികാരങ്ങളുടെ സ്ഫുലിംഗങ്ങൾ ഉറങ്ങിക്കിടക്കുന്നതെന്നു വരാം. എല്ലാ വൈകാരികാനുഭൂതികളും തൊട്ടുണത്തപ്പെട്ടാൽ, മനസ്സിനു സമതുലിതമായ വ്യായാമവും വികാസവും ലഭിക്കുമല്ലോ. ആ നിലയ്ക്കു്, വിവിധവിറ്റാമിനുകൾ അടങ്ങിയ ഒരു ടോണിക്കാണു് ദാമ്പത്യജീവിത്തിനു വഴക്കുകൾ എന്നു പറയാം. വഴക്കിനിടയിൽ പറയുന്ന വാക്കുകളും ഉണരുന്ന വികാരങ്ങളും മനസ്സിൽനിന്നു കഴുകിക്കളയണമെന്നുമാത്രം. കൂടെക്കൂടെ വഴക്കുകളുണ്ടാകുന്നുണ്ടോ? തൊട്ടതിനും പിടിച്ചതിനുമൊക്കെ ഭാര്യ വഴക്കുകൂട്ടുമോ? പ്രഥമൻെറ ഉപദംശമായ നാരങ്ങാക്കറിയുടെ സ്ഥാനമാണു വഴക്കിനുള്ളതെങ്കിൽ കുഴപ്പമൊന്നുമില്ല. വഴക്കു് പ്രഥമനും ഇഷ്ടം നാരങ്ങാക്കറിയുമായാൽ, സംഗതി സവിശേഷം ശ്രദ്ധിക്കണം. സ്ഥായിയായ കാരണം അതിനുണ്ടായിരിക്കയും ചെയ്യും. ആദ്യമേ പരിശോധിപ്പിക്കേണ്ടതു്, പ്രേയസിക്കു മാനസികമോ സിരാപരമോ ആയ എന്തെങ്കിലും തകരാറുണ്ടോ എന്നാണു്. അതൊന്നുമില്ലെങ്കിൽ, പഴി മുഴുവൻ അവളുടെമേൽ ചാരുന്നതു നീതിയായിരിക്കയില്ല. രണ്ടുപേരും ഒരുപോലെ കാരണക്കാരാവാൻ പഴുതുണ്ടു്. നിങ്ങൾ ഭാര്യയുടെനേക്കു മിക്കപ്പോഴും സംശയത്തിൻെറ കുന്തമുന ചൂണ്ടാറുണ്ടോ? ഭാര്യയുടെ പേരിൽ, നിങ്ങൾക്കു് എന്തെങ്കിലും കാരണവശാൽ അസൂയതോന്നാറുണ്ടോ? മാനസികവും ശാരീരികവുമായി നിങ്ങൾ അവളെ സംതൃപ്തിപ്പെടുത്താൻ

ശ്രദ്ധിക്കുന്നുണ്ടോ? ഒരു ഭർത്താവിൽനിന്നു കിട്ടേണ്ടതെല്ലാം അവൾക്കു നിങ്ങൾ നല്കുന്നുണ്ടെന്ന് ഉറപ്പുവരുത്തണം. ഒരു ഭാര്യയുടെ അവകാശങ്ങളിലും പദവികളിലും അധികാരങ്ങളിലും പ്രാധാന്യങ്ങളിലും നിങ്ങൾ കൈവക്കരുത്. ചവുട്ടിത്തേച്ചാൽ, ഏതു പഞ്ചപാവം ഭാര്യയും ചീററിക്കൊണ്ടു പത്തിവിടർത്തും! ഭാര്യയുടെ വ്യക്തിത്വത്തെ നിങ്ങൾ മാനിക്കണം. കുടുംബത്തിലെ തുല്യ പങ്കാളിത്തം അവൾക്കു നല്കിയേ മതിയാവൂ. എല്ലാ പരിരക്ഷകളും പരിലാളനകളും അവൾക്കു കിട്ടണം. ചെയ്യുതിനും ചെയ്യാത്തതിനും കണ്ണുമടച്ചു ശകാരിക്കരുത്. കിട്ടാൻ അർഹതയുള്ളതു് പിടിച്ചുപററാനുള്ള കുത്തിപ്പിട്ടത്തമാവുമോ ഭാര്യയുടെ വഴക്കുകൾ? അതോ, നിങ്ങൾ തന്നെ വഴക്കുകൾ കുത്തിയുണർത്തിവിട്ടിട്ട് അവളെ വഴക്കുകാരിയായി മുദ്രകുത്തുകയാണോ? ഏതായാലും, സ്വന്തം പെരുമാററങ്ങളും സമീപനങ്ങളും പ്രതികരണങ്ങളും നീതിപൂർവ്വമാണോ എന്നാണു രണ്ടാമതു പരിശോധിക്കേണ്ടതു്.

പൊതുതാൽപര്യമുള്ള സംരംഭങ്ങളിൽ ഭാഗഭാക്കുകളാകുന്നതു്, ഇത്തരം ഉരസലുകൾ കുറയ്ക്കാൻ സഹായിക്കും. ഒന്നിച്ചു തീർത്ഥയാത്രയ്ക്കോ ആഘോഷങ്ങൾക്കോ സിനിമയ്ക്കോ വിരുന്നിനോ വിനോദയാത്രയ്ക്കോ പോകുക; ഒന്നിച്ചു കൃഷിപ്പണിയോ ഗൃഹജോലിയോ ചെയ്യുക; വായിച്ച നോവലുകളെയും കണ്ട ചലച്ചിത്രങ്ങളെയും കുറിച്ചു ചർച്ച നടത്തുക; ബന്ധുമിത്രാദികളെപ്പററി പറയുക; സന്താനങ്ങളുടെ ഭാവിയെക്കുറിച്ചു സങ്കല്പങ്ങൾ നെയ്തെടുക്കുക—ഇത്യാദി. ഈശ്വരപ്രാർത്ഥനയും ക്ഷേത്രദർശനവും നല്ല പ്രത്യൗഷധങ്ങളായിരിക്കും.

പിന്നെ, വഴക്കുകൾക്കു പിന്നിലുള്ള സ്ത്രീമനശ്ശാസ്ത്രവും അല്പം ഗ്രഹിച്ചിരിക്കുന്നതു നന്ന്. ഒരു പാശ്ചാത്യവനിതയുടെ നിരീക്ഷണമാണ് ഇവിടെ അവലംബം. ഭർത്താക്കന്മാരോടു വഴക്കുകൂടുമ്പോഴും, ജയം തങ്ങളുടെ ഭാഗത്താകണമെന്ന് ഭാര്യമാർക്കു നിർബന്ധമില്ലത്രേ. ജയത്തിനുവേണ്ടി കഴിവിൻെറ പരമാവധി പരിശ്രമിക്കുമെങ്കിലും, ഭർത്താക്കന്മാർ ജയിച്ചുകാണാനാണ് ഭാര്യമാരുടെ ആഗ്രഹം. അപ്പോൾ, സ്വഭർത്താവിൻെറ കരുത്തിനെക്കുറിച്ച് അവൾക്കു ബോദ്ധ്യപ്പെടും. കരുത്തുള്ളവൻെറ കരങ്ങളിൽ മാത്രമേ തങ്ങൾക്കു സുരക്ഷിതത്വം ലഭിക്കൂ. തനിക്കു പരിരക്ഷ നല്കാൻതക്ക കരളുറപ്പു ഭർത്താവിനുണ്ടോ എന്നു പരീക്ഷിക്കുകയാണപോൽ, വഴക്കുകൾവഴി ഭാര്യ ചെയ്യുന്നതു്. ഭാര്യ പിടിച്ചുവലിക്കുമ്പോൾ ഭർത്താവു് അയഞ്ഞുകൊടുത്താൽ, ദുർബ്ബലനായ ഒരു സ്ത്രീജിതൻെറ ചിത്രമാണ് അയാളെക്കുറിച്ച് അവളിൽ ഉയരുന്നതു്. പക്ഷേ, താരതമ്യേന ചെറിയ ചില ബലപരീക്ഷകളിൽ, ഭാര്യയെ ഇടയ്ക്കിടെ ജയിക്കാൻ അനുവദിക്കുകയും വേണം.

കൂടെക്കൂടെയുണ്ടാകുന്ന കലഹങ്ങളിൽ പരിഭ്രമിക്കുകയും മററും വേണ്ട. കലഹങ്ങൾ കുറയ്ക്കണം; അവ നേർവഴിക്കു നയിക്കുകയും അവയിലൂടെ പ്രേമത്തിൻെറ മാററു വർദ്ധിപ്പിക്കുകയും ചെയ്യണമെന്നു മാത്രം.

# 12. ബുദ്ധിപൂർവ്വമായ വിതരണം

## പ്രശ്നം

എനിക്കു് അഞ്ചു കുട്ടികളുണ്ടു്. അവക്കുവേണ്ടിയാണു് ഞാൻ ജീവിക്കുന്നതുതന്നെ. അവക്കായി ഞാൻ വിശേഷപ്പെട്ട പല പദാർത്ഥങ്ങളും വാങ്ങിച്ചു കൊടുക്കാറുണ്ടു്. ഈയടുത്തൊരു ദിവസം ഞാൻ ഒരു പൈനാപ്പിൾ ചെത്താൻ തുടങ്ങി. അപ്പോൾത്തൊട്ടു് കുഞ്ഞുങ്ങൾ ചുറ്റും കൂടി ബഹളം കൂട്ടാനും ശാഠ്യം പിടിക്കാനും വഴക്കിടാനും കരയാനും തുടങ്ങി. എന്തു സാധനം കൊടുക്കാൻ തുനിഞ്ഞാലും ഇതുതന്നെയാണനുഭവം...

## പോംവഴി

കുട്ടികളിൽ സാധാരണ കാണാറുള്ള ഒരു ദുശ്ശീലമാണിതു്. ഈ ദുശ്ശീലം, മറ്റെല്ലാ ദുശ്ശീലങ്ങളെയുംപോലെ, ജന്മനാ കുട്ടികളിലുള്ളതല്ല; മാനത്തുനിന്നു പൊട്ടിവീണു മുളയ്ക്കുന്നതുമല്ല. മാതാപിതാക്കന്മാർതന്നെ അറിയാതെ അവരിൽ വളർത്തിയെടുക്കുന്നതാണു്. കുട്ടികളുടെ കാര്യത്തിൽ നാം വലിയ ശ്രദ്ധ ചെലുത്താറുണ്ടു്. പക്ഷെ, ചെലുത്തുന്ന ശ്രദ്ധ വേണ്ട വഴിക്കും രീതിയിലുമല്ലെന്നേയുള്ളു. വളരെ ചിന്തിച്ചും കരുതലോടുകൂടിയും വേണം നാം കുട്ടികളോടു പെരുമാറുക. എന്തുകൊണ്ടെന്നാൽ, നാംതന്നെ കുട്ടികളിൽ ദുശ്ശീലം പാകുകയും പുഷ്ടിപ്പെടുത്തുകയും ചെയ്തിട്ടു്, വൈകിയ വേളയിൽ വൈരാഗ്യപൂർവ്വം അവയെ വേരോടെ പിഴുതുകളയാൻ നടത്തുന്ന ശ്രമത്തിലൂടെ അവരെ വേദനിപ്പിക്കുന്നതു് എത്രയോ ക്രൂരമാണു്!

പൈനാപ്പിൾ കുട്ടികൾ കാൺകെ ചെത്താൻ തുടങ്ങിയതുതന്നെ തെറ്റ്. അവരെ കാണിച്ചു് അതു ചെയ്യിട്ടെന്തിനാണു്? അവരെ നേരത്തെതന്നെ കൊതിപിടിപ്പിക്കാനോ തിട്ടക്കംകൊള്ളിക്കാനോ? അതോ, എല്ലാം അവക്കുതന്നെ കൊട്ടത്തെന്നു് അവരെ ബോദ്ധ്യപ്പെട്ടത്താനോ? എങ്കിൽ, അതും തെററു്! തങ്ങൾ പ്രത്യേകാവകാശങ്ങളോട്ടകൂടിയവരാണെന്ന ഒരു മേനി അവരിൽ വേരുറയ്ക്കും. അതു ഭാവിയിൽ പല രംഗത്തും കുഴപ്പങ്ങളുണ്ടാക്കും; നിരാശയ്ക്കു പഴുതു നല്കുകയും ചെയ്യും. അവർ ഗൃഹത്തിൽ മററംഗങ്ങളെപ്പോലെ വളരട്ടെ; തുല്യപരിഗണനയുടെ സമതലഭൂമിയിലാണു് തങ്ങളെന്നു് അവർ മനസ്സിലാക്കട്ടെ.

പൈനാപ്പിളോ, മാമ്പഴമോ, പലഹാരമോ, എന്തുമായിക്കൊള്ളട്ടെ, കാണാമറയത്തുവച്ചുതന്നെ അതു് ഒരുക്കുകയും വീതിക്കുകയും ചെയ്യുക. ഓരോരുത്തക്കും പ്രത്യേകം പാത്രമെട്ടത്തു്, പ്രായത്തിനനുസരണമായ വിഹിതം വിളമ്പിവയ്ക്കുക. അഞ്ചു് ഇരിപ്പിടങ്ങൾക്കു മുമ്പിൽ ആ പാത്രങ്ങൾ നിരക്കട്ടെ. ഇരിപ്പിടങ്ങളും പാത്രങ്ങളും പ്രായത്തിൻെറ ക്രമത്തിൽ നിരത്തണം. എന്നിട്ടു മാത്രം അവരെ വിളിക്കുക. ഏതാനും ദിവസങ്ങൾകൊണ്ടു്, ഇരിപ്പിന്റെ ക്രമം അവർ പരിശീലിച്ചുകൊള്ളും. ആകസ്മികമായി വിശിഷ്ടഭോജ്യങ്ങൾ കിട്ടുന്നതിൻെറ രസം അവർ ആസ്വാദിക്കാതിരിക്കയില്ല. വിശേഷപ്പെട്ട പദാത്ഥങ്ങൾ രണ്ടാമതും വിളമ്പരുതു്. വീണ്ടും ചോദിക്കാനുള്ള പ്രവണതയെ നിരുത്സാഹപ്പെട്ടത്തണം. ചോദിച്ചിട്ടോ ചോദിക്കാതെയോ രണ്ടാമതും വിളമ്പിയാൽ, എന്താണു് അവർ ധരിക്കുക? കുറേ മാററിവച്ചിട്ടാണു കൊട്ടക്കുന്നതെന്നും, വീണ്ടും ചോദിച്ചാൽ എന്തും ലഭി

കുമെന്നും അ‌ല്ല? തീൻകഴിഞ്ഞാലും അവർ ചോദി ച്ചെന്നുവരും. കൊടുക്കാൻ സാധിക്കുകയില്ല. നോക്കൂ; കൊടുക്കാനുള്ളതിൽ കൂടുതൽ കോടുത്തു; എന്നിട്ടും കിട്ടാ ത്തതുമാതിരിയുള്ള കരച്ചിലും! ഇതിനേക്കാൾ മനംമടു പ്പും അലോസരവുമുണ്ടാക്കുന്ന മറെറന്താണുള്ളതു്?

ഈ രീതി പരീക്ഷിച്ചുനോക്കിയാൽ, കുട്ടികൾക്കു് ആഹാരം നല്കുന്നതു് സുഖകരമായ അനുഭവമായിപ്പരി ണമിക്കും. ഇല്ലെങ്കിൽ, സ്വൈരംകെടുത്തുന്ന ഒരു വിഷമ പ്രശ്നമായിത്തീരും. വിശിഷ്ടവസ്തുക്കൾ കൊടുത്തു നാം അവരെ സന്തോഷിപ്പിക്കുന്നതുപോലെ, വേണ്ട രീതി യിൽ പെരുമാറി അവർ നമ്മെയും സന്തോഷിപ്പിക്ക ണം. അക്കാര്യം അവരെ തീർച്ചയായും പഠിപ്പിക്കേണ്ടി യിരിക്കുന്നു. സ്വീകരിക്കുന്നതോടൊപ്പം നല്കുകയും ചെയ്യു ന്നതാണു് ജീവിതത്തിൻെറ രീതിയെന്നു് അവർ മന സ്സിലാക്കട്ടെ. ആ പരിശീലനങ്ങൾക്കു് അവർ ഭാവി യിൽ, നമ്മൾ മരിച്ചു മണ്ണടിഞ്ഞുകഴിഞ്ഞാലും, നന്ദി പറയുമെന്നു തീർച്ച.

# 13. കൊലപാതകങ്ങളും കൊലപാതകകഥകളും

പ്രശ്നം

കൊലപ തകകഥ വായിക്കാൻ വല്ലാത്ത കൗതുകമാണെനിക്കു്. അതൊരു ചീത്ത പ്രവണതയല്ലേ? കൊലപാതകവാസന എന്നിൽ വളൎന്നുവരുന്നുണ്ടോ എന്നു് സംശയം തോന്നുന്നു. കൊലപാതകം ഇഷ്ടപ്പെട്ടുന്നതുകൊണ്ടാണോ കൊലപാതകകഥകൾ ഞാൻ ഇഷ്ടപ്പെട്ടുന്നതു്?

G. V. SMARAKA GRANDHASALA
Reg: No: 998
THENNOORKONAM
VIZHINJAM P.O.

ഉത്തരം

കൊലപാതകകഥകളും കുററാന്വേഷണകഥകളും പതിവായി വായിക്കുന്ന ഒട്ടേറെപ്പേർ നമ്മുടെയിടയിൽ ഉണ്ടു്. യാത്രയ്ക്കിടയിലും ജോലിസ്ഥലത്തും കൂടെക്കൊണ്ടുനടന്നു സൗകര്യം കിട്ടുമ്പോഴെല്ലാം, ചില വൈദികന്മാർ വേദപുസ്തകമെന്നപോലെ, വായിക്കുന്നവരും ധാരാളമാണു്. അവരൊക്കെ കൊലപാതകത്തെ പ്രേമിക്കുന്നെന്നു പറഞ്ഞുകൂടാ. കൊലപാതകകഥകൾ തുടർച്ചയായി വായിക്കുന്നതുമൂലം ഒരാളിൽ കൊലപാതകമനസ്ഥിതി ഉണ്ടാകുമെന്നു വിധിക്കുന്നതും അസംബന്ധമാണു്. പാരമ്പര്യവശാലും സാഹചര്യവശാലും ഉണ്ടാകുന്നതാണു് അത്തരം വാസനകൾ. കുറ്റവാളികളെ ശ്രദ്ധിച്ചാൽ ഈ വസ്തുത മനസ്സിലാകും. ഒരേതരത്തിലുള്ള കുറ്റങ്ങളായിരിക്കും ഓരോരുത്തരും ചെയ്യുക. ചെയ്യുന്ന രീതിയും ഒന്നുതന്നെയായിരിക്കും. ഈ വസ്തുതയെ കുററാ

ന്വേഷണവിദഗ്ദ്ധന്മാർ പ്രയോജനപ്പെട്ടത്താറുമുണ്ട്. ശീലങ്ങളുടെ റെയിൽപ്പാളങ്ങളിലൂടെയാണ് കുററങ്ങൾ സഞ്ചരിക്കുന്നതെന്നു സാരം.

കൊലപാതകകഥകൾ എല്ലാവരും വായിക്കാറില്ല; വായിക്കുന്നവർതന്നെ എല്ലാ പ്രായത്തിലും വായിക്കുകയുമില്ല. തെററാണെന്നു കരുതിയിട്ടാണോ? രസം തോന്നാഞ്ഞിട്ടാവണം. രസം തോന്നുന്നവരാണ് അത്തരം കഥകളെ വീണ്ടും വീണ്ടും സമീപിക്കുന്നതു്. രസം അനുഭൂതമാകുന്നതു്, നമ്മുടെ ആത്മാവിൽ ഉറങ്ങിക്കിടക്കുന്ന ഭാവങ്ങൾ ഉണർന്നുന്മിഷത്താകുമ്പോൾ മാത്രമത്രേ. കൊലപാതകോന്മുഖമായ ചിന്താഗതിയുടെ ഒരു തരിയെങ്കിലുമില്ലെങ്കിൽ, കൊലപാതകകഥകളിൽ രസാനുഭൂതിയുണ്ടാകാൻ നിവൃത്തിയില്ല.

നമ്മിൽ പലരും ഒരിക്കലല്ലെങ്കിൽ മറെറാരിക്കൽ 'അവനെയങ്ങോട്ടു കൊന്നുകളഞ്ഞാലെന്താ?' എന്നു വിചാരിച്ചുകാണും. കൊല്ലാനുള്ള അരിശം നമുക്കു ചിലരോടു തോന്നിയിട്ടില്ലേ? ചെയ്യണമെന്നു് ഉദ്ദേശിച്ചുകൊണ്ടല്ലെങ്കിലും 'കൊന്നുകളയും ഞാൻ' എന്നു ചിലപ്പോൾ നാം ആക്രോശിക്കാറില്ലേ? ഇതിലെല്ലാം കൊലപാതകത്തിന്റെ ഒരു നിഴൽ ഒളിഞ്ഞിരിപ്പുണ്ടു്. സഹിക്കവയ്യാത്ത പകയോ പ്രതികാരമോ ഉണ്ടാകുമ്പോൾ, ഉപബോധമനസ്സിൽനിന്നു് ആ മാതിരി വിചാരം ഉയരുക കേവലം സ്വാഭാവികമത്രേ. അങ്ങനെ വിചാരിക്കാത്തവർ ആരുമില്ലെന്നുപോലും പറയാം. നമ്മുടെ മൃഗീയതകൊണ്ടല്ല, വൈരാഗ്യത്തിൻെറയോ അമർഷത്തിൻെറയോ ആധിക്യവും ശക്തിയുംകൊണ്ടു മാത്രമാണ്, നാം അങ്ങനെ വിചാരിച്ചുപോകുന്നതു്. അതു നടപ്പാക്കാൻ നാം ഒരുമ്പെടുന്നില്ല; നടപ്പാക്കാൻ വിചാരിച്ചിട്ടേയില്ലതാനും. തീ

പറക്കുന്ന വാക്കുകളെറിഞ്ഞു നാം വിരോധം ശമിപ്പിക്കുന്നതേയുള്ളൂ, വാസ്തവത്തിൽ.

കൊല്ലണമെന്ന് ആത്മാർത്ഥമായി ആഗ്രഹിക്കുന്നവരുമുണ്ടാകും. അവരിൽ പലരും ആ ആഗ്രഹം നിറവേററുന്നില്ല. അവരുടെ ഉള്ളിൽത്തന്നെയുള്ള മാലാഖ ചെകുത്താൻെറമേൽ നിർണ്ണായകവിജയം നേടുന്നതുമൂലമായിരിക്കാം. പരിതഃസ്ഥിതി വിപരീതമാണെന്നു വരാം. ശിക്ഷാഭീതി പിന്തിരിപ്പിച്ചിട്ടാവാം. നാളെനാളെയാകട്ടെ എന്നു കരുതി നീളെനീളെയാക്കുന്നവരുമുണ്ട്. ബുദ്ധി വികാരത്തിനു കടിഞ്ഞാണിടുന്നതുകൊണ്ടു വേണ്ടെന്നു വയ്ക്കുന്നവരും കാണും. ഇങ്ങനെയൊക്കെ പിന്മടങ്ങാത്തവരാണ് കൊലപാതകികളായിത്തീരുന്നതു്. ജന്മനാതന്നെ അവർ കൊലപാതകമനഃസ്ഥിതിയുള്ളവരായിരിക്കും. പ്രചോദകമായ ഒരു മുഹൂർത്തത്തിൽ ആ മനഃസ്ഥിതി മൂരിനിവൎന്നെഴുന്നേററു കലിതുള്ളുകയായി. അത്തരം മനഃസ്ഥിതിയുള്ളവൎക്കു പെട്ടെന്നൊരു തീരുമാനമെടുക്കാൻ കഴിയും. പുനഃപരിശോധന അവരുടെ നിഘണ്ടുവിലില്ല. പിന്മാററം അവരുടെ പെരുമാററച്ചട്ടത്തിലുമില്ല. തീരുമാനമെടുത്തുകഴിഞ്ഞാലുടനെ, അതു പ്രാവൎത്തികമാക്കാനുള്ള വിശദാംശങ്ങളുടെ ആലോചനയിലേക്ക് അവർ തിടുക്കത്തോടെ കടക്കുകയായി. എലിയെ കൈയിൽ കിട്ടിയ പൂച്ചയെപ്പോലെ, ആ സന്ദൎഭത്തെ അവർ ആവേശത്തോടെ പ്രയോജനപ്പെടുത്തി സംതൃപ്തിപൂകുന്നു.

കൊലപാതകമെന്ന ആശയത്തെ താല്ക്കാലികമായിട്ടെങ്കിലും താലോലിച്ചവൎക്കും ഭവിഷ്യത്തുകളോൎത്തു പരി

ത്യജിച്ചവക്കും, കൊലപാതകകഥകൾ വായിക്കാൻ പ്രത്യേകിച്ചും രസം തോന്നും. യഥാർത്ഥലോകത്തു ചെയ്യാനാവാഞ്ഞ കൃത്യങ്ങൾ കലാലോകത്തുവച്ചു മനസ്സുകൊണ്ടു് അവക്കും അനുഭവിക്കാൻ കഴിയുമല്ലോ. അനുഭവങ്ങൾ പകരാൻ കഥകൾക്കുള്ള കഴിവു് സുവിദിതമത്രേ. കൊലപാതകിയുടെകൂടെ നമ്മുടെ മനസ്സിൻെറ ഒരു അംശമുണ്ടു്: കൊലപാതകം ചെയ്താലെന്തു്?—എന്നു സ്വയം ചോദിച്ച ഭാഗം. കൊലയ്ക്കു് ഇരയായവനിൽ ശത്രുവിൻെറ പ്രതിബിംബം കാണാനും മനസ്സിനു കഴിയുന്നു. മനസ്സിൻെറ ഈ പ്രവത്തനം നാം അറിയുന്നതേയില്ല. എന്തുകൊണ്ടെന്നാൽ, പ്രകാശം തീരെ മങ്ങിയ ഉപബോധമനസ്സിൽവച്ചാണു് ഇതൊക്കെ നടക്കുക.

കൊല നടന്നതായി വിവരിക്കുന്ന കഥാഭാഗം വായിക്കുമ്പോൾ, അനുവാചകൻെറ മനസ്സിലെ പിശാചു സന്തോഷിക്കുന്നുവെന്നതു നേരുതന്നെ. പക്ഷേ, കൊലപാതകം തെളിയിക്കപ്പെട്ടു കൊലപാതകി ശിക്ഷിക്കപ്പെട്ടുമ്പോഴും, നാം സന്തോഷം കൊള്ളുന്നില്ലേ? നമ്മുടെ ഉള്ളിലുള്ള ദേവതയുടേതാണു് ആ ആഹ്ലാദം. കുറ്റകൃത്യത്തിൻെറ നിഗൂഢത മാറി കുറ്റവാളി ശിക്ഷിക്കപ്പെടുന്ന ഭാഗം കൊലപാതകകഥയിലില്ലെന്നുവരട്ടെ. സാധാരണവായനക്കാരനു സംതൃപ്തി തോന്നുകയില്ലെന്നു തീച്ച്. സത്യത്തിൽ എല്ലാ മനുഷ്യരിലും ഒരുവക നീതിബോധം കുടികൊള്ളുന്നുണ്ടു്. ദുഷ്ടൻെറയും നീചൻെറയും വഞ്ചകൻെറയും അക്രമിയുടെയും കൊലയാളിയുടെയും ഉള്ളിൽപ്പോലും അതുണ്ടു്. നാടകങ്ങളിലും ചലച്ചിത്രങ്ങളിലുമുള്ള ദുഷ്ടകഥാപാത്രങ്ങളെ കൂവാനും കല്ലെറിയാനും പ്രേക്ഷകർ ഒരുങ്ങാറില്ലേ? അവരുടെ ദുരന്താനുഭവങ്ങളും സൽക്കഥാപാത്രങ്ങളുടെ അന്തിമവിജയവും ജന

ങ്ങളെ ഉത്സാഹിപ്പിക്കാറില്ലേ? നീതിബോധത്തിൻെറ പ്രാകൃതമെങ്കിലും അകൃത്രിമമായ ആവിഷ്കാരമല്ലേ അതു്? ആ നിലയ്ക്കു്, കൊലപാതകകഥ വായിച്ചു രസിക്കുന്നവരൊക്കെ കൊലപാതകമനഃസ്ഥിതിക്കാരാണെന്നു മുദ്രകുത്തുന്നതു സർവ്വാബദ്ധമാണു്. ജന്മസിദ്ധമായ കൊലപാതകവാസനയെ അത്തരം കഥകൾ ഊട്ടിവളർത്തുമെന്നു സമ്മതിക്കണം. കഥകൾക്കു വാസനകളെ ഉദ്ദീപിപ്പിക്കാനല്ലാതെ ബീജാവാപം ചെയ്യാൻ കഴിയുകയില്ല തന്നെ.

യഥാർത്ഥകുററവാളികളും കുററകഥകൾ വായിച്ചേക്കാം. തുമ്പുകിട്ടാത്തവിധം കുററകൃത്യങ്ങൾ വിദഗ്ദ്ധമായി ചെയ്യുന്നതിനു സാധിക്കുമാറാകണം എന്നായിരിക്കും അവരുടെ ലക്ഷ്യം. അത്തരമൊരു മനോഭാവം നിങ്ങളുടെ പാരായണകൗതുകത്തിൻെറ പിറകിലുണ്ടോ? ഇല്ലെങ്കിൽ, എത്ര കുററകഥകൾക്കും നിങ്ങളെ ഒരു കുററവാളിയാക്കാൻ കരുത്തുണ്ടായിരിക്കുകയില്ല.

ഏതായാലും, കുറ്റകഥകൾ താണതരം കഥകളത്രേ. ഉയന്നതരം ആസ്വാദകന്മാർ അത്തരം കഥകൾക്കുവേണ്ടി ഒരിക്കലും കൈനീട്ടാറുമില്ല. ഇപ്പോൾത്തന്നെ ദുഷിച്ചുകഴിഞ്ഞ നിങ്ങളുടെ കഥാഭിരുചിയെ തികച്ചും ഒരു കുഷ്ഠരോഗിയാക്കാൻ അത്തരം കഥകൾക്കു കഴിയും. മെച്ചപ്പെട്ടതരം കഥകളിലേക്കു നിങ്ങളുടെ കൗതുകത്തെ നിങ്ങൾ തിരിച്ചുവിടണം. ഡോസ്റ്റോയെവ്സ്കിയുടെ 'കാരമസോവ് സഹോദരന്മാർ' എന്ന വലിയ നോവൽ നിങ്ങൾ ഒന്നു വായിച്ചുനോക്കൂ. അതിന്റെ ചട്ടക്കൂട്ട് ഒരു കുററകഥതന്നെയാണു്. എങ്കിലും മഹത്വത്തിൻെറ പരിവേഷമാന്ന നിരവധി വിഭവങ്ങൾ ആ നോവൽ നിങ്ങൾക്കു വിളമ്പിത്തരും. സോഫോക്ലിസ്സിൻെറ 'ഈഡി

പ്ലസ്സ് രാജാവു്'' എന്ന ദുരന്തനാടകം നിങ്ങൾ വായിച്ചു നോക്കൂ. കുറ്റകൃത്യങ്ങളുടെ അനാവരണമാണു് അതിന്റെ മുഖ്യധാരയെങ്കിലും, ദീപഗോപുരംപോലെ ഉയർന്നുനില്ക്കുന്ന നീതിബോധത്തെ നിങ്ങൾക്കു മുഖത്തോടുമുഖം കാണാൻ സാധിക്കും.

## 14. ശിക്ഷയുടെ ധർമ്മം

### പ്രശ്നം

എനിക്കൊരു മകനേ ഉള്ളു. അവൻ നല്ലവനായി വളരണമെന്നാണ് എന്റെ ആശ. എന്നാൽ അവൻ വളരെ കുസൃതിയായിട്ടാണു കാണുന്നതു്. ശിക്ഷയ്ക്കാണെങ്കിൽ യാതൊരു കുറവുമില്ല. ശിക്ഷിച്ചു ശിക്ഷിച്ച് ഞാൻ മടുത്തു. ഏററവും കഠിനമായ ശിക്ഷകൾ നല്കിയതിന്റെ പേരിൽ, ഞാൻതന്നെ പിന്നീടിരുന്നു പശ്ചാത്തപിച്ചിട്ടുണ്ടു്. പക്ഷേ, ശിക്ഷയ്ക്കൊരു ഫലവും കാണുന്നില്ല...

### പോംവഴി

ഒരു പിതാവിനു് ഏററവും വലിയ മനോവേദന ഉണ്ടാക്കുന്ന അവസ്ഥാവിശേഷമാണിതു്. ശിക്ഷാസമ്പ്രദായത്തെക്കുറിച്ചു നിങ്ങൾക്കു ചില അബദ്ധധാരണകളുണ്ടെന്നു തോന്നുന്നു. ഒരേയൊരു പുത്രനായതുകൊണ്ടു്, അവന്റെ ഭാവിയെപ്പററി നിങ്ങൾക്കു് അത്യാകാംക്ഷയുണ്ടാകുന്നതു സ്വാഭാവികംതന്നെ. പക്ഷേ, ആ അത്യാകാംക്ഷയുടെ ക്ഷമകേടും വിട്ടുവീഴ്ചയില്ലായ്മയും തന്നെയാണു് ഇവിടെ കുഴപ്പങ്ങളുടെ കുനാങ്കുരുക്കുകൾ സൃഷ്ടിച്ചിട്ടുള്ളതു്.

അധികമധികം ശിക്ഷിക്കുന്തോറും ശിക്ഷയുടെ പ്രാബല്യം കുറഞ്ഞേ വരൂ. ശിക്ഷയുടെ കാഠിന്യം പലപ്പോഴും വിപരീതഫലമാണു ചെയ്യാറു്. കുട്ടിയിൽ അതു ശിക്ഷകന്റെ നേർക്കു പ്രതികാരം ഉദ്ദീപിപ്പിച്ചെന്നു വരാം. ശിക്ഷാർഹമായ മറെറാരു തെററിലേക്കു നയിക്കു

ന്ന ശിക്ഷ ആ പേരർഹിക്കുന്നുണ്ടോ? ശിക്ഷയുടെ ലക്ഷ്യമെന്താണ്? തെററിനു പരിഹാരമുണ്ടാക്കുകയാണോ? അല്ല. ചെയ്തുപോയ തെററ് എങ്ങനെ തുത്തുമാററും? തെററുചെയ്തവൻെറ ശരീരത്തിൽ വേദന ഏല്പിക്കുകയാണോ ശിക്ഷയുടെ ഉദ്ദേശ്യം? അതുമല്ല. തെററ് ആവത്തിക്കാതിരിക്കാൻ പ്രേരണചെലുത്തുകയാണ് ശിക്ഷ ചെയ്യേണ്ടതു്.

ആ നിലയ്ക്കു്, ശാരീരികമായ ശിക്ഷകൾ തീരെ ചെറിയ പ്രായത്തിലേ പ്രയോജനം ചെയ്യൂ. ശരീരത്തിനേല്ക്കുന്ന വേദനകൾ അസഹ്യമായിത്തോന്നുന്ന കാലമാണതു്. മാതാപിതാക്കന്മാരിൽനിന്നു് അടിയും നുള്ളും ക്ഷണിച്ചുവരുത്തുന്ന കൃത്യങ്ങളിൽനിന്നു കൊച്ചുകുട്ടികൾ പിന്തിരിയും. ആസ്വാദനവും പ്രോത്സാഹനവും കൊണ്ടു വരുന്ന കൃത്യങ്ങൾ അവർ ആവത്തിക്കുകയും ചെയ്യും. മാനസികമായി വളച്ച്യെത്താത്ത ആ കാലത്തു കുട്ടികളുടെമേൽ എപ്പോഴും മാതാപിതാക്കന്മാരുടെ കണ്ണുണ്ടായിരിക്കും. മിക്കവാറും എല്ലാ തെററുകളും അവർ കാണും; ശിക്ഷിക്കുകയുംചെയ്യും. പറഞ്ഞാൽ ബോദ്ധ്യമാകാത്ത പ്രായമാണതു്. എത്ര പരിശ്രമിച്ചാലും പശ്ചാത്താപം ഉണ്ടാക്കാൻ കഴിയാത്ത പ്രായം. അവിടെ ബാഹ്യവും ശാരീരികവുമായ ശിക്ഷകളേ ഉതകൂ. ഈ നില ഏറെ നാൾ തുടരാൻ നിവൃത്തിയില്ല. മനസ്സു വളന്നാണു വരുന്നതു്. ശാരീരകവേദന സഹിക്കാനുള്ള കരുത്തും വദ്ധിച്ചുവരും.

ആ ഘട്ടത്തിൽ, ശാരീരികമായ വേദന മാനസികമായ വേദനയ്ക്കു വഴിയൊരുക്കുകയില്ല. ശാരീരികവേദന തൊലിപ്പുറമേകിടന്നു് വററിപ്പോകും. മനസ്സിന്റെ വേദനകൾക്കു മുന്നിൽ, ശരീരത്തിൻെറ വേദനകൾ

നിസ്സാരമായിത്തോന്നും. മനസ്സിൽ വേദനയുളവായാൽ, ഓർമ്മയിൽ അതു ചിരകാലം ജീവിക്കും. ആ ഘട്ടത്തിൽ, മനസ്സിൽ വേദനയുണ്ടാക്കുന്ന ശിക്ഷ വേണം നാം അവലംബിക്കുക. മനസ്സിൽ പശ്ചാത്താപമുണ്ടാക്കുകയാണ്, ശിക്ഷയുടെ ലക്ഷ്യമായി നാം കണക്കാക്കേണ്ടതു്.

നിങ്ങളുടെ കുട്ടി ഒരു കുററമോ തെറ്റോ ചെയ്താൽ, നിങ്ങൾ ക്ഷുഭിതനായിപ്പോകരുതു്. ക്ഷുഭിതനായാൽ, നിങ്ങളുടെ സമനില തെററും. വിവേകം നഷ്ടപ്പെടും. ഔചിത്യബോധം കൈമോശം വരും. ചെയ്യരുതാത്തതു ചെയ്യാനുള്ള പ്രേരണയാണ് അപ്പോൾ നിങ്ങൾക്കുണ്ടാവുക. അവനെ പിടിച്ചെടുത്തു നിങ്ങൾ ചുട്ട അടി കൊടുക്കുന്നു. കലിതുള്ളി നിങ്ങൾ അവനെ വീണ്ടും വീണ്ടും അറഞ്ഞു തല്ലുന്നു. അവനു കേടുപററാം; മുറിവുണ്ടാകാം. കോപാന്ധനായ നിങ്ങൾ അതൊന്നും അറിയുന്നതേയില്ല. അവനെങ്ങനെ പശ്ചാത്താപവും വീണ്ടുവിചാരവുമുണ്ടാകും? വൈരാഗ്യവും വാശിയുമേ തോന്നൂ. നിങ്ങളുടെ അമർഷം തീർക്കാനുള്ള ഉപായമല്ല ശിക്ഷ.

ശിക്ഷയുടെ കാര്യത്തിൽ, നമ്മുടെ വികാരമല്ല ബുദ്ധിയാണ് പ്രവർത്തിക്കേണ്ടതു്. സമചിത്തതയോടും നീതിബോധത്തോടും കൂടി ശിക്ഷ തെരഞ്ഞെടുക്കണം. അതിരുകടന്ന ശിക്ഷ നല്കിയാൽ, ശിക്ഷയെക്കുറിച്ചു പേടിയില്ലാതാവും. അടിച്ച അടിയേക്കാൾ ശക്തി, ഓങ്ങിവച്ച അടിക്കാണ്. അടിച്ചു ചതയ്ക്കുന്നതിലും ഭേദം കുറിക്കുകൊള്ളുന്നവിധം അടിക്കുന്നതത്രേ.

ഝടിതി കൊടുക്കേണ്ടുന്ന ഒറ്റമൂലിയല്ല ശിക്ഷ. മനസ്സിൽ ഉമിത്തീപോലെ ശിക്ഷ നീറിനീറിപ്പിടിക്കുകയാണ് ആവശ്യം. കുററം ചെയ്ത ഉടനേ കുട്ടിയുടെ മാനസികാവസ്ഥ കുററവാളിയുടേതത്രേ. കുറ്റത്തിനു് അഭി

മുഖമായിട്ടാണു് അവൻെറ മാനസികനില. ചെയ്ത കുറ്റത്തിൻെറ രക്ഷാകർത്തൃത്വം അവനു കൈവെടിയാൻ നിർവ്വാഹമില്ല. ആ ഘട്ടത്തിൽ, കുറ്റത്തിൻെറ ഗർഹണീയത ബോധ്യപ്പെടാൻ ഞെരുക്കമുണ്ടു്.

ആ ഘട്ടത്തിൽ, അല്പം ഗൗരവം പ്രദർശിപ്പിക്കുകയോ അപ്രിയം കാട്ടുകയോ മുഖം കറുപ്പിച്ചു് കണ്ണുരുട്ടുകയോ ചെയ്താൽ മതിയാകും. കുറേക്കഴിഞ്ഞിട്ടു മതി നമ്മുടെ സമീപനങ്ങൾ. കുട്ടിയുടെ ഹൃദയത്തെ സ്പർശിക്കത്തക്ക രീതിയിൽ, കുററത്തിൻെറ കാഠിന്യവും അപലപനീയതയും നാം വ്യക്തമാക്കണം. കുറ്റബോധം അവനിൽ ഉജ്ജ്വലിപ്പിക്കുക. കുറ്റത്തിനിരയായവരും കുട്ടിയെ സ്നേഹിക്കുന്നവരും അനുഭവിക്കുന്ന വേദനയുടെ ആഴം അവനു വിശദീകരിച്ചുകൊടുക്കേണ്ടതുണ്ടു്. കുററത്തിനിരയായവന്റെ നിലപാടിൽ നിന്നുകൊണ്ടു കാര്യങ്ങൾ നോക്കിക്കാണാൻ കുററക്കാരൻ പ്രേരിതനും പ്രാപ്തനുമാകട്ടെ. കുററം ചെയ്താൽ, അതിൻെറ ഫലം ശിക്ഷ ലഭിക്കുമെന്നതല്ല. എന്തെങ്കിലും തിന്നുന്നതിൻെറ ഫലം, നാവിനു തോന്നുന്ന രുചിയല്ലല്ലോ. കുററത്തിന്റെ അനന്തരഫലങ്ങൾ അവനു ബോദ്ധ്യപ്പെടണം. അന്യനും തനിക്കും അനുഭവിക്കാനിടയാകുന്ന പ്രയാസങ്ങൾ, മാനസികമായ അസ്വാസ്ഥ്യം, തെററു വിളിച്ചുവരുത്താവുന്ന പ്രത്യാഘാതങ്ങൾ, കുററത്തിലൂടെ സംഭവിക്കുന്ന ധാർമ്മികാധഃപതനം എന്നിവയെക്കുറിച്ചുള്ള ചിന്ത അവൻെറ മനസ്സിനെ മഥിക്കട്ടെ. ആത്മാർത്ഥമായി പശ്ചാത്തപിക്കുമെങ്കിൽ, അതിനേക്കാൾ ശക്തവും യുക്തവുമായ ശിക്ഷ മററില്ലതന്നെ.

നിങ്ങളുടെ ശിക്ഷാസമ്പ്രദായം അടപടലോടെ ഒന്നു മാററിനോക്കുക ആശാസ്യമായിരിക്കും, തൊലിപ്പു

റമേ നല്ലപ്പെട്ടുന്ന ശിക്ഷ നിഷ്ഫലമാണ്. ശിക്ഷ ഹൃദയത്തിനുള്ളിലേക്കാവട്ടെ. കുട്ടിയുടെ എല്ലാ ക്രമക്കേടുകളും ഒററയടിക്കു നീക്കാൻ നോക്കരുത്. അവന്റെ ജീവിതം ശിക്ഷയുടെ ഒരു തുടക്കഥയായിക്കൂടാ. എല്ലാത്തിനും ഒരു ക്രമീകരണം വേണം. തിടുക്കം പാടില്ല. പയ്യെത്തിന്നാൽ പനയും തിന്നാം.

## 15. ഒരു ശൈശവദുശ്ശീലം

### പ്രശ്നം

എൻെറ ഒരു കുട്ടിയെ വൃത്തികെട്ട ഒരു ദുശ്ശീലം പിടികൂടിയിരിക്കുന്നു. മിക്കപ്പോഴും തള്ളവിരൽ വായിലിട്ട് ചീമ്പിക്കൊണ്ടിരിക്കും. ഉറക്കത്തിലും കഥ ഇതു തന്നെ. കൂടെക്കൂടെ കൈ പിടിച്ചു വലിച്ച് മാററി നോക്കി. ശാസിച്ചും ശിക്ഷിച്ചും നോക്കി. മുത്തശ്ശിയുടെ ഉപദേശപ്രകാരം ചെന്നിനായകം അരച്ചുതേച്ചു. ഒന്നു കൊണ്ടും പ്രയോജനം കാണുന്നില്ല.

### പോംവഴി

ഈ ദുശ്ശീലം കഴിയുംവേഗം പറിച്ചെറിയേണ്ടതു തന്നെ: തക്കമില്ല. ഇല്ലെങ്കിൽ പല ശാരീരികവൈകൃതങ്ങൾക്കും വഴിവസ്സും—ചുണ്ടു മലക്കുക; പല്ലു പൊങ്ങുക ഇത്യാദി. ചീമ്പിച്ചീമ്പി തള്ളവിരൽ ഇതിനകംതന്നെ നേർത്തു ചുളുങ്ങിക്കാണണം.

ചെന്നിനായകംപുരട്ടൽവരെയുള്ള പ്രതിവിധികൾ ആദ്യഘട്ടത്തിലാണെങ്കിൽ പ്രയോജനംചെയ്യേനേ. അസുഖകരമായ അനുഭവങ്ങൾ ചേഷ്ടാപഥത്തിൽ വ്യതിയാനങ്ങൾ വരുത്താൻ പോന്നവയത്രേ. ശീലം പഴക്കംചെന്നു് വേരുറച്ചുപോയതുമൂലമാണു്, ആ തന്ത്രം ഇവിടെ ഫലിക്കാതെപോയതു്.

ഈ കുട്ടിയുടെ മുലകുടി മുറ്റുന്നതിനു മുൻപു് അമ്മ വീണ്ടും ഗർഭിണിയായിത്തീർന്നോ? അതോ, മാറിനു് ഉലച്ചിൽപററാതിരിക്കാൻവേണ്ടി, നേരത്തേതന്നെ മുലയൂട്ട്

നിത്തിക്കളഞ്ഞോ? ഈ ദുശ്ശീലം മുളപൊട്ടിയതു് ആ പഴതിലെങ്ങോ ആയിരിക്കണം.

അതു സ്വാഭാവികവുമാണു്. പിറന്നുവീഴുന്ന കുട്ടി, യാതൊരു പൂവ്വപരിശീലനവും കൂടാതെതന്നെ, മുലകുടിക്കുന്നു. മുലക്കണ്ണു് മേൽമോണയ്ക്കും നാക്കിനും ഇടയ്ക്കുവെച്ചു് ഞെക്കിയാൽ, പാൽ വരുമെന്നു് അതിനെങ്ങനെ അറിയാം? അങ്ങനെ ചെയ്യാൻ പ്രേരണനല്കുന്നതു് അറിവല്ല; നാക്കിൻതുമ്പത്തു തോന്നുന്ന ഒരുതരം തരിപ്പായിരിക്കാം. മാംസളമായ മുലയുടെ ഊഷ്മളമായ മദ്ദം ആ തരിപ്പിനു് നേരിയ ആശ്വാസം നല്കും; ഒപ്പം രുചികരമായ പാലും കിട്ടും. സുഖസന്ദായകമായ അനുഭവത്തിൽനിന്നു് ഉത്തേജനം ഉൾക്കൊണ്ടു് ആ ചേഷ്ട ആവത്തിക്കപ്പെടുന്നു. ചിലപ്പോൾ, മുലക്കണ്ണു വായിൽ തിരുകിവച്ചാലുടനെതന്നെ പൈതൽ നിദ്രയിൽ മുഴുകുകയായി. അത്ര ആനന്ദകരമായ അനുഭവമാണതെന്നു ചുരുക്കം.

നാക്കിലെ കടി മാററാൻ അമ്മയുടെ മുല കൂട്ടാക്കുന്നില്ലെങ്കിൽ, കുട്ടി എന്തുചെയ്യും? അനുഗ്രഹിക്കാൻകൂട്ടാക്കാത്ത നാഗത്താന്മാരെ പാടിപ്പാടി വരുത്താൻ പാടുപെടുന്ന പുള്ളുവനെപ്പോലെ, കരഞ്ഞുകരഞ്ഞു് മുലയെ പ്രത്യക്ഷപ്പെടുത്താൻ നോക്കും. ഗവ്വിഷ്ഠയായ സ്തന്യഗംഗ എന്നിട്ടും വരുന്നില്ല. നിത്യോപകാരിയായ കരംതന്നെ ഈ ദുഘടാവസ്ഥയ്ക്കു പരിഹാരം കാണാൻ മുന്നോട്ടു വരുന്നു. തള്ളവിരലിനു് പാൽ ചുരത്താൻ കഴിയില്ലെങ്കിലും, നാക്കിൻെറ തരിപ്പു് ദൂരീകരിക്കാൻ കഴിയും. ഒരു മുട്ടുശാന്തിയെന്നനിലയ്ക്കു്, പലപ്പോഴും പകരം ജോലിനോക്കാൻ വരാറുണ്ടല്ലോ നമ്മുടെ കൈകൾ. വരാത്ത മുലകളേക്കാൾ നന്നല്ലേ, വന്ന കൈകൾ? ആപൽബന്ധുവായ തള്ളവിരൽ കുഞ്ഞിൻെറ വക്ത്ര

ത്തിലെ നിരന്തരസഹചാരിയായിത്തീരുന്നു. സത്യത്തിൽ, ഈ ദുശ്ശീലം കുഞ്ഞിൽ മുളപ്പിച്ചു തഴപ്പിച്ചതു് മാതാവുതന്നെയല്ലേ? അവരുടെ സൗന്ദര്യദുരഭിമാനത്തിന്മേലായിരുന്നു നിങ്ങൾ ചെന്നിനായകം അരച്ചു പുരട്ടേണ്ടിയിരുന്നതു്. ഭർത്തൃമതിയായ ഒരു സന്താനവതിക്കു്, ഭർത്തൃപുത്രസ്പർശം ഏല്പിക്കാതെ ഒരു അലങ്കാരവസ്തുവായി പ്രദർശനോത്സവത്തിൽ വയ്ക്കാനുള്ളവയാണോ മുലകൾ?

ഏതായാലും, ഈ ഘട്ടത്തിൽ കാരണം തേടിപ്പിടിക്കുന്നതുകൊണ്ടും, കുററക്കാരെ ശകാരിക്കുന്നതുകൊണ്ടും പ്രയോജനമൊന്നുമില്ല. കുട്ടിയുടെ കൈകൾക്കു് കൗതുകകരമായ മററു വിനിയോഗങ്ങൾ ഏർപ്പെടുത്തുകയേ മാർഗ്ഗമുള്ളൂ. വർണ്ണചിത്രങ്ങൾനിറഞ്ഞ ബാലസാഹിത്യഗ്രന്ഥങ്ങൾ വാങ്ങിക്കൊടുക്കാം. ഓടിയും ചാടിയും ഉള്ള കളികളിൽ ധാരാളമായി കുട്ടി ഏർപ്പെടട്ടെ. നിറപ്പകിട്ടുള്ള കുറെ കളിപ്പാട്ടങ്ങളും വാങ്ങിക്കൊടുക്കൂ. ചായങ്ങൾ കൊണ്ടു ചിത്രം രചിക്കാൻ സൗകര്യമുണ്ടാക്കിക്കൊടുക്കുന്നതും നന്നു്. ചീമ്പാനുള്ള ഒരു ഉപകരണമെന്നതിലും കവിഞ്ഞ ആഹ്ലാദഭരിതങ്ങളായ വ്യാപാരങ്ങളിൽ കുട്ടിയുടെ കൈകളെ പരതന്ത്രമാക്കുകയാണു് ഉദ്ദേശ്യം. കൈകൾ സ്വതന്ത്രമായിക്കിട്ടിയിട്ടു വേണമല്ലോ ചീമ്പാൻ. ഉറക്കത്തിൽ കൈകൾ ചീമ്പുന്നതു് തുടരുന്നുവെങ്കിൽ, സാവധാനം കൈകൾ മാററിയിട്ടു്, കുറേനേരം വായ് കൂട്ടിപ്പിടിച്ചുകൊണ്ടിരിക്കണം. പകരം മുലതിരുകിക്കൊടുക്കുന്നതും നന്നു്. ബുദ്ധിയും ഭാവനയും ഉപയോഗിച്ചു് തക്ക തന്ത്രങ്ങൾ കണ്ടുപിടിക്കുകയും ക്ഷമാപൂർവ്വം അവ അനുവർത്തിക്കുകയും ചെയ്താൽ, ഈ ദുശ്ശീലം വളരെ വേഗം നിറുത്തൽചെയ്യാവുന്നതേയുള്ളൂ.

# 16. നിദ്രാഭംഗം

പ്രശ്നം

ഇന്നലെയും എനിക്കു് ഉറക്കം ശരിയായില്ല. രാത്രി വളരെയാകുവോളം നിദ്രാദേവി ഒന്നു കടാക്ഷിക്കുകപോലും ചെയ്തില്ല. കാരണം എന്താണാവോ? ഓരോരോ കാര്യങ്ങളേക്കുറിച്ചു് ആലോചിച്ചാലോചിച്ചു്, എത്ര നേരമാണു് തിരിഞ്ഞും മറിഞ്ഞും കിടന്നതു്! പല രാത്രികളിലും ഇതാണനുഭവം. ചിന്തയുടെ കടന്നൽക്കൂട്ടമാണോ ഉറക്കത്തെ കുത്തിപ്പായിച്ചുകളയുന്നതു്?

ഉത്തരം

ചിന്തകൾക്കു് ഉറക്കത്തെ തുരത്തിക്കളയാൻ കഴിയുകയില്ലെന്നില്ല. ഉദാഹരണത്തിനു്, ഒരു ഉന്നതചിന്തകൻ പ്രബന്ധരചനയിലേർപ്പെട്ടിരിക്കുകയാണെന്നു കരുതുക. അല്ലെങ്കിൽ, പ്രാമാണികനായ ഒരു രാജ്യതന്ത്രജ്ഞൻ ഒരു രാഷ്ട്രീയപ്രതിസന്ധിയെപ്പററി പരിഗണിക്കുകയാണെന്നു വയ്ക്കുക. ഒരു നാടകകൃത്തോ നോവലിസ്റ്റോ തന്റെ സൃഷ്ടികർമ്മത്തിൽ വ്യാപൃതനാണെന്നു സങ്കല്പിക്കുക. വിദഗ്ദ്ധനായ ഒരു ചിത്രകാരൻ ചായക്കൂട്ടും ബ്രഷുമായി പേററുനോവനുഭവിക്കുകയാണെന്നു വിചാരിക്കുക. ഇത്തരം സവിശേഷസന്ദർഭങ്ങളിൽ, ആ പ്രതിഭകൾ ഉത്തരോത്തരം ഉണർന്നു് ഉന്മിഷത്തായി വരികയേ ഉള്ളൂ. ഉറക്കത്തിൻെറ പാണ്ഡുരചക്രവാളങ്ങൾ പിൻവാങ്ങിപ്പോകും.

പക്ഷേ, സാധാരണഗതിയിൽ സാധാരണക്കാർക്കു് ഇപ്രകാരം സംഭവിക്കാറില്ല. നമ്മുടെയൊക്കെ കാര്യങ്ങ

ളിൽ, ചിന്താബാഹുല്യം ഉറക്കമില്ലായ്മയുടെ കാരണമല്ല; ഫലമാണു്. ചിന്തിച്ചു ചിന്തിച്ചു നമ്മുടെ മനസ്സുകൾ തളരുകയേ ചെയ്യൂ. തളൎന്നു കൈകാലുകൾ കുഴഞ്ഞു്, വേച്ചും തെന്നിയും നടന്നു്, ഒടുവിൽ ചിന്ത വീണു കിടന്നുപോകും. ആ അവസ്ഥതന്നെയാണു് ഉറക്കം.

മനസ്സിൽ ചിന്തകൾ റോന്തുചുററുന്നുണ്ടെങ്കിൽ, മനസ്സു് ജാഗരൂകമാണെന്നുതന്നെയാണു മനസ്സിലാക്കേണ്ടതു്. മനസ്സു് ഒട്ടും ക്ഷീണിച്ചിട്ടില്ല; മനസ്സിന്നു നന്നായി പ്രവൎത്തിക്കാൻ കഴിയും. മനസ്സിന്നു വിശ്രമം ആവശ്യമില്ലെങ്കിൽ, പിന്നെന്തിനാണു് ഉറക്കം? ഉറക്കത്തിന്നു വേണ്ടിയാണോ ഉറക്കം?

ഉറക്കത്തിൽപ്പോലും ചിലതു മനസ്സിൽ നടക്കാറില്ലേ? അത്തരം ചില പ്രവൎത്തനങ്ങളുടെ ഫലമാണല്ലോ സ്വപ്നം? സ്വപ്നത്തിലെ അനുഭവങ്ങൾ കുറഞ്ഞ തോതിലെങ്കിലും നമ്മുടെ ചിന്തയെ ഉത്തേജിപ്പിക്കാറില്ലേ? ഇന്നസമയത്തു് ഉണരണമെന്ന നിൎബ്ബന്ധബുദ്ധിയോടെ ഉറങ്ങുന്നവർ, യഥാസമയം ആവശ്യബോധത്തോടുകൂടിത്തന്നെ എഴുന്നേററുവരാറുണ്ടല്ലോ. ഈ ഘട്ടത്തിലൊന്നും ചിന്തകൾ ഉറക്കത്തിന്നു് അലോസരമുണ്ടാക്കുന്നതേയില്ല. എന്നാലും, ഗാഢനിദ്രയിൽ മനസ്സു പ്രായേണ ചിന്താശൂന്യമായിരിക്കുമെന്നു പറയാം.

എന്തുതന്നെയാണു് ഉറക്കം? സമ്പൂൎണ്ണവിശ്രമം തന്നെ. എന്തിന്റെ സമ്പൂൎണ്ണവിശ്രമം? ശരീരത്തിന്റെയും മനസ്സിൻെറയും തന്നെ. ഉറങ്ങാത്ത മനസ്സിലേക്കു ചിന്തകൾ കടന്നുവരും—പാതിരാ കഴിഞ്ഞിട്ടും വിളക്കുംതെളിച്ചു് തുറന്നുവച്ചിരിക്കുന്ന കടയിലേക്കു്, ആവശ്യക്കാരെന്നപോലെ. കടയിലാണെങ്കിൽ, ആളൊഴിഞ്ഞ അവസരങ്ങൾ ധാരാളമുണ്ടാകാം. പക്ഷേ, തുറന്ന മനസ്സിലാ

ണെങ്കിൽ, ചിന്തകൾ അന്തിച്ചന്തയിലെ ക്രേതാക്കളെ പ്പോലെ തിക്കിത്തിരക്കുകതന്നെ ചെയ്യും! ഉണൎന്നിരിക്കുന്ന മനസ്സ് നിസൎഗ്ഗചപലനായ മക്കടത്താനെപ്പോലെയത്രേ.

ഉണൎച്ചയിൽനിന്നു് ഉറക്കത്തിലേക്കു പ്രവേശിക്കുന്ന സന്ദൎഭമോ സന്ധിയോ നമുക്കു നിജപ്പെടുത്താൻ സാധിക്കുമോ? ശ്രമിച്ചാൽപ്പോലും കഴിയുകയില്ലെന്നല്ലേ അനുഭവം? ചിന്താബാഹുല്യത്തിൽനിന്നു് ചിന്താശൂന്യതയിലേക്കു നാം മോഹാലസ്യപ്പെട്ടു വീഴുകയാണു്. പ്രദൎശനം കഴിഞ്ഞ സിനിമാശാലയിൽനിന്നു കാഴ്ചക്കാർ യാതൊരു ബാഹ്യപ്രേരണയും കൂടാതെ ഒഴിഞ്ഞുപോകുന്നതുപോലെ, ഉറങ്ങാൻതുടങ്ങുന്ന മനസ്സിൽനിന്നു ചിന്തകളും ഒഴുകിപ്പോകും.

ഉറങ്ങാൻ കിടന്നിട്ടു് ഉറക്കംവരാത്തതിനു്, മറ്റെന്തെങ്കിലും കാരണങ്ങൾ കാണും. മനസ്സിന്റെയോ ശരീരത്തിൻെറയോ ഏതെങ്കിലും തൃഷ്ണ ശമിച്ചുകാണുകയില്ല. അസംതൃപ്തമായ തൃഷ്ണയുടെ കുത്തിയിരിപ്പുസത്യാഗ്രഹമാണു് ഉറക്കമില്ലായ്മ.

ഉദാഹരണങ്ങളിലൂടെ ചിന്തിക്കാം. കൂടുതൽ ക്ലേശിച്ചതുകൊണ്ടോ ഉഷ്ണാധിക്യംമൂലമോ ശരീരം ചൂടായെന്നിരിക്കട്ടെ. ശരീരം അമിതമായി ചൂടുപിടിച്ചെന്ന വസ്തുത നിങ്ങൾ അറിയുന്നതേയില്ല. സപ്രമഞ്ചക്കട്ടിലിൽ വിരിച്ച ഹംസതൂലികാമെത്തയിലാണു നിങ്ങൾ ഉറങ്ങാൻ കിടക്കുന്നതു്. തിരിഞ്ഞും മറിഞ്ഞും കിടന്നു് ഉറക്കത്തെ വിളിച്ചുവരുത്താൻ നിങ്ങൾ പാടുപെടുന്നു. സമയത്തിന്റെ പ്രയാണത്തെ കൂടെക്കൂടെ ക്ലോക്കു് വിളിച്ചറിയിക്കുന്നു. അക്ഷമയും നിരാശയും നിങ്ങളെ പൊതിയുകയാണു്. അപ്പോഴാണു്, ഒരു മാററത്തിനുവേണ്ടി

നിങ്ങൾ തണുത്ത തിണ്ണയിൽ ഇറങ്ങിക്കിടക്കുന്നതു്! അത്ഭുതം: മൃദുലമായ ഒരു കുളിർത്തെന്നലിനെപ്പോലെ നിദ്ര വന്നു നിങ്ങളെ ആശ്ലേഷിച്ചു കൺപോളകളിൽ ശീതളചുംബനം അർപ്പിച്ചുകഴിഞ്ഞു! തണുപ്പിനുവേണ്ടിയുള്ള ശരീരത്തിന്റെ അപരിഹാര്യമായ തൃഷ്ണയ്ക്കു ശമനം സിദ്ധിച്ചതോടെയല്ലേ നിങ്ങൾക്കു് ഉറക്കം വന്നതു്?

വിശപ്പിൻെറ ആയിരമായിരം ക്രൂരമ്പന്നികൾ വയറിൻെറ അടിത്തറ മാന്തിപ്പൊളിക്കുമ്പോൾ, എങ്ങനെ ഉറക്കം വരും? ദാഹത്തിൻെറ ചുഴികൾ കുരലിൽ തിങ്ങിവിങ്ങി നില്ക്കുമ്പോൾ ഉറക്കം വരുമോ? ആഹാരത്തിനും പാനീയത്തിനും സുഖസ്വാപത്തെ ആനയിക്കാൻ കഴിയും. ചായയോ കാപ്പിയോ വൈകുന്നേരം കഴിച്ചു പോയാൽ ചിലരുടെ രാത്രികൾ ശിവരാത്രികളാകും. കിടക്കയിലിരുന്നുകൊണ്ടു ചായയോ കാപ്പിയോ കുടിച്ചാൽ മാത്രമേ ചിലക്കു് ഉറക്കം ശരിയാകൂ. ഉറങ്ങുന്നതിനുമുമ്പു പുകവലിക്കാരും മുറുക്കുകാരും ചെയ്യുന്നതെന്തെന്നു മിക്കവരും കണ്ടിരിക്കും. മദ്യപാനം മുടങ്ങിയാൽ, നിന്ദ്രാരാത്രിയുടെ ശരശയ്യയിൽക്കിടന്നു നേരം വെളുപ്പിക്കേണ്ടിവരുമെന്നു ഭയപ്പെട്ടുന്നവരുമുണ്ടു്.

ഇടം മാറിക്കിടന്നാൽ ചിലരുടെ ഉറക്കം മുടങ്ങും. അവനവൻെറ കൂരയ്ക്കുകീഴിൽ ചിരപരിചിതമായ അന്തരീക്ഷം ശ്വസിച്ചു കിടക്കുമ്പോഴത്തെ സുരക്ഷിതത്വബോധം ഒന്നു വേറെയത്രേ. ഇഷ്ടകാമുകിയുടെ ഒരു നോക്കോ വാക്കോ ആലിംഗനമോ ചുംബനമോ ലഭിക്കാത്ത രാത്രി കാമുകന്മാക്കു ശപിക്കപ്പെട്ട രാത്രികളായിരിക്കും. നിദ്രാവിഹീനമായ രാത്രികളെ ചുടുനെടുവീർപ്പുകൾകൊണ്ടു തപിപ്പിക്കുന്ന യുവതീയുവാക്കന്മാക്കു കണക്കില്ലല്ലോ.

പ്രായപൂർത്തിയായിട്ടും വിവാഹിതരാകാത്തവക്കു

നിദ്രാസുഖം വിരളമായിരിക്കും. ഇണചേരാനുള്ള അവരുടെ തൃഷ്ണ ശമിച്ചാൽ, ശിശുവിനെപ്പോലെ അവർ തളർന്നുറങ്ങിയേക്കും. കേവലം ഒരു നിരാശക്കു്, ഒരു പിഴക്കു്, ഒരു കുററകൃത്യത്തിനു്, ഒരു പരാജയത്തിനു്, നിങ്ങളുടെ ഉറക്കത്തെ തകൎത്തുകളയാനാവും. മലമൂത്രവിസൎജ്ജനം സുഖനിദ്രക്കു് പ്രോത്സാഹനം നല്കും. രോഗികൾക്കു സുഖനിദ്ര വിലക്കപ്പെട്ട കനിയത്രേ.

ചുരുക്കത്തിൽ ശരീരത്തിൻെറയും മനസ്സിൻെറയും സ്വാസ്ഥ്യമാണു്, സുഖകരമായ ഉറക്കത്തിനാവശ്യം. ശാരീരികവും മാനസികവും ആത്മീയവുമായ തൃഷ്ണകൾ ശമിച്ചാലേ സ്വാസ്ഥ്യം കിട്ടൂ. സത്യത്തിൽ, ഉറക്കക്കുറവ് ഒരു രോഗമല്ല; രോഗലക്ഷണം മാത്രമാണു്. നിദ്രാഭംഗം അനുഭവപ്പെട്ടുമ്പോൾ, ഏതോ തൃഷ്ണ തൃപ്തികിട്ടാതെ ഞെളിപിരിക്കൊള്ളുന്നുണ്ടെന്നു നാം ധരിക്കേണ്ടിയിരിക്കുന്നു. അസ്വാസ്ഥമായ ആ തൃഷ്ണയേതെന്നു നാം കണ്ടെത്തണം. ചിലപ്പോൾ 'അതു വളരെ ശ്രമസാദ്ധ്യമാണെന്നുവരാം.

അന്നന്നത്തെ കൎത്തവ്യങ്ങൾ നാം പൂൎത്തീകരിക്കണം. നമ്മുടെ ധൎമ്മങ്ങൾ യഥാകാലം അനുഷ്ഠിക്കുകയും വേണം. കഴിവതും കുററങ്ങൾ ചെയ്യാതിരിക്കാനും പിഴകൾ പററാതിരിക്കാനും ശ്രദ്ധിക്കണം. മനസ്സ് പിശാചിൻെറ പണിപ്പുരയാവാൻ സമ്മതിക്കരുതു്. ശരീരത്തിനു് ഉചിതമായ വ്യായാമവും നല്കണം. ഈ വകയൊക്കെ നല്ല ഉറക്കത്തിൻെറ മുൻവ്യവസ്ഥകളത്രേ.

തൃപ്തികരമായ ഉറക്കം കിട്ടുന്നതിനു മററുചില ചെറിയ മുൻകരുതലുകൾകൂടി ചെയ്യാവുന്നതാണു്. സാമാന്യം ദീൎഘമായ ഒരു സായാഹ്നസവാരി കഴിഞ്ഞു വെടിപ്പായിട്ടൊരു കുളി പാസ്സാക്കുക. കുളികഴിഞ്ഞിട്ടു

THENNO... VIZHIN...

ലേശം പൗഡർ പൂശുന്നതു നന്നു്. കുടുംബാംഗങ്ങളുമൊത്തു കുറേനേരം സൈ്വരസല്ലാപം നടത്തണം. തൃപ്തികരവും സ്വാദിഷ്ടവുമായ ആഹാരം വേണം കഴിക്കുക. മലമൂത്രശങ്കയുണ്ടായാൽ നിവൃത്തിവരുത്തിയിട്ടേ കിടക്കാവൂ. ഉറക്കംവരുംവരെ കിടക്കരുതു്. ഇതിഹാസഗ്രന്ഥങ്ങളോ ഇഷ്ടപ്പെട്ട പുസ്തകങ്ങളോ വായിച്ചുകൊണ്ടിരിക്കാമല്ലോ. ഉഷ്ണത്തിനു വീശുകയും ശൈത്യത്തിനു പുതയ്ക്കുകയും വേണം. ഉറക്കറയിൽ, നല്ല സുഗന്ധമുള്ള ചന്ദനത്തിരികൾ കത്തിച്ചുവയ്ക്കുക. ജനലുകളൊക്കെ മലക്കെ തുറന്നിട്ടേക്കുക. സാധാരണയായി കിടന്നുറങ്ങുന്ന രീതിയിൽവേണം ശയിക്കുക. അറിയാതെ, അറിയാതെ ഉറക്കത്തിലേക്കു നിങ്ങൾ ആണ്ടുപൂണ്ടുപോകും. എന്നിട്ടും, ഉറക്കം വരുന്നില്ലെങ്കിൽ അനാകർഷകമായ ഏതെങ്കിലും ഒരു വസ്തുവിൽ, അതിൽമാത്രം, ശ്രദ്ധകേന്ദ്രീകരിച്ചുനിറുത്തുക. പ്രസക്താനുപ്രസക്തസംഗതികളിലേക്കു മനസ്സ് സംക്രമിക്കരുതു്. തുരുമ്പുപിടിച്ച ഒരു താഴിലോ, പഴകി ഉപയോഗശൂന്യമായ ഒരു ശീലക്കുടയിലോ മറ്റോ മനസ്സ് ഏതാനും നിമിഷങ്ങളിലേക്കു് ഏകാഗ്രമായി തളച്ചിടാമെങ്കിൽ, ഉറക്കം വരാതിരിക്കില്ല. പാട്ടിൽ പ്രിയമുണ്ടെങ്കിൽ, റേഡിയോപ്പാട്ടും പരീക്ഷിച്ചുനോക്കാം. ശരീരത്തിലെ എല്ലാ അവയവങ്ങളും തളർത്തിയിട്ടിട്ടു്, മനസ്സുകൊണ്ടു് ഒന്നു്, രണ്ടു്, മൂന്നു് എന്നിങ്ങനെ എണ്ണിക്കൊണ്ടിരുന്നാൽ അതിവേഗം ഉറങ്ങിപ്പോകും എന്നു കേട്ടിട്ടുണ്ടു്.

## 17. ഓർമ്മക്കുറവ്

### പ്രശ്നം

ഭർത്താവിനെ അങ്ങേയററം സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്നവളാണു ഞാൻ. ഒരു ഭാര്യയെന്ന നിലയ്ക്കു്, അദ്ദേഹത്തിൻെറ സുഖത്തിനും സൗകര്യത്തിനും വേണ്ടതെല്ലാം ചെയ്യാൻ ഞാൻ എപ്പോഴും ശ്രദ്ധിക്കാറുണ്ടു്. എന്നാലും, അദ്ദേഹം കൂടെക്കൂടെ എന്നോടു വഴക്കിടും; ശാസിക്കും; ശകാരിക്കും. പറഞ്ഞാൽ അനുസരിക്കുകയില്ലെന്നാണു് എപ്പോഴും പരാതി. ഞാൻ അനുസരണയില്ലാത്തവളൊന്നുമല്ല. ഞാൻ അദ്ദേഹത്തിന്റെ നിർദ്ദേശങ്ങളും ഉപദേശങ്ങളും മിക്കപ്പോഴും മറന്നുപോകുന്നു. മറക്കാതിരിക്കാൻ പരമാവധി ശ്രമിച്ചുനോക്കി. കാര്യമായ ഫലം കാണുന്നില്ല. ഈ ശപിക്കപ്പെട്ട മറവി ഞങ്ങളുടെ ദാമ്പത്യത്തെ തകരാറിലാക്കുമോ എന്നാണെൻെറ ഭീതി!...തൊട്ടതിനൊക്കെ കുററം പറയാറുള്ള അദ്ദേഹത്തിനു വല്ല രഹസ്യകാമുകിയുമുണ്ടായിരിക്കുമോ?

### ഉത്തരം

ദാമ്പത്യജീവിതത്തിൽ, ഇത്തരം സംഘർഷങ്ങളുണ്ടാകുക തികച്ചും സ്വാഭാവികമാണു്. ഒട്ടൊക്കെ അനിവാര്യമാണെന്നും പറയാം. പക്ഷേ, അതിൽവച്ചു സമനില തെററാനിടയാകരുതു്. ആ സംഘർഷങ്ങൾ പുതിയപുതിയ സംശയങ്ങളേയും പുതിയപുതിയ കലഹബീജങ്ങളേയും ഉൽപാദിപ്പിക്കാൻ അനുവദിച്ചുകൂടാ.

ഉദാഹരണത്തിനു്, ഭർത്താവിനു വല്ല രഹസ്യകാമുകിയുമുണ്ടായിരിക്കുമോ എന്നു നിങ്ങൾ ശങ്കിക്കുന്നു. ഈ ശങ്കയ്ക്കു് എന്താണടിസ്ഥാനം? ചെറിയൊരു തുമ്പെങ്കിലും കണ്ണിൽപ്പെട്ടിട്ടാണോ, നിങ്ങൾ ഇങ്ങനെയൊരു കുരുക്കിനെപ്പററി ഊഹിച്ചതു്?

ഭർത്താവു് നിങ്ങളെ കൂടെക്കൂടെ ശകാരിക്കുകയും ശാസിക്കുകയും ചെയ്യുന്നു. അങ്ങനെയൊക്കെ ചെയ്യാൻ അദ്ദേഹത്തിനു് അവകാശവും അധികാരവുമില്ലേ? സ്നേഹമുണ്ടെങ്കിൽ, ഒരിക്കലും കുററപ്പെടുത്തിക്കൂടെന്ന വല്ല നിബന്ധനയുമുണ്ടോ? ഭർത്താവിൻെറ ശകാരത്തിലും ശാസനയിലുംകൂടെ, അദ്ദേഹത്തിൻെറ ദൗർബ്ബല്യങ്ങൾ കണ്ടെത്താനാണോ നിങ്ങളുടെ ഒരുക്കം? അതിനു യാതൊരു ന്യായീകരണവുമില്ല. അദ്ദേഹത്തിൻെറ പരാതികളെ, നിങ്ങൾ കണ്ണാടികളായി കണക്കാക്കണം; സ്വന്തം ആത്മാവിൻെറ വൈരൂപ്യങ്ങൾ പ്രതിബിംബിപ്പിക്കുന്ന കണ്ണാടി. നിങ്ങളുടെ എന്തെങ്കിലും ദൗർബ്ബല്യങ്ങൾ, തകരാറുകൾ, അതിൽ നിഴലിക്കുന്നുണ്ടോ? അതാണു നിങ്ങൾ ശ്രദ്ധിക്കേണ്ടതു്; അതിനാണു നിങ്ങൾ പരിഹാരം കാണേണ്ടതു്. അല്ലാതെ, ഭർത്താവിനെ അടിസ്ഥാനരഹിതമായി ശങ്കിക്കുക എന്ന പുതിയൊരു അപരാധംകൂടി തലയിലേററുകയല്ല.

ഭർത്താവിന്റെ ചില ഉപദേശങ്ങളും നിർദ്ദേശങ്ങളും മറന്നുപോകാറുണ്ടെന്നു നിങ്ങൾ സമ്മതിക്കുന്നു. കാരണം മറവിയാണെങ്കിലും അനുസരണക്കേടും അവഗണനയുമായിട്ടാണു് അതു പരിണമിക്കുന്നതു്. ഭർത്താവിന്റെ അഭിമാനബോധത്തെയും പൗരുഷത്തെയും അതു ചാട്ടവാറടിയേല്പിക്കുമെന്നു നിശ്ചയം. നിങ്ങളുടെ മറവി ഒരു മാറാരോഗമാണോ? എല്ലാം മറക്കുവാൻ കഴിയുമോ

3519

നിങ്ങൾക്കു്? എങ്കിൽ, ഭർത്താവിൻെറ ശകാരങ്ങളും ശാസനകളും എന്തുകൊണ്ടു നിങ്ങൾ മറക്കുന്നില്ല?

സത്യത്തിൽ, എല്ലാം മറക്കുന്ന ആരുമില്ല; എല്ലാം ഓർമ്മിക്കുന്നവരും ഇല്ല. ഓരോരുത്തരും കുറേ കാര്യങ്ങൾ വീതം ഓർത്തുവച്ചിരിക്കും. ഉദാഹരണത്തിനു്, പതിവായി ഫോൺ ഉപയോഗിക്കുന്നവർ കുറേ ഫോൺനമ്പറുകൾ ഓർക്കുന്നുണ്ടാവും. ചായക്കടയിലെ എടുത്തുകൊടുപ്പുകാരൻ, ഓരോ ഉപഭോക്താവും വാങ്ങിയ പലഹാരങ്ങൾ ഓർത്തിരിക്കും. സാഹിത്യകാരൻ സാഹിത്യസംബന്ധമായ കാര്യങ്ങളും രാഷ്ട്രീയക്കാരൻ രാഷ്ട്രീയമായ കാര്യങ്ങളും മാത്രമേ കൂടുതലായി ഓർമ്മിക്കുകയുള്ളു. അതേസമയം തന്നെ, മിക്കവരുടെയും ഓർമ്മശക്തി ഏറെക്കുറെ ഒരുപോലെയിരിക്കുകയുംചെയ്യും. നിങ്ങളുടെ സാഹചര്യത്തിൽ ഓർത്തിരിക്കാൻ ബാദ്ധ്യതയില്ലാത്ത ചില കാര്യങ്ങൾ, മറ്റൊരാൾ ശരിക്കു് ഓർത്തിരിക്കും. അയാൾക്കു നല്ല ഓർമ്മശക്തിയുണ്ടെന്നു നിങ്ങൾ പ്രശംസിക്കും. പക്ഷേ, അയാളുടെ മറവിയിൽ മറഞ്ഞുകിടക്കുന്ന ചില കാര്യങ്ങൾ നിങ്ങൾക്കും ഓർമ്മവയ്ക്കാൻകഴിയും.

അപ്പോൾ, എല്ലാ കാര്യങ്ങളും ഓർമ്മയിൽ വച്ചുകൊണ്ടിരിക്കാൻ നമുക്കു സാധിക്കുകയില്ല. കുറേ കാര്യങ്ങൾ മറന്നുകളയുന്നതാണു്, ആവശ്യമുള്ള കാര്യങ്ങൾ ഓർമ്മയിൽ വയ്ക്കാൻ നല്ലതു്. കവിഞ്ഞ ഭാരം കയററിയാൽ വണ്ടിയുടെ ആക്സിൽ ഒടിഞ്ഞുപോകും. കോളിൽപ്പെട്ടുഴലുന്ന കപ്പലിൽനിന്നു് അത്യാവശ്യമില്ലാത്ത സാധനങ്ങൾ വലിച്ചെറിയപ്പെടും. എന്നതുപോലെ, ഓരോരുത്തരുടെയും സാഹചര്യത്തിനനുസരിച്ച മുൻഗണനാക്രമംവച്ചുകൊണ്ടു് അത്യാവശ്യമുള്ള കാര്യങ്ങൾ ഓർത്തു

വയ്ക്കുകയും അനാവശ്യകാര്യങ്ങൾ വിസ്മരിക്കുകയും വേണം.

നിങ്ങളോടു വല്ലവരും പറയരുതാത്തതു പറഞ്ഞു കാണും. നിങ്ങൾ അകാരണമായ തെററിദ്ധാരണയ്ക്കു വിധേയയായിരിക്കാം. നിങ്ങളും മററാരെങ്കിലും തമ്മിൽ ശത്രുതയുണ്ടാവാം. നിങ്ങളോടു ചില അയലത്തുകാരികൾക്കു് അസൂയയുണ്ടെന്നുവരാം. ചെറിയൊരു സഹായമോ ഉപകാരമോ നിങ്ങൾക്കു നിഷേധിക്കപ്പെട്ടിരിക്കാം. ചിലരോടു നിങ്ങൾക്കു് എന്തെങ്കിലും പകയോ പകരമോ വീട്ടാനുണ്ടു്. ഈവകയെല്ലാം അനാവശ്യകാര്യങ്ങളാണു്. ഇവയൊന്നും നിങ്ങൾ ഓർമ്മയുടെ കലവറയിലോ നിലവറയിലോ വച്ചു സൂക്ഷിക്കേണ്ടതില്ല. അതവിടെക്കിടന്നു ചത്തുചീഞ്ഞു പുഴുത്തു നാറുകയേയുള്ളു. നിങ്ങളുടെ മനസ്സിന്റെ ആരോഗ്യത്തെ അതു ക്ഷയിപ്പിക്കും. നിങ്ങളുടെ ഓർമ്മശക്തിയെ അതു വികലമാക്കും. കെട്ടുനാറിയതും വിലകുറഞ്ഞതും നിങ്ങളെ അപനയിക്കുന്നതുമായ ആവക ക്ഷുദ്രസംഗതികളെ, നിങ്ങളുടെ സ്മരണമണ്ഡലത്തിൽനിന്നു ദൂരേക്കു വലിച്ചെറിഞ്ഞുകളയണം. എങ്കിൽ, എന്തെന്നില്ലാത്ത മനസ്സമാധാനം നിങ്ങൾക്കു ലഭിക്കും; ദാമ്പത്യകലഹത്തിനു വഴിവയ്ക്കുന്ന ഓർമ്മക്കുറവിനെ നിങ്ങൾക്കു് ഒഴിവാക്കാനും കഴിയും.

ഭർത്താവിന്റെ നിർദ്ദേശങ്ങളും ഉപദേശങ്ങളും ഓർമ്മവയ്ക്കാൻ മറെറാരു ഉപായവും പറഞ്ഞുതരാം. അവ ഒരു കടലാസ്സിൽ അപ്പോഴപ്പോൾ അക്കമിട്ടെഴുതി, എപ്പോഴും കാണത്തക്കവിധം മുറിയിൽ ഒട്ടിച്ചുവയ്ക്കുക. കാണുമ്പോഴൊക്കെ ആദ്യന്തം വായിക്കുകയും വേണം. ആ കുറിപ്പടിയുടെ സഹായം കൂടാതെയും, ഓരോ നിർദ്ദേശവും കൂടെക്കൂടെ ഓർമ്മിക്കാൻ ശ്രമിക്കാം. ഒരു ഉപദേശമോ

നിർദ്ദേശമോ കിട്ടിക്കഴിഞ്ഞാൽ, ക്ലോക്കിലെ മണിയടി കേൾക്കുന്ന ഓരോ അരമണിക്കൂറിലും അതു് ആവർത്തി ച്ചാവർത്തിച്ചു് ഓർമ്മിക്കുക. താളത്തിനനുസരിച്ചുള്ള ഈ ആവർത്തനം അക്കാര്യത്തെ ഓർമ്മയിൽ ഉറപ്പിച്ചുനിറുത്താ തിരിക്കയില്ല. ഭർത്താവു നല്കിയ നിർദ്ദേശം ആത്മഗത മായിട്ടോ, കുട്ടികളോടായിട്ടോ, കൂട്ടുകാരികളോടായിട്ടോ കൂടെക്കൂടെ ഉരുവിടുന്നതും നല്ലതുതന്നെ. ഡയറിയെഴ തുന്ന സമ്പ്രദായം സ്വീകരിക്കുമെങ്കിൽ, ഓർമ്മശക്തിക്കു് അധികമധികം അഭ്യാസം നല്കാൻ നിങ്ങൾക്കും കഴിയും.

സന്ധ്യാസമയത്തു മുറികളിൽ സാമ്പ്രാണി പുക യ്ക്കണമെന്നും ടബ്ബിൽ വെള്ളം നിറയ്ക്കണമെന്നും ഭർത്താവു നിർദ്ദേശിച്ചിരിക്കാം. എങ്കിൽ, സന്ധ്യയാകുന്നതിനുമുമ്പു പലതവണ ആവക പരിപാടികൾ നിങ്ങൾക്കു ഭാവന യിൽ റിഹേഴ്സൽ നടത്താം. സൂര്യനുദിക്കുന്നതായി നിങ്ങൾ വിഭാവനം ചെയ്യുക. ഉടനേതന്നെ നിങ്ങൾ സാമ്പ്രാണി പുകയ്ക്കുന്നതായിട്ടും, ടബ്ബു് നിറയ്ക്കുന്നതായിട്ടും മനസ്സിൽ അഭിനയിക്കുകയും ചെയ്യുക. ഇത്തരം നാടകീയ കൗശലങ്ങൾകൊണ്ടും, മറവിക്കു പ്രതിവിധി കാണാവു ന്നതേയുള്ളു.

## 18. രമണൻെറ രമണീയത

### പ്രശ്നം

ചങ്ങമ്പുഴയുടെ രമണൻ വായിക്കാൻ ഒട്ടുമിക്ക യുവജനങ്ങൾക്കും ഇഷ്ടമാണ്. പണക്കാട്ടിലെ ഒരു ഘോരമൃഗത്തെ പരിണയിക്കാൻവേണ്ടി ഇഷ്ടകാമുകനെ പരിത്യജിച്ച വഞ്ചകിയാണ് ആ ഗ്രാമീണ നാടകീയ വിലാപകാവ്യത്തിലെ നായിക. നായകനാണെങ്കിലോ, പ്രണയനൈരാശ്യം നേരിട്ടപ്പോൾ രണ്ടുമുഴം കയറിന്മേൽ സ്വന്തം ജീവനെ തൂക്കിക്കൊന്ന ദുർബ്ബലനുമാണ്. യുവതീ യുവാക്കന്മാർക്ക് അവരോടെങ്ങനെ ഇഷ്ടം തോന്നും?

### ഉത്തരം

യൗവനത്തിൻെറ പൂവനത്തിലേക്കു മധുരക്കിനാവുകളുമായി കടന്നുവരുന്ന കന്നിക്കാരെയാണു രമണൻ ഏററവും കൂടുതൽ അഭിരമിപ്പിക്കാറ്. അവരുടെ കണ്ണിൽ, പൂനിലാവും പൂഞ്ചെണ്ടുകളുംകൊണ്ടു നിറഞ്ഞതാണീ ലോകം. പരിശുദ്ധവും ആത്മത്യാഗോന്മുഖവുമാണ് അവരുടെ സങ്കല്പത്തിലെ പ്രേമം. അതു് ആദർശസ്വർഗ്ഗത്തിലെ കല്പവല്ലിയുമത്രേ. അത്തരം ഒരു പ്രേമമാണല്ലോ രമണൻെറ ഇതിവൃത്തം. യുവജനങ്ങൾക്ക് ആ വിഷയം അമ്പലപ്പുഴപ്പാല്പായസമത്രേ. പ്രേമജന്യമായ ഉൽക്കണ്ഠകളും വേദനകളും അനുഭവിക്കുന്ന രമണൻ എല്ലാ കാമുകന്മാരുടെയും പ്രതിനിധിയാണ്; ചന്ദ്രിക എല്ലാ കാമുകിമാരുടെയും. ചന്ദ്രികാരമണന്മാരിൽ, യുവമിഥുനങ്ങൾ അവരവരുടെ പ്രതിബിംബങ്ങളെത്തന്നെ ദർശിക്കുന്നു.

ഈ അവസ്ഥയിലുള്ള ഒരു കാമുകനു് കാമുകിയോടും നേരമെറിച്ചും പറയാനുള്ള കാര്യങ്ങൾ സമസ്തവും രമണ കാവ്യത്തിൽ ആവിഷ്കരിച്ചിട്ടുണ്ടു്. ഏകാന്തതയിലെ ദിവാസ്വപ്നങ്ങളിൽവച്ചു തങ്ങളുടെ ഇണയോടു് ഈ ഈരടികൾ പാടി ഹൃദയനിവേദനം നടത്തുന്നതിലെ സുഖം എത്രയ്ക്കു് അനവദ്യഹൃദ്യമാണെന്നോ! രമണന്റെ നാവിൽനിന്നുതിരുന്ന ശാലീനശീലുകൾ തന്റേതുതന്നെ യെന്നു് ഏതു കാമുകനും ഭ്രമിച്ചുപോകും. ചന്ദ്രികയുടേവ തൻെറ സ്വന്തമെന്നു കാമുകിമാരും. അത്തരമൊരു താദാത്മ്യതയാണു യുവലോകത്തെ വ്യാമുഗ്ദ്ധമാക്കിത്തീർത്തിട്ടുള്ളതു്.

ചന്ദ്രിക പണക്കാട്ടിലെ ഏതോ പിശാചിൻെറ പിറകേ പോയപ്പോൾ, രമണൻ ആത്മഹത്യ ചെയ്യുകയാണല്ലോ ഉണ്ടായതു്. രമണൻ ദുർബ്ബലനായിരിക്കാം; ക്ഷുദ്രാത്മാവുമായിരിക്കാം. പക്ഷേ, കാമുകിയുടെ കണ്ണിൽ ഇതിലും സ്നേഹസമ്പന്നനായ കാമുകനുണ്ടോ? കാമുകിയുടെ സ്നേഹമില്ലെങ്കിൽ ലോകം പ്രാണവായുവില്ലാത്തതായിത്തോന്നുന്ന കാമുകൻ; കാമുകി മറെറാരാളോടൊത്തു ജീവിക്കുന്നതു കാണാതിരിക്കാൻവേണ്ടി സ്വന്തം കണ്ണിലെ വെളിച്ചം കുത്തിച്ചോർത്താൻ തയാറാകുന്ന കാമുകൻ; കാമുകി കൂടെയില്ലാത്ത ജീവിതത്തേക്കാൾ മരണമാണു് അഭികാമ്യമെന്നു വിശ്വസിക്കുന്ന കാമുകൻ; പ്രാണനായികയെയും സ്വന്തം പ്രാണനെയും ഒരു സമചിഹ്നത്തിന്മേൽ തുലാഭാരപ്പെടുത്താൻ രണ്ടാമതൊന്നു് ആലോചിക്കേണ്ടതില്ലാത്ത കാമുകൻ—ഏതു് ആദർശവതിയായ കാമുകിക്കും കൈയെത്തിപ്പിടിക്കാവുന്ന കാമുകസങ്കല്പത്തിൻെറ ഗോപുരശൃംഗമല്ലേ ഇതു്? തനിക്കുവേണ്ടി ജീവത്യാഗംചെയ്യാൻവരെ സന്നദ്ധനായ

കാമുകൻെറ പ്രതിച്ഛായ രമണനിൽ കണ്ടു് എല്ലാ യുവതികളും നിർവ്വതിക്കൊള്ളുന്നു.

അതേസമയം കാമുകന്മാരോ? ഒരിക്കലും അവരുടെ ആദശ്കാമുകിയല്ല ചന്ദ്രിക. എന്നാൽ ആ കാവ്യത്തിൻെറ ആദ്യഭാഗങ്ങളിൽ അവൾ ഒരു മാതൃകാകാമുകിയായിട്ടാണു് അനുവാചകരായ യുവകാമുകന്മാക്കു മുമ്പിൽ പ്രത്യക്ഷപ്പെടുന്നതു്. തന്റെ സങ്കല്പകാമുകിയുടെ പ്രതിച്ഛായ ചന്ദ്രികയിൽക്കണ്ടു് എല്ലാ യുവകാമുകന്മാരും അന്നേരം ആത്മനിർവ്വതിയടയും.

എല്ലാ പുരുഷന്മാക്കും സ്ത്രീവർഗ്ഗത്തോടു് ലൈംഗിക വൈരുദ്ധ്യത്തിൽ അധിഷ്ഠിതമായ ഈഷ്യയുണ്ടെന്ന വസ്തുതയും നാം സ്മരിക്കണം. പാരമ്പര്യേണ പുരുഷവർഗ്ഗത്തിനു സിദ്ധിച്ചിട്ടുള്ളതാണു് ഈ ഈഷ്യ. "ന സ്ത്രീ സ്വാതന്ത്ര്യമഹ്തി" എന്നു വിധിച്ചു്, പുരുഷലോകം മംഗല്യതന്തുവിനെ പാരതന്ത്ര്യച്ചങ്ങലയാക്കിത്തീത്തതു് ഈ ഈഷ്യയാൽ പ്രേരിതരായിട്ടത്രേ. ഭത്താവിൻെറ ചിതയിൽ സമസ്തജീവിതമോഹങ്ങളും ഹോമിക്കപ്പെടണമെന്ന സതീവിധിയും ആ ഈഷ്യയുടെ സന്തതിയല്ലേ? രമണൻെറ പ്രാണനിവ്വിശേഷമായ പ്രണയത്തെ ചവുട്ടിയരച്ചുകൊണ്ടു് ജീവിതത്തിൻെറ മുന്തിരിച്ചാറു് ആസ്വാദിക്കാൻ വെമ്പുന്ന ചന്ദ്രികയെ, ശകാരിക്കുകയും ശപിക്കുകയും ചെയ്യാതിരിക്കാൻ ഒരു പുരുഷനും സാദ്ധ്യമാവുകയില്ല. അങ്ങനെ ചെയ്യുന്നതിലൂടെ, തങ്ങളുടെ ഹൃദയത്തിൽ തളംകെട്ടിക്കിടക്കുന്ന ഈഷ്യക്കു് നിഗ്ഗമനമാഗ്ഗം തുറന്നുകൊടുക്കാൻ അയാൾക്കു കഴിയും. മാത്രമല്ല, രമണൻെറ ആത്മഹത്യ സ്ത്രീവർഗ്ഗത്തിൻെറ വഞ്ചനയോടുള്ള അതിഭീഷ്മമായ വെല്ലുവിളിയായി അയാൾ ചിത്രീകരിക്കുകയും ചെയ്യും. രമണൻെറ മൃതദേഹത്തെ പുരസ്സ

രിച്ചു മദനൻ ഉദീരണംചെയ്യുന്ന ഉപാലംഭങ്ങളിൽ ജലക്രീഡചെയ്ത് ഈർഷ്യാകുലമായ പുരുഷഹൃദയങ്ങളെല്ലാം മദിച്ചു കൂത്താട്ടുകതന്നെ ചെയ്യും! ആ വഴിക്കാണ് യുവകാമുകന്മാർ രമണകാവ്യത്തിൻെറ അന്ത്യഭാഗത്ത് ആസ്വാദ്യത ദർശിക്കുന്നത്.

യുവതികൾക്കും യുവാക്കന്മാർക്കും രമണകാവ്യം രമണീയമായിത്തീരുന്നത് വിപരീതരീതികളിലാണെന്നു ചുരുക്കം.

G. V. SMARAKA ... SALA
Reg. No. ...
THENNOORKONAM
VIZHINJAM

## 19. മദിരാദാസ്യം

### പ്രശ്നം

വല്ലാത്ത ഒരു ദുശ്ശീലത്തിനു് അടിമയായിപ്പോയിരിക്കുന്നു ഞാൻ. മദ്യം പാനംചെയ്യാത്ത ദിവസമില്ല. ചില ദിവസങ്ങളിൽ, ഒന്നിലധികം തവണ മദ്യശാല സന്ദർശിച്ചെന്നുവരും. പലപ്പോഴും, മററുള്ളവരുമായി കശപിശയുണ്ടാക്കാനും അതിക്രമം കാട്ടാനും പ്രേരിതനായിപ്പോകുന്നു. ഈ ദുശ്ശീലത്തിൽനിന്നു് രക്ഷപ്പെടണമെന്നു് എന്നും ആഗ്രഹിക്കും. പക്ഷേ, ആ തീരുമാനങ്ങൾ കാററിൽ പറത്തിക്കൊണ്ടു്, സന്ധ്യകഴിഞ്ഞാൽ ഞാൻ മദ്യശാലയിലേക്കു പായും.

### പോംവഴി

മദ്യം അത്യന്തം നിഷിദ്ധമാണെന്ന അഭിപ്രായം ഒരിക്കലും ശരിയല്ല. തണുപ്പുള്ള രാജ്യങ്ങളിൽ മദ്യം നിത്യജീവിതത്തിലെ അവിഭാജ്യഘടകമാണെന്നു പറയാം. കഠിനാദ്ധ്വാനികൾക്കു് മദ്യം ആശ്വാസമരുളാതിരിക്കയില്ല. പരിഷ്ക്കാരത്തിനു് മദ്യം ഒഴിച്ചുകൂടാനാവുകയുമില്ല. ചെറിയ അളവിൽ മദ്യത്തിനു് ചില ഗുണങ്ങളുണ്ടെന്നും പറയപ്പെടുന്നു. ഇടയ്ക്കിടയ്ക്കു് അല്പസ്വല്പം മദ്യം പാനംചെയ്തെന്നു കരുതി, സദാചാരത്തിന്റെ ആകാശങ്ങൾ ഇടിഞ്ഞുവീഴാനൊന്നും പോകുന്നില്ല. പക്ഷേ, നമ്മുടെ രാജ്യത്തു് മദ്യം ഉണ്ടാക്കുന്നവരും വില്പനനടത്തുന്നവരും ഉപയോഗിക്കുന്നവരും വരെ മദ്യത്തെ നിന്ദിക്കാറുണ്ടു്. നന്ദികേടിന്റെ പാരമ്യം അവിടെയത്രേ.

പതിവായി മദ്യപാനം ചെയ്യുന്നതു് തീച്ചയായും നന്നല്ല. മദ്യപാനം ചെയ്തു് മുടിഞ്ഞിട്ടുള്ളവർ എത്രയാണെന്നോ! മദ്യപാനംകൊണ്ടു് സന്തുഷ്ടകുടുംബത്തെ ശ്മശാനസദൃശമാക്കിയിട്ടുള്ളവർ ശപിക്കപ്പെട്ടവരത്രേ. മദ്യമത്തരായി വഴക്കുകളിലേക്കും അതിക്രമത്തിലേക്കും കൊലപാതകത്തിലേക്കും പാഞ്ഞുകയറുന്നതു് യാതൊരു കാരണവശാലും നീതീകരിക്കാനാവില്ല. നാം മദ്യത്തെ പാനംചെയ്യുകയേ പാടുള്ളു; മദ്യം നമ്മെ പാനംചെയ്യാൻ അനുവദിച്ചുകൂടാ.

മദ്യപാനശീലത്തിൽനിന്നു് കരകയറണമെന്നു് അങ്ങേയററം ആഗ്രഹിക്കുന്നതായി നിങ്ങൾ അവകാശപ്പെടുന്നു. ശരിയാണോ, അതു്? മററുള്ളവരെ കബളിപ്പിക്കാനല്ലേ നിങ്ങൾ ഇങ്ങനെ പറയുന്നതു്? ആത്മാത്ഥമായി ആശിക്കുന്നുണ്ടെങ്കിൽ, നിങ്ങൾക്കു രക്ഷപ്പെടാൻ കഴിയും. ദൃഢമായ തീരുമാനം കൈക്കൊള്ളുകയാണു് ആദ്യം വേണ്ടതു്. മദ്യം കൈകൊണ്ടു തൊടുകയില്ലെന്നു ശപഥം ചെയ്യേണ്ട. മദ്യപാനം എന്നെന്നേക്കുമായി നിറുത്തിയെന്നും പ്രതിജ്ഞചെയ്യേണ്ടതില്ല. മദ്യദാസനായിരിക്കുകയില്ലെന്നു തീരുമാനിച്ചാൽ മതി.

നിങ്ങൾ തനിച്ചാണോ മദ്യശാലയിലേക്കു പോകുന്നതു്? അതോ, കൂട്ടുചേൎന്നിട്ടോ? കൂട്ടുകാരുമൊത്താണു് മദ്യപാനം ചെയ്യാറുള്ളതെങ്കിൽ, ആദ്യം വേണ്ടതു് ആ കൂട്ടുകെട്ടുകൾ അറുത്തു മുറിച്ചു കളയുകയാണു്. മദ്യശാലയിൽവെച്ചുണ്ടായതും ദിനംതോറും പുതുക്കിക്കൊണ്ടുപോരുന്നതുമായ സ്നേഹബന്ധങ്ങളും നിങ്ങൾ ഉപേക്ഷിക്കണം. അവരോടെല്ലാം നിങ്ങളുടെ ഉള്ളിൽ മനഃപൂൎവ്വമായ അമർഷം വളൎത്തിയെടുക്കണം. യാദൃച്ഛികമായി എവിടെ

യെങ്കിലുംവച്ചു കണ്ടുമുട്ടിയാൽ അവരോടു ചിരിക്കുകപോലും അരുതു്. തൽസ്ഥാനത്തു് മറ്റനേകം പരിചയങ്ങളും സ്നേഹബന്ധങ്ങളും പുഷ്ടിപ്പെട്ടുവരട്ടെ; മദ്യഗന്ധമില്ലാത്ത പുതുബന്ധങ്ങൾ!

മദ്യപാനത്തിന്റെ മായികവലയത്തിൽനിന്നു മുക്തി നേടണമെന്നാശിക്കുന്ന നിങ്ങൾ വീണ്ടും സമയമാകുമ്പോൾ അങ്ങോട്ടുതന്നെ മടങ്ങിപ്പോകുന്നു; ഇല്ലേ? മദ്യശാലയിലേക്കു പോകുന്നതിനു മുൻപും പോകുന്ന വഴിക്കും നിങ്ങൾ ചില മുടന്തൻന്യായങ്ങൾ കണ്ടുപിടിക്കുന്നുണ്ടായിരിക്കും. മദ്യം ചെന്നില്ലെങ്കിൽ ഉറക്കം വരില്ലെന്നോ, വൈകി ചായ കുടിച്ചതുകൊണ്ടു സംഭവിക്കാവുന്ന നിദ്രാഭംഗത്തിനു പരിഹാരമാണെന്നോ, അദ്ധ്വാനംകൊണ്ടു് അല്ലെങ്കിൽ യാത്രകൊണ്ടുണ്ടായ ദേഹക്ഷീണം ദൂരീകരിക്കാനാണെന്നോ, സുഖവിരേചനത്തിനു നല്ലതാണെന്നോ, വയററിലെ ദഹനദൂഷ്യം മാററാനാണെന്നോ, സൂര്യാസ്തമയത്തിനുശേഷം അത്താഴംവരെയുള്ള സമയം പോക്കാനാണെന്നോ, വിദ്യുച്ഛക്തിയുടെ വീഴ്ചമൂലമുണ്ടാകാവുന്ന മുഷിപ്പു മാറ്റാനാണെന്നോ, മൈഥുനത്തിൻെറ രസം വർദ്ധിപ്പിക്കാനാണെന്നോ മറേറാ ഉള്ള ന്യായീകരണം തേടിയാണു് നിങ്ങൾ മദ്യപാനത്തിനൊരുങ്ങുന്നതു്. ഈവക വാദമുഖങ്ങളെല്ലാം തികച്ചും അടിസ്ഥാനരഹിതമാണെന്നു് നിങ്ങൾ ഉറപ്പായി വിശ്വസിക്കണം. മനസ്സാക്ഷിയുടെ കണ്ണിൽ പൊടിയിടാനുള്ള പൊടിക്കൈകളാണു് അവയെല്ലാം. മദ്യം കഴിക്കണമെന്നു തോന്നുമ്പോൾ, അങ്ങനെ തോന്നുന്നതിനാൽ മദ്യം കഴിക്കുന്നതു മനസ്സിലാക്കാം. പക്ഷേ, അതിനു മററു നീതീകരണങ്ങൾ ഗവേഷണംചെയ്തു് ഉന്നയിക്കുന്നതു് തികഞ്ഞ കപടനാട്യമത്രേ.

ഒരു ദിവസം രാവിലെ കണ്ണുംതിരുമ്മിയുണരുമ്പോൾത്തന്നെ, ആ ദിവസം നിങ്ങൾ മദ്യം കഴിക്കുകയില്ലെന്നു് മനസ്സിൽ വ്യക്തമായി ഉരുവിടുക. പല്ലുതേക്കുമ്പോഴും, കക്കൂസിലിരിക്കുമ്പോഴും, കുളിക്കുമ്പോഴും, പ്രാതൽ കഴിക്കുമ്പോഴും ... അങ്ങനെ ദിനചര്യയുടെ ഓരോ ഇനം നിറവേറ്റുമ്പോഴും, ആ മന്ത്രംതന്നെ ആവത്തിച്ചുരുവിടുക. മദ്യശാലയിലേക്കു പോകാതിരിക്കാനുള്ള തൻേറടം നിങ്ങൾക്കു കിട്ടാതിരിക്കുകയില്ല.

കുറെ അകലെയുള്ള ഒരു സ്ഥലത്തേക്കു യാത്രപോകുക; മദ്യശാലയിൽ പോകാറുള്ള സമയത്തു 'മടങ്ങിയെത്താതിരിക്കുക; സുഹൃൽസല്ലാപങ്ങളിൽ മുഴുകി കഴിഞ്ഞുകൂട്ടുക; സിനിമാക്കോ സമ്മേളനത്തിനോ പോകുക; ശീട്ടുകളിയിൽ മുഴുകുക...ഇങ്ങനെയുള്ള അന്യകാര്യപരതന്ത്രതയിലൂടെ നിങ്ങൾക്കു മദ്യപാനത്തിൽനിന്നു വിട്ടുനില്ക്കാൻ കഴിയുമോ എന്നു പരീക്ഷിച്ചുനോക്കു.

മദ്യപാനം ചെയ്യാത്ത ദിവസം ഒരു അനുഗൃഹീത ദിനമായി നിങ്ങൾ കണക്കാക്കണം. അതു തൻെറ ഒരു നേട്ടമായി അഭിമാനംകൊള്ളുന്നതു കൊള്ളാം. ശരീരത്തിനും മനസ്സിനും ആത്മാവിനും ലഭിച്ച സുഖം നിങ്ങൾ അംഗീകരിക്കണം. തുടന്നു് ഒന്നുരണ്ടു ദിവസംകൂടിയെങ്കിലും മദ്യം കഴിക്കാതിരിക്കാൻ കഴിയുമോ എന്നു പരീക്ഷിക്കുക. കഴിയും; കഴിയാതിരിക്കയില്ല. മനുഷ്യനു് എന്താണു കഴിയാത്തതു്? രണ്ടുമൂന്നു ദിവസത്തേക്കു് മദ്യം ഒഴിവാക്കാൻ കഴിയാത്തയാളാണോ മററു വൻ കാര്യങ്ങൾ നേടാൻപോകുന്നതു്? കെട്ടഴിച്ചു കണ്ടമാനം വിതറിക്കളഞ്ഞ ആത്മവിശ്വാസം വീണ്ടെടുത്തു് ഏകാഗ്രമാക്കുവാൻ നിങ്ങൾക്കു നിഷ്പ്രയാസം കഴിയുമല്ലോ.

ആത്മവിശ്വാസമുണ്ടെങ്കിൽ, രണ്ടുമൂന്നു ദിവസത്തേക്കല്ല, ഒന്നുരണ്ട് ആഴ്ചകളിലേക്കോ, മാസങ്ങളിലേക്കുതന്നെയോ മദ്യം നിശ്ശേഷം പരിത്യജിക്കാൻ നിങ്ങൾക്കു കഴിയും. സിനിമാക്കാരു ചെയ്യുമ്പോലെ, ഒന്നാംദിവസം, രണ്ടാം ദിവസം എന്നും മററും ഊററംകൊള്ളുന്നതും അഭികാമ്യമത്രേ.

ആ അവസ്ഥയിലേക്കു നിങ്ങൾ പടിപ്പടി നീങ്ങിയാൽ മതി. ആദ്യം ഒരു ദിവസത്തേക്കു മദ്യം മുടക്കുക; പിന്നെ രണ്ടു ദിവസം കഴിഞ്ഞു് മൂന്നു ദിവസത്തേക്കു്; പിന്നെ മൂന്നു ദിവസം കഴിഞ്ഞു് രണ്ടാഴ്ചത്തേക്കു്... ഈ പരിപാടിയായിരിക്കും ചിലർക്കു ഗുണംചെയ്യുക. മറ്റു ചിലർക്കു്, കടിച്ചുപിടിച്ചിട്ടായാലും, ഒരാഴ്ച തള്ളിക്കിട്ടിയാൽ പിന്നെ മദ്യം വേണ്ടാതാകും. ശീലമാകുന്നതാണു കുഴപ്പം. ശീലത്തിൻെറ ചുഴികൾ പാതാളത്തിലേക്കു് ആവാഹിച്ചു് ആഴ്ത്തിക്കളയും.

മനസ്സിനെ മററു കാര്യങ്ങളിൽ രസകരമായി വ്യാപരിപ്പിക്കുന്നതു് നല്ലൊരു പോംവഴിയായിരിക്കും. ദീർഘനേരം ഇരുന്നു കളിക്കാവുന്ന കളികളും, വലിയ നോവലുകളും, ചലച്ചിത്ര—നാടകപ്രദർശനങ്ങളും, ചർച്ചായോഗങ്ങളുംകൊണ്ടു് മനസ്സിനെ പിടിച്ചുനിർത്താവുന്നതേയുള്ളു. അതേസമയം, മദ്യപാനശീലംകൊണ്ടുണ്ടാകുന്ന സമയദുർവ്യയം, ധനദുർവ്യയം, ശക്തിദുർവ്യയം മുതലായവ എത്രത്തോളം അപരിഹാര്യമാണെന്നുംകൂടി ഓർക്കണം. ആ വഴിക്കു ചെലവഴിക്കുന്ന പണമുണ്ടെങ്കിൽ, സ്വാദിഷ്ഠമായ വിഭവങ്ങൾകൊണ്ടു് നിങ്ങളുടെ ആഹാരത്തെ എത്രത്തോളം ആസ്വാദ്യതരമാക്കാൻ കഴിയും? ആ സമയം

വിനിയോഗിച്ചു് നിങ്ങൾക്കു് എത്രയേറെ കർത്തവ്യങ്ങൾ നിറവേററാൻ കഴിയും? അഭിവൃദ്ധിയുടെയും ജീവിത സുഖത്തിൻെറയും മാർഗ്ഗം നിങ്ങളെ മാടിവിളിക്കുകയാണു്. മദ്യത്തിന്റെ ലഹരിയിൽ മുഴുകിക്കഴിഞ്ഞാൽ, ആ മാർഗ്ഗം നിങ്ങൾക്കെതിരെ എന്നെന്നേക്കുമായി കൊട്ടിയടയ്ക്കപ്പെട്ടു.

★

3419

# ...ലോസരങ്ങളേ അകലെ

...ളവങ്കോടം ബാലകൃഷ്ണൻ

നിത്യജീവിതത്തിൽ നമ്മെ അലോസരപ്പെടുത്തുന്ന മനശ്ശാസ്ത്രപ്രശ്നങ്ങളെ അപഗ്രഥിക്കുകയും അവയ്ക്കു പരിഹാരം നിർദ്ദേശിക്കുകയും ചെയ്യുന്ന ഏതാനും പ്രബന്ധങ്ങളാണ് ഈ ഗ്രന്ഥത്തിന്റെ ഉള്ളടക്കം. പൊതുസ്വഭാവമുള്ള കുറെ പ്രശ്നങ്ങളെയാണ് ഗ്രന്ഥകാരൻ തെരഞ്ഞെടുത്തിട്ടുള്ളത്. മനശ്ശാസ്ത്രത്തിലെ ദുർഗ്രഹങ്ങളായ സാങ്കേതികപദങ്ങളെ തീറഞ്ചും ഒഴിവാക്കിക്കൊണ്ട്, തികച്ചും സരളവും സരസവുമായ ശൈലിയിൽ ഓരോ പ്രശ്നത്തെയും ഗ്രന്ഥകാരൻ കൈകാര്യം ചെയ്തിരിക്കുന്നു. വൈശദ്യവും സാഹിത്യസൗരഭ്യവും കലർന്ന പ്രതിപാദനരീതി. മനുഷ്യമനസ്സിന്റെ ദുരൂഹങ്ങളായ ഗതിവിഗതികളെ സൂക്ഷ്മനിരീക്ഷണംചെയ്തിട്ടുള്ള ഒരു ഭാവനാസമ്പന്നനെ ഇതിലെ ഓരോ വരികൾ പിന്നിലും കാണാം. ഒരു മനശ്ശാസ്ത്രവിദ്യാർത്ഥിയും ഒരു സാഹിത്യകാരനും സമഞ്ജസമായി സമ്മേളിച്ചാൽ എങ്ങനെയിരിക്കുമെന്നു ശ്രീ കളവങ്കോടം ബാലകൃഷ്ണന്റെ ഈ അനുദിനമനശ്ശാസ്ത്രഗ്രന്ഥം വെളിപ്പെടുത്തിത്തരുന്നു.

വില 2·50

നാഷനൽ ബുക്ക്സ്റ്റാൾ

3419

# അലോസരങ്ങളേ, അകലെ!